ജനകീയാസൂത്രണം

വികസന രേഖ

# സീതത്തോട് ഗ്രാമപഞ്ചായത്ത്



30-7

# സീതത്തോട് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസന രേഖ

## വികസന സെമിനാർ

**1996 ഡിസംബർ 31 (ചൊവ്വ)**

**സീതത്തോട് ഹൈസ്കൂൾ**

# ഒൻപതാം പദ്ധതി ജനകീയപദ്ധതി

## വികസനരേഖയുടെ ശില്പികൾ

### എഡിറ്റോറിയൽ ബോർഡ്


പി.എൻ. രവീന്ദ്രൻ (ചീഫ് എഡിറ്റർ)
എ.ആർ.രഘു
അന്നമ്മ ജോൺ
മാത്യു എം. അലക്സ്
പ്രൊഫ. പി.കെ. പാപ്പച്ചൻ
തങ്കച്ചൻ തഴയ്ക്കൽ
ഈ.പി. സോമൻ


### സബ്കമ്മിറ്റി അംഗങ്ങൾ


കെ.വി. ഉമ്മർകുട്ടി
എം. പരമേശ്വരകുറുപ്പ്
മാത്യു കല്ലേത്ത്
അന്നമ്മ ബേബിക്കുട്ടി
പി.ആർ. പുരുഷോത്തമൻ
തങ്കമ്മ ജോർജ്
കമലമ്മ ദാസ്
സി.ജെ. ശമുവേൽ
വി.റ്റി. ഗ്രേസിക്കുട്ടി
കെ.ജി. ഏബ്രാഹം
പി.വി. ശിവാനന്ദൻ
ഈ.എസ്. ശ്രീധരൻ
ശാലിനി ബാലൻ
റ്റി.വി. വാസു
എം.എസ്. തങ്കപ്പൻ
ലളിതമ്മ എൻ.ആർ.
സി.കെ. പുരുഷോത്തമൻ
കെ. ശിവരാമൻനായർ

സി.കെ. മാധവൻ
(സെക്രട്ടറി ഗ്രാമപഞ്ചായത്ത്)


*മാർഗ്ഗനിരദ്ദേശം നൽകിയ കീറിസോഴ്സം പേഴ്സൺസ്*


ഡോ. എൻ.കെ. ശശിധരൻപിള്ള, പി.കെ. സോമൻപിള്ള


*റിപ്പോർട്ട് തയ്യാറാക്കിയവർ*


രഘു എ.ആർ., മാത്യു എം. അലക്സാണ്ടർ


---


ഡി.റ്റി.പി. ടൈപ്പ് സെറ്റിംഗ് : എച്ച്.ഐ. സി.റ്റി., പത്തനംതിട്ട
ലേ-ഔട്ട് : പ്രസക്തി, പത്തനംതിട്ട
പ്രിൻറിംഗ് : ലേണേഴ്സ് ഓഫ്സെറ്റ്, കോട്ടയം

# സീതത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



പി.എൻ. രവീന്ദ്രൻ
പ്രസിഡൻറ്



കെ.വി. ഉമ്മർകുട്ടി
വൈസ്. പ്രസിഡൻറ്



എം.പരമേശ്വരകുറുപ്പ്
സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർമാൻ



കല്ലേത്ത് മാത്യു
മെമ്പർ



പി.ആർ. പുരുഷോത്തമൻ
മെമ്പർ



അന്നമ്മ ജോൺ
മെമ്പർ



അന്നമ്മ ബേബിക്കുട്ടി
മെമ്പർ



തങ്കമ്മ ജോർജ്
മെമ്പർ



കമലമ്മ ദാസ്
മെമ്പർ

## താളുകൾ മറിക്കുമ്പോൾ


1 ആമുഖം

2 പഞ്ചായത്ത്: പൊതുവിവരണം

3 സാമൂഹിക സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതിയും വിഭവങ്ങളും

5 വികസന മേഖലകളുടെ അവലോകനം

5.1 പ്രാഥമിക മേഖലകൾ

a. കൃഷിയും ജലസേചനവും

b. മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.2 ദ്വിതീയ മേഖല

c. വ്യവസായം

d. ഗതാഗതം

e. ഊർജ്ജം

f. മാർക്കറ്റ്

g. പാർപ്പിടം

5.3 ത്രിതീയ മേഖല

h. വിദ്യാഭ്യാസം

i. കുടിവെള്ളം

j. പൊതുജനാരോഗ്യം

k. സാമൂഹ്യക്ഷേമം

l. പട്ടികജാതി-പട്ടികവർഗം

m. സഹകരണമേഖല

n. വനിതാരംഗം

o. സംസ്കാരം

p. വിഭവസമാഹരണം

q. ടൂറിസം

6 ജനകീയാസൂത്രണപരിപാടി

7 പഠനപര്യടനം

8 ഉപസംഹാരം

# 1 ആമുഖം

ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിചേർത്തുകൊണ്ട് വമ്പിച്ച സാമൂഹ്യമുന്നേറ്റത്തിന്മൻ കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയായിത്തീരാവുന്ന ജനകീയാസൂത്രണപരിപാടി അതിന്റെ നൂതനത്വംകൊണ്ട് തന്റെ സവിശേഷശ്രദ്ധ നേടിക്കഴിഞ്ഞു. ഒൻപതാം പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുവരുന്ന വികസനപരിപാടികൾ താഴേ തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുകയും അതിനോടൊപ്പം മനുഷ്യവിഭവമടക്കമുള്ള വിഭവസമാഹരണം നടത്തി പ്രാദേശികതലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയും ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. കേരളവും, ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗിവകവും തൃപ്തികരവുമായ പരിഹാരം കാണാൻ പുത്തൻ ആസൂത്രണത്തിനു കഴിയും.

90 കളിലെ സാക്ഷരതാപ്രവർത്തനം കേരളക്കരയാകെ തൊട്ടുണർത്തിയതുപോലെ ജനകീയാസൂത്രണപ്രസ്ഥാനവും നമ്മുടെ ഗ്രാമങ്ങളിൽ പുത്തനുണർവ് സൃഷ്ടിക്കുമെന്ന് പ്രത്യാശിക്കാം.

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോരപഞ്ചായത്തായ 'സീതത്തോട്' റാന്നി താലൂക്കിലും, ചിറ്റാർ - സീതത്തോട് വില്ലേജിലും സ്ഥിതിചെയ്യുന്നു. ഇടുക്കി ലോകസഭാ മണ്ഡലത്തിലും, റാന്നി അസംബ്ലിമണ്ഡലത്തിലും ഈ പ്രദേശം ഉൾപ്പെടുന്നു. ഒൻപത് വാർഡുകളുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ 1991 -ലെ സെൻസസ് പ്രകാരം 18222 ആണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണസമിതിയാണ് ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. പ്രസിഡൻറ്: ശ്രീ. പി.എൻ. രവീന്ദ്രൻ, വൈസ് പ്രസിഡൻറ്: ശ്രീ. ഉമ്മർകുട്ടി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ: ശ്രീമതി ശാലിനി ബാലൻ, ജില്ലാ പഞ്ചായത്ത് മെമ്പർ: ശ്രീമതി ശാന്തമ്മ ചെല്ലമ്മ എന്നിവരാണ്.

# 2 പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | സീതത്തോട് ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 9 |
| വിസ്തൃതി | : | 651.94 സ്ക്വ. കിലോമീറ്റർ |
| വീടുകളുടെ എണ്ണം | : | 4126 |
| ഉൾപ്പെടുന്ന വില്ലേജ് | : | ചിറ്റാർ - സീതത്തോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | റാന്നി |
| ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| താലൂക്ക് | : | റാന്നി |
| അസംബ്ലി മണ്ഡലം | : | റാന്നി |
| ലോക്സഭാ മണ്ഡലം | : | ഇടുക്കി |
| അതിരുകൾ | : | കിഴക്കും വടക്കും റിസർവ് വനം, പടിഞ്ഞാറും തെക്കും ചിറ്റാർ പഞ്ചായത്ത് |

**ജനസംഖ്യ**

| | | |
|---|---|---|
| സ്ത്രീകൾ | : | 8954 |
| പുരുഷന്മാർ | : | 9268 |
| ആകെ | : | 18222 |
| ജനസാന്ദ്രത | : | 28 സ്ക്വ. കി. മീ. |

**സാക്ഷരർ**

| | | |
|---|---|---|
| സ്ത്രീകൾ | : | 6952 |
| പുരുഷന്മാർ | : | 7848 |
| ആകെ | : | 14800 |

**പട്ടികജാതി**

| | | |
|---|---|---|
| സ്ത്രീകൾ | : | 777 |
| പുരുഷന്മാർ | : | 813 |
| ആകെ | : | 1590 |

**പട്ടികവർഗം**

| | | |
|---|---|---|
| സ്ത്രീകൾ | : | 197 |
| പുരുഷന്മാർ | : | 190 |
| ആകെ | : | 387 |

**തൊഴിലുള്ളവർ**

| | | |
|---|---|---|
| സ്ത്രീകൾ | : | 710 |
| പുരുഷന്മാർ | : | 4833 |
| ആകെ | : | 5543 |

**തൊഴിലില്ലാത്തവർ**

| | | |
|---|---|---|
| സ്ത്രീകൾ | : | 8027 |
| പുരുഷന്മാർ | : | 4224 |
| ആകെ | : | 12251 |

**ഭാഗികമായി തൊഴിലുള്ളവർ**

| | | |
|---|---|---|
| സ്ത്രീകൾ | : | 217 |
| പുരുഷന്മാർ | : | 152 |
| കൃഷിഭൂമി | : | 5757.12 ഏക്കർ |

## റോഡ്

| | | |
|---|---|---|
| ടാറിട്ടത് (ഗവി ഉൾപ്പെടെ) | : | 89.800 കിലോമീറ്റർ |
| ടാറിടാത്തത് | : | 107.400 കിലോമീറ്റർ (ഏകദേശം) |

## സ്ഥാപനങ്ങൾ

| | | |
|---|---|---|
| സബ് പോസ്റ്റോഫീസ് | : | 1 |
| ബ്രാഞ്ച് പോസ്റ്റോഫീസ് | : | 6 |
| ടെലിഫോൺ എക്സ്ചേഞ്ച് | : | 1 |
| മൃഗാശുപത്രി | : | 1 |
| സബ് സെൻറർ (ആങ്ങമൂഴി) | : | 1 |
| കൃഷിഭവൻ | : | 1 |
| ഗ്രാമവികസന ഓഫീസ് | : | 2 |
| ടെലിഫോൺ ബൂത്ത് | : | 8 |

## ആശുപത്രികൾ

സർക്കാർ മേഖല

| | | |
|---|---|---|
| അലോപ്പതി (പി.എച്ച്.സി.) | : | 2 |
| ഹോമിയോ | : | 2 |

സ്വകാര്യമേഖല

| | | |
|---|---|---|
| അലോപ്പതി | : | 5 |
| ആയുർവേദം | : | 1 |
| ഹോമിയോ | : | 2 |
| കുടുംബക്ഷേമ ഉപകേന്ദ്രം | : | 5 |
| റേഷൻകട | : | 12 |

## വിദ്യാഭ്യാസ സ്ഥാപനം

| | | |
|---|---|---|
| അംഗൻവാടി | : | 1 |
| പ്രീ പ്രൈമറി | : | 2 |
| എൽ. പി. സ്കൂൾ | : | 2 |
| യു. പി. സ്കൂൾ | : | 6 |
| ഹൈസ്കൂൾ | : | 2 |
| പാരലൽ കോളേജ് | : | 2 |
| വായനശാല | : | 1 |
| ടൈപ്പ്റൈറ്റിംഗ് - ഇൻസ്റ്റിറ്റ്യൂട്ട് | : | 2 |
| തയ്യൽ പരിശീലനം | : | 3 |
| കൈത്തൊഴിൽ | : | 2 |

## ധനകാര്യ സ്ഥാപനങ്ങൾ

| | | |
|---|---|---|
| വാണിജ്യബാങ്കുകൾ | : | 1 |
| സഹകരണബാങ്കുകൾ | : | 1 |
| സഹകരണ സംഘങ്ങൾ | : | 4 |
| കേരകർഷക - സഹകരണസംഘം | : | 1 |

"വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കുമെന്നുള്ളത്. അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ലാദം തോന്നുന്നു. ഡിപ്പാർട്ടുമെൻറലിസം തീരണമെങ്കിൽ രാജ്യവാസികളുടേയും വകുപ്പുകളുടേയും ഇടയിൽ പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം. ഇപ്പോഴും ജന നന്മയ്ക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ, ഓഛാനിച്ചു നിന്നു അധികാരികളോടു യാചന ചെയ്യുന്ന രീതി തീറെ മാറണം. താൻ കൂടിയാണ് 'സർക്കാർ' എന്ന് ഒരോ പൗരനും വിശ്വാസം വരണം."

*ഗുരു നിത്യചൈതന്യ യതി*

# 3 സാമൂഹ്യ സാംസ്ക്കാരികചരിത്രം

മൂന്നുവശവും കാടുകളും, മലകളും കൊണ്ട് ചുറ്റപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിന് ദേശീയസ്വാതന്ത്ര്യ സമരചരിത്രകഥകളോ, ഫ്യൂഡൽ ജനവിരുദ്ധ വ്യവസ്ഥിതിയോ ചരിത്രസത്യങ്ങളായി പറയുവാനില്ല. എന്നാൽ പുരാണസംഭവങ്ങളുമായി ബന്ധമുള്ള ഏറെ സ്ഥലങ്ങൾ ഇവിടെയുള്ളത് പൗരാണിക കാലഘട്ടങ്ങളുടെ ഓർമ്മകുറിപ്പുകളായി അവശേഷിക്കുന്നു. സംവേദന മാധ്യമങ്ങളിലൂടെ ലഭിച്ച വിവരങ്ങൾ വരും തലമുറകൾക്ക് നാടിന്റെ വിവിധകാലഘട്ടങ്ങളെകുറിച്ച് അവബോധം വളർത്തുന്നതിനു സഹായിക്കുകയും ചെയ്യും. പുരാണഗ്രന്ഥമായ രാമായണത്തിലെ സംഭവങ്ങൾക്കാണ് ഈ നാടിനു കൂടുതലായി ഐതിഹ്യ പശ്ചാത്തലമുള്ളത്.

രാവണയുദ്ധത്തിനുശേഷം സീതയുടെ പാതിവ്രത്യത്തിൽ സംശയം തോന്നിയ ശ്രീരാമൻ കാട്ടിൽ ഉപേക്ഷിക്കുന്നു. സീത എത്തിച്ചേർന്നത് വാത്മീകിയുടെ ആശ്രമത്തിലാണ്. ആശ്രമം സ്ഥിതിചെയ്തിരുന്നു എന്ന് വിശ്വസിക്കുന്ന സ്ഥലം 'വാത്മീഹിക്കുന്ന്' ഇവിടുത്തെ പ്രധാന സ്ഥലങ്ങളിൽ ഒന്നാണ്. നിരാലംബയായ സീത തന്നെ രക്ഷിയ്ക്കാൻ ഭൂമിദേവിയോടു അപേക്ഷിക്കുമ്പോൾ ഭൂമി പിളർന്നു താണുപോകുന്നു. സീതതാണുപോയി എന്നു വിശ്വസിക്കുന്ന സ്ഥലം 'സീതക്കുഴി' യായി മാറി. ഐതിഹമാണെങ്കിൽ പോലും വലിയ മൂന്നു പാറകൾ പിളർന്നിരിക്കുന്ന സ്ഥലം ഇന്നും ഇവിടെ കാണുവാൻ കഴിയുന്നു. പാറയുടെ താഴ്ഭാഗം (സീതതാണുപോയി എന്നു വിശ്വസിക്കുന്നു) അഗാധഗർത്തമായിരുന്നു. ഇന്ന് അവിടം ചെളിയും മണ്ണും കൊണ്ട് നിറഞ്ഞിരിക്കുന്നു.



സീതതാണുപോയ ഭാഗത്തിന് സമീപത്തുകൂടി ഒഴുകുന്ന തോട് സീതത്തോട് ആയി മാറുകയും പഞ്ചായത്തിൻെറ പേര് തന്നെ സീതത്തോട് എന്നായി മാറുകയും ചെയ്തു. ഈ തോട് പഞ്ചായത്തിൻെറ പ്രധാനഭാഗത്തുകൂടി ഒഴുകി കക്കാട്ടാറിൽ ചെരുകയും ചെയ്യുന്നു. വാത്മീകികുന്നിൻെറ താഴ്ഭാഗമാണ് സീതക്കുഴി. സീതയുടെ മക്കളായ ലവകുശന്മാരെ വിദ്യഅഭ്യസിച്ചിരുന്ന സ്ഥലം 'ഗുരുനാഥൻമണ്ണ്', രണ്ടാം വാർഡിലെ പ്രധാനസ്ഥലമാണ്. സീതയുടെയും രാമൻെറയും കാൽപാദം പല സ്ഥലത്തും ഉള്ളതായി പറയപ്പെടുന്നു.

ഭൂമി പിളർന്നു താഴേക്കു പോയ സീതയുടെ മുടിയിൽ കയറിപിടിച്ച ശ്രീരാമന് മുടിയുടെ ഭാഗം ലഭിക്കുകയും, അത് വലിച്ചെറിഞ്ഞ ഭാഗം 'സീതമുടി'യായി മാറുകയും ചെയ്തു. വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കുന്നിൻഭാഗമാണ്. ഇതേപോലെ തന്നെ ദേവഗണങ്ങളുള്ളവ ഐതീഹ്യവുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ് കോട്ടപ്പാറ, അമ്മാലുകോട്ടപ്പാറ, മണികണ്ഠൻ കാലാ, മ്ലാംപാറതടം, ആനപ്പാറ, വേലിതോടിനും, ചോരകക്കിയ്ക്കുമിടയിലുള്ള യക്ഷിപ്പാറ മുതലായവ.



സ്ഥലനാമങ്ങൾ മലകുടിയന്മാരുടേയും, അടിയന്മാരുടെയും മുൻതലമുറക്കാറിൽ കൂടിയാണ് പഴയ തലമുറ അറിഞ്ഞു തുടങ്ങിയത്.

പന്തളം രാജകുടുംബത്തിൻെറ ഭരണകാലവുമായി ബന്ധപ്പെട്ടതാണ് അടുത്തകാലഘട്ടം. പന്തളം ഭരിച്ചിരുന്ന കോയിക്കൽ തമ്പുരാക്കന്മാർ ഭരണസൗകര്യത്തിനായി രാജ്യത്തെ രണ്ടായി വിഭജിച്ചിരുന്നു. പന്തളവും സമീപപ്രദേശങ്ങളും ഉൾപ്പെടുന്ന ഭാഗം വലിയ കോയിക്കൽ എന്നും രാജ്യത്തിൻെറ കിഴക്കൻപ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗം കൊച്ചുകോയിയ്ക്കൽ എന്നും അറിയപ്പെട്ടിരുന്നു. ഇതിൽ 'കൊച്ചുകോയിക്കൽ' ഈ പഞ്ചായത്തിലെ പ്രധാനസ്ഥലമാണ് പഞ്ചായത്തിൻെറ പലഭാഗങ്ങളിലും കാണപ്പെടുന്ന കുളങ്ങളും ക്ഷേത്രാവശിഷ്ട്ങ്ങളും, ആൽത്തറകളും നൂറ്റാണ്ടുകൾക്ക് മുമ്പ് ജനവാസമുണ്ടായിരുന്നതിൻെറ തെളിവുകളായി അവശേഷിക്കുന്നു. നാട്ടിലുണ്ടായ എന്തെങ്കിലും പ്രശ്നത്താൽ ജനങ്ങൾ ഇവിടം വിട്ടു പോയതായിരിക്കാം. പന്തളം രാജാവിൻെറ വളർത്തുപുത്രൻ ശ്രീ. അയ്യപ്പൻ വിലയം പ്രാപിച്ചതും കൊച്ചുകോയിക്കലിൻെറ പ്രാന്തപ്രദേശമായ ശബരിമലയാണ്. ശബരിമലയുമായി ബന്ധപ്പെട്ടുകിടക്കുന്ന പൊന്നമ്പലമേട് ഈ പഞ്ചായത്തിലാണ്. ഇവിടം ഋഷീശ്വരന്മാർ വസിച്ചിരുന്ന സ്ഥലമായി പഴമക്കാർ പറയുന്നു.

AD 52 ൽ തോമശ്ലീഹാ ഈ പഞ്ചായത്തിലുള്ള നിലയ്ക്കൽ പ്രവേശിക്കുകയും നിലയ്ക്കൽ കുരിശുസ്ഥാപിക്കുകയും ചെയ്തിരുന്നു എന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. നിലയ്ക്കൽ പ്രദേശം കേരളത്തിലെ കൊടുങ്ങല്ലൂരും, മറ്റ് പ്രദേശങ്ങളുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നു എന്നു വിശ്വസിക്കുന്നു. ഇവിടെ ജനവാസം ഉണ്ടായിരുന്നതായി രേഖപ്പെടുത്തുന്നു. അതിനു വ്യക്തമായ തെളിവുകളാണ് വനത്തിനുള്ളിൽ തേവർമലയിലുള്ള ഒരേക്കറോളം വിസ്തൃതിയുള്ള കൽപ്പാടുകളോടു കൂടിയ ക്ഷേത്രകുളവും ക്ഷേത്രാവശിഷ്ടങ്ങളും ശവക്കല്ലറകളും. ഇടതൂർന്ന വനത്തിനുള്ളിലായതുകൊണ്ട് ഇവിടെ എത്തിച്ചേരാൻ പ്രയാസമാണ്. സംസ്ക്കാരസമ്പന്നരായ ഒരു ജനവിഭാഗത്തിൻെറ ഓർമ്മകുറിപ്പുകളായി ഇന്നും അവശേഷിക്കുന്നു.

വനപാലകരുടെ അക്രമങ്ങളെ എതിർത്തും, വന്യമൃഗങ്ങളിൽ നിന്നും കൃഷിയെ രക്ഷിച്ചും മണ്ണിനെ വിളഭൂമിയായി മാറ്റിയ കർഷകരുടെ ചരിത്രമാണ് ഈ നാടിൻെറ ആധുനിക കാലഘട്ടം. 1941 കൾക്ക് മുമ്പ് പൂർണ്ണമായും വനഭൂമിയായിരുന്ന ഇവിടെ വനമൃഗങ്ങളുടെ വിഹാരപ്രദേശമായിരുന്നു. ഭക്ഷ്യക്ഷാമത്തെ തുടർന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി. പി. രാമസ്വാമി അയ്യർ കുത്തകപാട്ടവ്യവസ്ഥയിൽ

(കൊല്ലവർഷം 1117) ഈറ്റകാടായിരുന്ന വനഭൂമികൃഷിയ്ക്കു വിട്ടുകൊടുത്തു. കൃഷിയ്ക്ക് വേണ്ടി റാന്നി, ഓമല്ലൂർ, പത്തനംതിട്ട, തിരുവല്ല, ഇലവുംതിട്ട തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എത്തിച്ചേർന്ന ഇവരെ പരസ്പര സഹായസംഘങ്ങൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കോൺട്രാക്ടർ ഇരുപത്തിയഞ്ചേക്കർ വീതമുള്ള ഓരോ ബ്ലോക്കുകളായി തിരിച്ച് വനഭൂമി പാട്ടത്തിനു നൽകി. ഇവിടെ ആദ്യമായി കൃഷി ആരംഭിക്കുന്നത് കൊച്ചുകോയിക്കലിൽ (8-ാം ബ്ലോക്ക്) ആണ്. ആദ്യം എത്തിയ കർഷകർ ഉയർന്നമരങ്ങളിൽ വന്യമൃഗങ്ങളെ ഭയന്ന് ഏറുമാടം കെട്ടിയാണ് താമസിച്ചത്. അന്നത്തെ കോൺട്രാക്ടർന്മാരിൽ പ്രധാനികളായിരുന്ന കോട്ടപ്പള്ളികുട്ടി, സേത്മുഹമ്മദ് രാവുത്തർ തുടങ്ങിയവർ.

നാലുവർഷത്തെ പാട്ടത്തിനുകൊടുത്ത ഭൂമി കർഷകർ കൈയ്യൊഴിയാതെ വന്നപ്പോൾ വനപാലകരുടെ ഭീഷണിയും, ഉപദ്രവവും ഏൽക്കേണ്ടി വന്നു. കുത്തകപാട്ടവ്യവസ്ഥയിൽ ലഭിച്ച ഭൂമിയ്ക്ക് ഏക്കറിന് 3.50 രൂപയായിരുന്നു. അന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് കൂട്ടുപോയിരുന്നത് കാടുകളിൽ വസിച്ചിരുന്ന മലകുടിയാന്മാരും, അടിയാന്മാരും ആയിരുന്നു. 1947 ൽ (കൊല്ലവർഷം 1123) ഗുരുനാഥൻ മണ്ണിൽ 2 ഏക്കർ വീതം വ്യക്തികൾക്ക് ഗവ. അനുവദിച്ചുകൊടുത്തു. അതേവർഷം തന്നെയാണ് സീതത്തോട് ഭാഗങ്ങളും വെട്ടിത്തെളിച്ചു തുടങ്ങിയത്. അടിയാന്മാരിലൂടെയും കുടിയാന്മാരിലൂടെയും ആണ് 'സീതത്തോട്' എന്ന പേര് അറിയപ്പെടുന്നത്. പത്മനാഭൻ അടിയാനും, ചിപ്പൻകുടിയാനും ഇവരിൽ പ്രധാനിയായിരുന്നു.

എക്സ്സർവ്വീസുകാർക്ക് അഞ്ചുങ്കൽ മുതൽ ആങ്ങമൂഴി വരെയുള്ള ഭൂമി കൃഷിയ്ക്കായി വിട്ടുകൊടുത്തു. 1124 (കൊല്ലവർഷം) 4 വർഷത്തേക്ക് സർക്കാർ ഭൂമി ഒഴിപ്പിച്ചു. നിലനിന്നിരുന്ന ഭക്ഷ്യക്ഷാമം മൂലം ഭൂമിവിട്ടുകൊടുക്കാൻ കർഷകർ തയ്യാറായില്ല. പോലീസിൻെറ സഹായത്തോടെ ഭൂമി ഒഴിപ്പിയ്ക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ഗവ. അഡ്വൈസർ ആയിരുന്ന പി. എസ്. റാവുവിൻെറ നിർദ്ദേശമനുസരിച്ച് ഭൂമി കൈവശക്കാർക്ക് വിട്ടുകൊടുത്ത് ഇപ്പോഴത്തെ 86 മുതൽ ഗുരുനാഥൻ മണ്ണ് വരെയുള്ള ഭാഗം കൃഷിയ്ക്ക് അനുവദിച്ചു. ഇതോടു കൂടി നാനാഭാഗങ്ങളിൽ ജനങ്ങൾ ഇവിടേയ്ക്ക് കുടിയേറാൻ തുടങ്ങി. പശ്ചിമഘട്ടത്തിലെ കുന്നിൻ ചരിവുകളിൽ നെൽകൃഷി ആരംഭിച്ചു. മാറിമാറി വന്ന ഗവ. കർഷകരെ കുടിയിറക്കാൻ ശ്രമിച്ചു. പോലീസിൻെറ വെടിവയ്പിൽ ഒരു സ്ത്രീ തൊഴിലാളി മരിയ്ക്കാൻ ഇടയാകുകയും ചെയ്തു. കർഷകസമരങ്ങളിലൂടെയാണ് ഇവിടെ ഭൂമികർഷകനു വിട്ടുകിട്ടിയത്.

1970 ൽ കെ. ആർ. ഗൗരിയമ്മയുടെ നേതൃത്വത്തിൽ കർഷകസമരം സംഘടിപ്പിക്കപ്പെട്ടു. പണ്ട് പലസ്ഥലങ്ങളും കൃഷിചെയ്യാൻ ബ്ലോക്കുകളായി നൽകിയിരുന്നതുകൊണ്ട് ഏക്കറിൻെറയും ബ്ലോക്കിൻെറയും അടിസ്ഥാനത്തിൽ ചിലനമ്പരുകളിൽ ആണ്. പല സ്ഥലങ്ങളും അറിയപ്പെടുന്നത്. (3-ാം ബ്ലോക്ക്, 22-ാം ബ്ലോക്ക്, 86-ാം ബ്ലോക്ക്, 75-ാം ബ്ലോക്ക്, 8-ാംബ്ലോക്ക് മുതലായവ) എല്ലാ ജാതിമതസ്ഥരും കുടിയേറിയവരിൽ ഉൾപ്പെടുന്നു അതുകൊണ്ട് ജാതിവ്യവസ്ഥയുടേയും ജന്മിത്വത്തിൻെറയും അന്തഃവിശ്വാസത്തിൻെറയും അനാചാരത്തിൻെറയും ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടില്ല. ജീവിത നിവർത്തിക്കായി കുടിയേറിയ ജനങ്ങൾക്കിടയിൽ മാനസിക ഐക്യം നിലനിർത്താൻ സാധിച്ചു. ചികിത്സാസൗകര്യങ്ങൾ ലഭ്യമാകാതിരുന്ന കാലത്ത് കാട്ടുസസ്യങ്ങൾ ഔഷധങ്ങളായി ഉപയോഗിച്ചിരുന്നു. കിലോമീറ്ററുകളോളം കാട്ടിലെ ഒറ്റയടിപ്പാതയിലൂടെ സഞ്ചരിച്ചുവേണമായിരുന്നു നാട്ടിൻപുറങ്ങളിൽ എത്തിച്ചേരാൻ. സന്നദ്ധപ്രവർത്തനങ്ങൾ ഏറെയും നടന്നിട്ടുള്ളത് റോഡ് നിർമ്മാണത്തിൽ ആണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ചിറ്റാർ-സീതത്തോട് റോഡാണ്.

ഇവിടെ ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്നത് 1995 ൽ കൊച്ചുകോയിക്കൽ തലച്ചിറ നാരായണൻവക്കീൽ നിർമ്മിച്ച SNDP സ്ക്കൂളാണ്. ഇവിടുത്തെ ആദ്യഹൈസ്ക്കൂൾ 1962 ൽ വലിയതുരുത്തിയിൽ രാമപണിയ്ക്കർ നിർമ്മിച്ചു. ആദ്യകാലവാഹനം കാളവണ്ടിയായിരുന്നു. യാത്രാസൗകര്യം വളരെകുറവായിരുന്ന ഇവിടെ 1980 ലാണ് ബസ് സർവ്വീസ് ആരംഭിക്കുന്നത്. അതോടുകൂടി ജീവിതരീതികളിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈ നാടിൻെറ വികസനത്തിനുവഴിതെളിച്ച പ്രധാനപ്പെട്ട മറ്റൊന്ന് കക്കാട് ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണമാണ്.

കർഷകസമരങ്ങളിലൂടെ നേടിയെടുത്ത ഭൂമിയിൽ ഇന്ന് റബർ കൃഷിയാണ് പ്രധാനമായും ഉള്ളത്. ഇത് ഇവിടുത്തെ ജനങ്ങളുടെ സാമ്പത്തികവും സാംസ്ക്കാരികവുമായ പുരോഗതിക്ക് കാരണമായിട്ടുണ്ട്.

## പഞ്ചായത്ത് ഭരണസമിതി

കുടിയേറ്റ കാലഘട്ടത്തിൽ ഈ പ്രദേശം വടശ്ശേരിക്കര പഞ്ചായത്തിൻെറ ഏഴാം വാർഡായിരുന്നു. 20-11-1968 ൽ സീതത്തോട് പഞ്ചായത്ത് നിലവിൽ വന്നു. ആദ്യപ്രസിഡൻറായി ശ്രീ. റ്റി. കെ. രാഘവൻ ആയിരുന്നു. ഒരു വർഷത്തിനുശേഷം പരേതനായ ശ്രീ. എം. ആർ. ഗോപാലപിള്ള പ്രസിഡൻറായി കമ്മറ്റി അംഗങ്ങൾ കെ. എ. ജോർജ്, എൻ. എ. രാമകൃഷ്ണൻ, കെ. ഐ. പാച്ചൻ, കെ. കെ. റഹീമബീവി, റ്റി. കെ. രാഘവൻ, വി. എസ്. നാണു എന്നിവരാണ്. എട്ട് വാർഡുകളായിരുന്നു പഞ്ചായത്തിലുണ്ടായിരുന്നത്. പതിനൊന്നുവർഷങ്ങളോളം ഈ പഞ്ചായത്തിൻെറ പ്രസിഡൻറായി പരേതന് എം. ആർ. ഗോപാലപിള്ളയായിരുന്നു. 1979 ൽ പരേതനായ ശ്രീ. വി. ആർ. രാമചന്ദ്രൻ നായരും, വൈസ്പ്രസിഡൻറ് ശ്രീ. മാത്യു കല്ലേത്തും ആയിരുന്നു. കമ്മിറ്റിഅംഗങ്ങൾ പി. കെ. രാജു കുട്ടി, റ്റി. എൻ. ചന്ദ്രശേഖരപിള്ള, സി. എൻ. കുട്ടപ്പൻ നായർ, പി. കെ. ഗോപാലകൃഷ്ണൻ, എം. പരമേശ്വരകുറുപ്പ് എന്നിവരാണ്.

1988 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൂഴിയാർ വാർഡ് വിഭജിച്ച് പച്ചക്കാനം, ഗവി, 9-ാം വാർഡായി. പഞ്ചായത്ത് പ്രസിഡൻറായി ശ്രീ. പി. ആർ. വിദ്യാധരൻ, വൈസ്പ്രസിഡൻറ് ശ്രീ. ദിവാകരൻ കാളക്കെട്ടിലും തെരഞ്ഞെടുത്തു. കമ്മറ്റി അംഗങ്ങൾ രാജമ്മ, സോമൻ, രാജൻ, വർഗീസ്, ശാന്തമ്മ, പരമേശ്വര കുറുപ്പ്, ബാബു എന്നിവരാണ്. 1993 ൽ ശ്രീ. പി. ആർ. വിദ്യാധരൻ രാജി വയ്ക്കുകയും പകരം ശ്രീ. പരമേശ്വരകുറുപ്പ് പ്രസിഡൻറാകുകയും ചെയ്തു.

1995 ഒക്ടോബർ 2-ാം തീയതി നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു പ്രസിഡൻ്റായി ശ്രീ. പി. എൻ. രവീന്ദ്രൻ, വൈസ്പ്രസിഡൻറായി ശ്രീ. ബാബുവാൻ ഉമ്മറുകുട്ടിയേയും തെരഞ്ഞെടുത്തു. കൂടുതൽ ഭരണസമിതിയിയും ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ളതാണ്.

സന്നദ്ധസംഘടനകളുടെയും, ജനങ്ങളുടേയും ഗ്രാമപഞ്ചായത്തിൻെറയും കൂട്ടായപ്രവർത്തനത്തിലൂടെ ഒരു പുതിയ വികാസപരിപാടിയ്ക്ക് രൂപംകൊടുത്ത് നാടിൻെറ സമഗ്രവികസനം ലക്ഷ്യപ്രാപ്തിയിലെത്തട്ടെ.



# 4 ഭൂപ്രകൃതിയും വിഭവങ്ങളും

പത്തനംതിട്ടയുടെ ഏറ്റവും കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് സീതത്തോട്. ഇതിൻെറ കിഴക്കും വടക്കും റിസേർവ്ഫോറസ്റ്റ് തെക്കും പടിഞ്ഞാറും ചിറ്റാർ, പെരുനാട് തുടങ്ങിയ പഞ്ചായത്തുകളും വനഭാഗത്തോട് ചേർന്ന് ഇടുക്കി ജില്ലയിലെ വണ്ടിപെരിയാറും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും നിബിഡ വനങ്ങളാണ്. ജില്ലാ ആസ്ഥാനത്തുനിന്നു് 35 കി.മീ. ദൂരം മാറിയാണ് സീതത്തോടിൻെറ സ്ഥാനം. മലയോരപ്രദേശമായിരുന്ന ഇവിടം ഇന്നു പട്ടണമായി മാറികൊണ്ടിരിക്കുന്നു. ഇവിടുത്തെ ഏകനദി കക്കാട്ടാറ് ഏകാദേശം 22 കി.മീ. റോളം ഒഴുകി പെരുനാട്ടിൽ വച്ച് പമ്പാനദിയിൽ സംഗമിക്കുന്നു. നാടിൻെറ ഹൃദയത്തിൽകൂടിയാണ് നദി ഒഴുകുന്നത്.

ബാക്കി മൂന്നുശതമാനം റോഡുകളും, നദികളും ആണ്. സമുദ്രനിരപ്പിൽ നിന്നും ഏറ്റവും ഉയരം കൂടിയഭാഗത്തിന് 1850 അടിയോളം ഉയരം വരും. കുന്നം ഭാഗമാണ് ഉയരം കൂടി/പ്രദേശം.

കുന്നിൻചരിവുകൾ ഇല്ലാത്ത ഒരു പ്രദേശംപോലും ഈ പഞ്ചായത്തിലില്ല.

ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണാണ് ഈ പഞ്ചായത്തിൻെറ കൂടുതൽ പ്രദേശങ്ങളിലും. പ്രധാനകൃഷി റബ്ബർ ആണ് കൂടാതെ തെങ്ങ്, വാഴ, ഇഞ്ചി, കവുങ്ങ് മരച്ചീനി മുതലായവ കൃഷി ചെയ്യുന്നു. ഈ പ്രദേശം ഉന്നതതടമെന്ന കാർഷിക മേഖലയിലാണ് ഉൾപ്പെടുന്നത്.

പ്രധാനഭൂവിഭാഗങ്ങൾ

| നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1. | ചരിവുപ്രദേശം | 70 |
| 2. | കുന്നിൻനിരപ്പുകൾ | 17 |
| 3. | താഴ്‌വരകൾ | 8 |
| 4. | മറ്റുള്ളവ | 2 |

മൺതരങ്ങൾ

| നമ്പർ | മൺതരം | ശതമാനം |
|---|---|---|
| 1. | ചുവന്നപശിമരാശി മണ്ണ് | 77 |
| 2. | വനമണ്ണ് | 16 |
| 3. | മണൽകലർന്ന എക്കൽ മണ്ണ് | 4 |
| 4. | മറ്റുള്ളവ | 3 |

## കാലാവസ്ഥ

മിതകാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത് . ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ചൂടിൻെറ അളവ് വർദ്ധിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലും ഒക്ടോബർ, നവംബർ മാസങ്ങളിലും മഴ കൂടുതലായി പെയ്യുന്നു. കക്കാട്ടാറിനെ അടിസ്ഥാനമാക്കിയുള്ള നീർമറി പ്രദേശമാണ് ഇവിടം. അതുകൊണ്ട് ഉയർന്ന പ്രദേശങ്ങളിൽ വെള്ളം തങ്ങിനിൽക്കാതെ കക്കാട്ടാറിൽ ഒഴുകിയെത്തുന്നു. തന്മൂലം ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്നു.

വെള്ളപ്പൊക്കഭീഷണി കൂടുതലായി നേരിടാത്ത പ്രദേശമാണ് ഇവിടം. കക്കിഡാമിൽ നിന്നും ശബരിഗിരി വൈദ്യുതി പദ്ധതിയുടെ ആവശ്യത്തിലേക്ക് ഒഴുകിയെത്തുന്ന ജലം വൈദ്യുതി ഉത്പാദനത്തിനുശേഷം കക്കാട്ടാറിലെത്തുന്നു. ഇതിനാൽ നദിയിൽ വേനൽക്കാലത്തും വെള്ളത്തിൻെറ അളവിൽ കുറവു സംഭവിക്കുന്നില്ല. വേനൽ കാലത്ത് കക്കാട്ടാറിനെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്.

## മനുഷ്യവിഭവം

ഈ പഞ്ചായത്തിലെ ജനസംഖ്യ 1991 സെൻസസ് അനുസരിച്ച് 18222 ആണ്. ജനസംഖ്യ നിരക്ക് സംസ്ഥാനത്തിൻെറയും ജില്ലയുടെയും നിരക്കിനേക്കാൾ വളരെ കുറവാണ്. ജനങ്ങൾ 81.22 ശതമാനം സാക്ഷരരാണ്. ആകെ ജനസംഖ്യയുടെ 67.23 ശതമാനം പേർ തൊഴിലില്ലാത്തവരാണ്. ഇതിൽ നിന്നും തൊഴിലില്ലാത്ത എത്രയോളം ഉണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും.

വൈവദ്ധ്യമുള്ള ആൾക്കാരുടെ എണ്ണം വളരെ കുറവാണ്. ജനങ്ങൾ ഏറ്റവുംകൂടുതൽ കാർഷികമേഖലയെ ആശ്രയിക്കുന്നു. നാട്ടിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയാൽ മനുഷ്യവിഭവശേഷി ഉത്പാദമാർഗ്ഗത്തിലേക്ക് തിരിച്ചുവിടാനും അതുവഴി നാടിൻെറ സമഗ്ര വികാസം സാധ്യമാക്കാം......

### പഞ്ചായത്തിലെ കഴിഞ്ഞ നാലുവർഷത്തിൽ പെയ്ത മഴയുടെ അളവ്

| വർഷം | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEV |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | | 1.84 | 4.67 | 6.04 | 10.20 | 26.85 | 27.28 | 14.30 | 6.84 | 18.53 | 8.88 | 2.30 |
| 1994 | 1.18 | 4.99 | 1.58 | 10.81 | 8.28 | 24.16 | 23.62 | 18.62 | 11.07 | 20.82 | 8.58 | 2.21 |
| 1995 | 3.48 | 4.54 | 9.9 | 11.96 | 28.52 | 20.58 | 23.86 | 20.36 | 14.87 | 15.88 | 5.89 | |
| 1996 | 3.38 | 1.04 | 2.87 | 12.06 | 5.83 | 17.05 | 26.15 | 16.46 | 21.13 | 14.63 | 7.61 | 2.03 |



# 5 വികസന മേഖലകളുടെ അവലോകനം

5.1 പ്രാഥമിക മേഖലകൾ

a. കൃഷിയും ജലസേചനവും

b. മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.2 ദ്വിതീയ മേഖല

c. വ്യവസായം

d. ഗതാഗതം

e. ഊർജ്ജം

f. മാർക്കറ്റ്

g. പാർപ്പിടം

5.3 ത്രിതീയ മേഖല

h. വിദ്യാഭ്യാസം

i. കുടിവെള്ളം

j. പൊതുജനാരോഗ്യം

k. സാമൂഹ്യക്ഷേമം

l. പട്ടികജാതി-പട്ടികവർഗം

m. സഹകരണമേഖല

n. വനിതാരംഗം

o. സംസ്കാരം

p. വിഭവസമാഹരണം

q. ടൂറിസം

# 5 - 1.A കൃഷിയും ജലസേചനവും

കേരളത്തിലെ പഞ്ചായത്തുകളിൽ വിസ്തൃതിയിൽ മുൻപിലുള്ള ഒരു പഞ്ചായത്താണ് സീതത്തോട്. 651.94 sq. k.m. വിസ്തീർണ്ണമുള്ളതിൽ 602.7 sq. k.m. ഉം വനഭൂമിയാണ്. ഇതിൽ 4924.18 ഏക്കർ ഭൂമിയാണ് ജനവാസയോഗ്യമായിട്ടുള്ളത്. 1940 കൾക്കുമുൻപ് ഇവിടം തികച്ചും ഇടതൂർന്ന വനങ്ങളായിരുന്നു. വന്യജീവികളുടെ വിഹാരഭൂമിയായിരുന്ന ഇവിടെ ജനവാസമില്ലായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് 1940 കളിൽ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ നിർദ്ദേശാനുസരണം കൃഷിചെയ്യാൻ വനഭൂമി കുത്തകപാട്ടവ്യവസ്ഥയിൽ നൽകുവാൻ തീരുമാനിച്ചു. അങ്ങനെയാണ് സീതത്തോട് മേഖലയിലേക്ക് ജനങ്ങൾ കുടിയേറാൻ തുടങ്ങിയത്. ഇവിടെ കൃഷിക്ക്വേണ്ടി ഭൂമി കൈയേറിയത് ആദ്യമായി കൊച്ചുകോയിക്കലിലെ 8-ാം ബ്ലോക്കിലാണ്. നെല്ലാണ് ആദ്യമായി കൃഷിചെയ്ത ഉൽപന്നം. ഭൂമിശാസ്ത്രപരമായി നെൽകൃഷിയ്ക്കു പറ്റിയ മണ്ണല്ലായിരുന്നിട്ടും വർദ്ധിച്ച തോതിൽ നെല്ലുത്പാദനം നടത്താൻ കഴിഞ്ഞത് ജൈവാംശം കൂടുതലുള്ളമണ്ണായിരുന്നതിനാലാണ്.

1952-53 കാലഘട്ടത്തിലാണ് ഈ വനമേഖല നമുക്ക് കൃഷിക്കായി വിട്ടുകിട്ടുന്നത്. ഒട്ടേറെ കർഷകപ്രക്ഷോപങ്ങളും സമരങ്ങളും ഇതിനായി വേണ്ടി വന്നിട്ടുണ്ട്. അന്നു സജീവമായി പ്രവർത്തിച്ച കർഷകസംഘം ഈ പ്രക്ഷോഭസമരങ്ങൾക്കു നേതൃത്വം നൽകി. കുറവാണെങ്കിലും ഉള്ളവർ സംഘടിതരായി നടത്തിയ പോരാട്ടങ്ങൾ വിജയിക്കുകയും അവസാനം ഭൂമി കൃഷിക്കായി വിട്ടുകിട്ടുകയും ചെയ്തു.

കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചതോടുകൂടി വനഭൂമി കൃഷിയ്ക്കുവേണ്ടി കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് ഇവിടെ കൃഷി ചെയ്തിരുന്നത്. പഞ്ചായത്തിലെ മുഴുവൻ സ്ഥലവും പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ ചരിവുപ്രദേശമാണ് ഇവിടെയുള്ളത്. ജലസേചനം ആവശ്യമായ നെൽകൃഷി ഉപേക്ഷിച്ച് ജനങ്ങൾ മറ്റു കൃഷിയിലേക്ക് തിരിഞ്ഞു. നെൽകൃഷിയ്ക്ക്ശേഷം കൂടുതലായും മരച്ചീനി കൃഷി ചെയ്യാൻ തുടങ്ങി.

1960 കാലഘട്ടമായപ്പോഴേക്കും കുരുമുളക്, തെങ്ങ്, വാഴ, ചേന, ചേമ്പ്, മരച്ചീനി തുടങ്ങിയ വിളകളിൽ കർഷകർ ശ്രദ്ധിക്കാൻ തുടങ്ങി. എന്നാൽ വിളപരിക്രമത്തിൽ വന്നമാറ്റവും പിന്നീട് ഭൂപ്രകൃതിയിലും, ജൈവവളച്ചോർച്ചയിലും ഉണ്ടായ മാറ്റവും നിലവിലുണ്ടായിരുന്ന വിളകൾക്കും മാറ്റം ഭവിക്കാൻ കാരണമായി. കക്കാട്ടാറിന്റെ തീരപ്രദേശം കുറെഭാഗം കരിമ്പുകൃഷി ചെയ്തിരുന്നു. ഗതാഗതസൗകര്യങ്ങൾ വർദ്ധിയ്ക്കുകയും, ഭക്ഷ്യക്ഷാമം മാറുകയും ഉത്പാദിക്കുന്ന വിളകൾക്ക് വിപണി കിട്ടി തുടങ്ങുകയും ചെയ്തതോടുകൂടി സാമ്പത്തികലാഭം ലക്ഷ്യമാക്കിയുള്ള നാണ്യവിളകളിലേക്ക് കർഷകരുടെ ശ്രദ്ധ തിരിഞ്ഞു. 1958 ലാണ് കൈവശഭൂമിയ്ക്ക് ആദ്യമായി പട്ടയം കിട്ടുന്നത്. ചരിവുപ്രദേശമായതുകൊണ്ട് ജലസേചനം ആവശ്യമുള്ള കൃഷിയും ഒഴിവാക്കി സാമ്പത്തിക ഭദ്രതയുള്ള ദീർഘവിളകളിലേക്ക് കർഷകരുടെ ശ്രദ്ധ തിരിയാൻ കാരണമായി. സാങ്കേതിക സൗകര്യങ്ങൾ ചൂഷണം ചെയ്യുന്നതിൽ കർഷകർക്കുള്ള അജ്ഞതയും അപര്യാപ്തതയുമാണ് കാർഷികവിളകളുടെ ഉത്പാദനക്ഷമത കുറയാൻ കാരണം. നെൽകൃഷി ആരംഭിച്ച കർഷകർ ഇന്നു കൂടുതലായും റബ്ബർകൃഷിയിലേക്ക് തിരിഞ്ഞിരിക്കുകയാണ്. സമുദ്രനിരപ്പിൽ നിന്നും?

അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന രണ്ടും, മൂന്നും വാർഡിലെ ഗുരുനാഥൻ മണ്ണ്, കുന്നം എന്നീ പ്രദേശങ്ങൾ റബ്ബർകൃഷിക്ക് പറ്റിയ ഭൂപ്രകൃതിയല്ലാത്തതിനാൽ ഇവിടെ കുരുമുളക്, ഇഞ്ചി, കോലിഞ്ചി തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നു. ഈ പഞ്ചായത്തിൽ നല്ലൊരു പങ്കും കൃഷി ഭൂമി ഇപ്പോഴും കൈവശഭൂമിയാണ്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കൈവശഭൂമിയ്ക്ക് വായ്പാസൗകര്യം ലഭിക്കാത്തത് മൂലം കർഷകർക്ക് ഇഷ്ടാനുസരണം ഉള്ള കൃഷിചെയ്യാൻ സാധിക്കാതെ വന്നിരിക്കുകയാണ്. മറ്റ് വിളകൾ കൃഷി ചെയ്യുന്ന ഭാഗങ്ങളിലേക്കും ഇതുമൂലം റബ്ബർ കൃഷി വ്യാപകമായികൊണ്ടിരിക്കുന്നു. മറ്റൊരു കാരണം കാട്ടുമൃഗങ്ങളുടെ ശല്യം ആണ്. എട്ടും, ഒൻപതും വാർഡുകൾ KSFDC യുടേയും KSEB യുടേയും അധീനതയിലുള്ള പ്രദേശമായതുകൊണ്ട് കാർഷികവിളകൾ കൃഷിചെയ്യുന്നില്ല. ഒൻപതാം വാർഡിൽ KFDCയുടെ ഏലം കൃഷിയുണ്ട്.

കാർഷിക മേഖലയുടെ 80 ശതമാനത്തിൽ കൂടുതലും ഇന്ന് റബ്ബർ കൃഷിയിലേക്ക് മാറികഴിഞ്ഞിരിക്കുകയാണ്. ജനങ്ങളുടെ ജീവിതനിലവാരത്തിൽ പോലും ഇതിനനുസരണമായ മാറ്റം ദൃശ്യമായികൊണ്ടിരിക്കുന്നു.

ആദ്യകാലത്ത് കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞുവന്നതോടെ അവർ മറ്റ് തൊഴിൽ മേഖലയിലേക്ക് തിരിയാൻ കാരണമായി. ആധുനികവിദ്യാഭ്യാസം സാർവത്രികമാകുകയും, പുതിയ തലമുറ പാശ്ചാത്യസംസ്ക്കാരം മാതൃകയാക്കുകയും ചെയ്തതോടുകൂടി ഇവർ കാർഷികമേഖലയിൽ നിന്നും വഴിമാറികൊണ്ടിരിക്കുന്നു. ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവും കാർഷികമേഖലയെ തളർത്തുന്ന പ്രധാനകാരണങ്ങളിൽ ഒന്നാണ്. അതുകൊണ്ട് ഉപഭോക്തൃ സംസ്ഥാനമായി മാറികൊണ്ടിരിക്കുന്ന നമ്മുടെ നാടിനെ രക്ഷിക്കണമെങ്കിൽ ഇവിടുത്തെ കർഷകരെയും പുതുതലമുറയേയും പുതിയ കാർഷികസംസ്കാരം വളർത്തിയെടുക്കാൻ ബോധവാൻമാരാക്കേണ്ടിയിരിക്കുന്നു.......

സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന നൂതനകൃഷി സമ്പ്രദായങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനുള്ള സംവി

പട്ടിക 1

### ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

| ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | |
|---|---|---|---|---|
| കൃഷിഭൂമി | | പുറമ്പോക്ക് (റോഡ്, തോട്, പുഴ, കെട്ടിടം മുതലായവ) | കൃഷിയ്ക്ക് യോഗ്യമല്ലാത്തതരിശ് | ആകെ വിസ്തീർണ്ണം |
| പുരയിടം | നിലം | | | |
| 4495.18 | ഇല്ല | 414 | 15 | 4924.18 |

പട്ടിക 2

### ഭൂമിയെസംബന്ധിച്ചവിവരങ്ങൾ

| ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിന് മേൽ |
| 584 | 712 | 637 | 1428 | 1315 | 1095 | 6 |

ധാനം ഉണ്ടായെങ്കിൽ മാത്രമേ സർക്കാരിൻെറ ഉദ്ദേശ്യശുദ്ധി സമ്പൂർണ്ണമാകുകയുള്ളൂ.

### ഭൂവിനിയോഗം

കേരളത്തിൻെറ തെക്ക്കിഴക്കായി സ്ഥിതിചെയ്യുന്ന മലയോരപ്രദേശമാണ് സീതത്തോട്. പഞ്ചായത്തിൻെറ ഏകദേശം മദ്ധ്യ ഭാഗത്തുകൂടി കക്കാട് പുഴ ഒഴുകുന്നു. അതുകൊണ്ട് പഞ്ചായത്ത് പ്രദേശം ആകമാനം കക്കാട് പുഴയെ അടിസ്ഥാനമാക്കിയുള്ള നീർമറിപ്രദേശമാണ്. ഇവിടം വൻമലകളും, കുന്നുകളും, കുത്തനെയുള്ളചരിവുകളും താഴ്‌വരകളും ആയി കാണപ്പെടുന്നു. ആകെഭൂമിയുടെ ശതമാനം കുത്തനെയുള്ള ചരിവുകളാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ചുവന്നപശിമരാശി മണ്ണാണ്. വനപ്രദേശങ്ങളോട് അടുത്തമേഖലയിൽ ജൈവാംശം കൂടുതലുള്ള കറുത്ത മണ്ണും കാണപ്പെടുന്നു. പുഴയോടും ചേർന്ന പ്രദേശങ്ങളിൽ മണൽ കലർന്ന മണ്ണും ദൃശ്യമാണ്. പഞ്ചാ

പട്ടിക 3

മണ്ണിൻെറ ഗുണനിലവാരം താഴെപറയും വിധമാണ്

| മണ്ണ് ഇനം | പി.എച്ച്. മണ്ണിൻെറ അമ്ല/ക്ഷാരസ്വഭാവത്തിൻെറ അളവ് | Org. Carbon % നൈട്രജൻെറ ഒരുമാനദണ്ഡം | P kg./Ha. ഫോസ്ഫറസ് | K. Kg/Ha പൊട്ടാസ്യം |
|---|---|---|---|---|
| ലാറ്ററേറ്റ് | 5.7-6.5 | 0.80 | 11.5 | 165 |

പട്ടിക 4

വിളവിസ്തീർണ്ണവും, ഉത്പാദനവും

| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ഏക്കറിൽ) | ഉത്പാദനക്ഷമത (ഏക്കറിൽ) | മൊത്തം ഉത്പാദനക്ഷമത |
|---|---|---|---|---|
| 1. | നെല്ല് | ഇല്ല | | |
| 2. | റബ്ബർ | 3281.58 | 412 കിലോ | 1352.015 ടൺ |
| 3. | തെങ്ങ് | 319.05 | 1895 (എണ്ണം) | 604505 എണ്ണം |
| 4. | കുരുമുളക് | 684.47 | 141.70 (കിലോ) | 96.98 ടൺ |
| 5. | വാഴ | 97.26 | 3190 (കിലോ) | 310.26 ടൺ |
| 6. | കപ്പ | 31.62 | 7450 (കിലോ) | 235.57 ടൺ |
| 7. | പ്ലാവ് | 15.50 | | |
| 8. | പറങ്കിമാവ് | 10.72 | 303 കിലോ | 100.48 ടൺ |
| 9. | മാവ് | 11.00 | | |
| 10. | കമുക് | 14.00 | 72400 (എണ്ണം) | 12213600 എണ്ണം |
| 11. | ഇഞ്ചി | 17.00 | 1375 (കിലോ) | 23.37 ടൺ |
| 12. | പച്ചക്കറി | 10.00 | | |
| 13. | മറ്റുള്ളവ | 75.00 | | |

യത്ത് മുഴുവൻ കരഭൂമിയാണ്. അങ്ങിങ്ങായി പാറമടകളും, പാറകെട്ടുകളും, നീർച്ചാലുകളും ദൃശ്യമാണ്.

### നെൽകൃഷി

ആദ്യകാലവിളയായിരുന്ന നെൽകൃഷി പൂർണ്ണമായും ഇവിടെനിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. ചരിവു പ്രദേശമായിരുന്നതിനാൽ മണ്ണൊലിപ്പും, നിർമ്മാണപ്രവർത്തനങ്ങളും മൂലം മണ്ണിൻെറ ജൈവാംശം നഷ്ടപ്പെടുകയും നെൽകൃഷിയ്ക്ക് അനുയോജ്യമല്ലാതായിതീരുകയും ചെയ്തു. ഇതുമൂലം ഭൂരിഭാഗം മേഖലയും റബ്ബർകൃഷി ആയതോടുകൂടി ഇടവിളയുടെ പ്രാധാന്യം ഇല്ലാതായികൊണ്ടിരിക്കുന്നു.

### തെങ്ങ്

ആകെയുള്ള ഭൂമിയുടെ ശതമാനം തെങ്ങ് കൃഷിചെയ്യുന്നു. കൂടുതൽ പ്രദേശങ്ങളിലും നാടൻ ഇനങ്ങൾ കാണപ്പെടുന്നു. അത്യുത്പാദനശേഷിയുള്ള TxD, DxT ഇനങ്ങൾ കൃഷിഭവനിൽ ഇപ്പോൾ ലഭ്യമാകുന്നുണ്ട്.

തെങ്ങിന് പൊതുവേ രാസവളവും, ജലസേചനവും ചെയ്യുന്നില്ല. ഇതുകാരണം ഉത്പാദനക്ഷമത വളരെകുറവാണ്. തെങ്ങിനെ മാരകമായി ബാധിക്കുന്ന മണ്ടചീയൽ, കൊമ്പൻചില്ലിയുടെ ആക്രമണം എന്നിവമൂലം തെങ്ങ് നശിക്കുന്നതിനാൽ കൃഷിക്കാർക്ക് പൊതുവേ ഇതിനോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു. നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രൂപീകൃതമായ കേരവികസനസമിതിയുടെ പ്രവർത്തനം കർഷകരിലേക്ക് എത്തുന്നില്ല.

### കുരുമുളക്

പഞ്ചായത്തിൻെറ കാർഷികമേഖലയിൽ റബ്ബർകൃഷി കഴിഞ്ഞാൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന നാണ്യവിളയാണ് കുരുമുളക്. കരിമുണ്ട ഇനത്തിൽപ്പെട്ടതാണ് കൂടുതലായി കാണപ്പെടുന്നത്. റബ്ബറിനെ പോലെ തന്നെ സാമ്പത്തിക നേട്ടം ലാക്കാക്കിയാണ് ഇത് കൃഷി ചെയ്യുന്നത്. ഫലപ്രദമായ മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ നടത്താത്തതിൻെറ ഫലമായി മണ്ണിൻെറ ജൈവാംശം കുറയുകയും കുമിൾരോഗമാറധ്യതവാട്ടരോഗവും, സാവധാനവാട്ടരോഗവും മൂലം കുരുമുളക് കൃഷിയുടെ ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തു. ആഗോളവിപണിയിൽ ഭാരതത്തിന് വളരെയധികം വിദേശനാണ്യം നേടിത്തരുന്ന വിളയായ കുരുമുളകിൻെറ ഉത്പാദനം നമ്മുടെ പഞ്ചായത്തിൽ സാധ്യതയ്ക്കനുസരിച്ച് കൂടുന്നില്ലായെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### വാഴകൃഷി

വാഴസുലഭമായി കൃഷിചെയ്തിരുന്ന പ്രദേശമായിരുന്നു ഈ പഞ്ചായത്ത്. തൈറബ്ബറുകളുടെ ഇടയിൽ മുഖ്യമായും കൃഷിചെയ്തിരുന്നത് വാഴയാണ്. വാഴകുലയ്ക്ക് വിപണനസാധ്യതയേറെയുണ്ടിവിടെ. ഉത്പാദിപ്പിക്കപ്പെടുന്ന വാഴക്കുലയുടെ നല്ലൊരു ഭാഗവും മറ്റുപ്രദേശങ്ങളിലേക്ക് വിപണനത്തിനുവേണ്ടി കൊണ്ടുപോകുകയാണ്. ശബരിമലയോടു ചേർന്ന പ്രദേശമായതിനാൽ ശബരിമലസീസണോടനുബന്ധിച്ച് വിളവെടുപ്പ് നടത്തത്തക്ക വിധത്തിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വാഴകൃഷി ഇറക്കുന്ന രീതിയും നിലവിലുണ്ട്. രാസവളങ്ങളും, കീടനാശിനികളും കൂടുതലായി ഉപയോഗിച്ചുവരുന്നു.

### ഇഞ്ചി

പഞ്ചായത്തിൻെറ ഭൂപ്രകൃതിയനുസരിച്ച് എറെ സാധ്യതയുള്ളതാണ് ഇഞ്ചികൃഷി. ഭൂപ്രകൃതിക്കനുസരണമായുള്ള കൃഷി നടക്കുന്നില്ലായെങ്കിലും, മറ്റ് വിളകളുടെ ഇടയിൽ കൃഷിചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കാവുന്ന വിളയാണ്. മൂടുചീയൽ രോഗം പ്രധാനമായും ഇഞ്ചിയെ ബാധിക്കുന്നുണ്ട്.

### റബ്ബർ

ഇവിടുത്തെ കൃഷി ഭൂമിയുടെ 80ശതമാനത്തിലേറെയും റബ്ബർകൃഷിയാണ്. ഇതിനുപറ്റിയ മണ്ണും കാലാവസ്ഥയുമാണ് ഉള്ളത്. കാലാവസ്ഥയെ ആശ്രയിച്ചാണെങ്കിൽ പോലും ദൈനംദിനവരുമാനവും തൊഴിൽ സാധ്യതയും ലഭിക്കുന്നതുകൊണ്ട് റബ്ബർകൃഷിയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. ഇന്ന് റബ്ബർകൃഷിക്കു ലഭിക്കുന്ന റബ്ബർബോർഡിൽ നിന്നുള്ള സഹായവും മറ്റ് വായ്പകളും കർഷകർക്ക് ഏറെ പ്രോത്സാഹജനമായി തീർന്നിട്ടുണ്ട്. ചീക്കരോഗവും, പ്രകൃതിക്ഷോഭവും മൂലമുള്ള നാശനഷ്ടവുമാണ് റബ്ബർകർഷകർ ഇന്ന് നേരിടുന്ന പ്രധാനപ്രശ്നങ്ങൾ റബ്ബർ ഉത്പാദനം വ്യാപകമായതോടുകൂടി മറ്റ് കാർഷികവിളകൾ കൂടുതൽ

വില കൊടുത്ത് വാങ്ങേണ്ടുന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നു.

മേൽപറഞ്ഞകാർഷികവിളകൾ കൂടാതെ പറങ്കിമാവ്, കവുങ്ങ്, കോലിഞ്ചി, മഞ്ഞൾ, മരച്ചീനി തുടങ്ങിയവയ്ക്കും ഏറെ വികസനസാദ്ധ്യതയുണ്ടിവിടെ. ഒറ്റപ്പെട്ടുകിടക്കുന്ന ചെറിയതടങ്ങളിൽ വെറ്റില കൊടി കൃഷിയും കാര്യക്ഷമമായി നടക്കുന്നു. വീട്ടുവളപ്പുകളോടു ചേർന്ന് ചെറിയ തോതിലുള്ള പച്ചക്കറി കൃഷി ഉണ്ടെന്നല്ലാതെ വ്യാപകമായ തോതിൽ പച്ചക്കറി കൃഷി ചെയ്യപ്പെടുന്നില്ല. പരിമിതമായ സ്ഥലത്ത് ചേന, ചേമ്പ്, കാച്ചിൽ, ജാതി, കാപ്പി തുടങ്ങിയ കൃഷികളും കാണപ്പെടുന്നു.

## കൃഷിഭവൻ

1987 സെപ്റ്റംബർ 1-ാം തീയതിയാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. ഒരു കൃഷിഭവൻ ഓഫീസറും, രണ്ട് കൃഷി അസിസ്റ്റൻറും മാത്രമാണ് ജീവനക്കാരായിട്ടുള്ളത്. കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കാർഷികവികസന സമിതിപ്രവർത്തിക്കുന്നു. വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവനു അതിൻെറ പ്രവർത്തനം പൂർണ്ണമായും കർഷകരിലെക്ക് എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

### പട്ടിക - 5
### വളത്തിൻെറ ഉപയോഗവും കീടനാശിനിയും

| വർഷം | വളം | | | കീടനാശിനി | |
|---|---|---|---|---|---|
| | നൈട്രജൻ (ടൺ) | ഫോസ്ഫറസ് (ടൺ) | പൊട്ടാഷ് (ടൺ) | ദ്രവം | ഖരം(കിലോ) |
| 1991 | 11.8 | 13.2 | 14.8 | ഇല്ല | 320 |
| 1992 | 15.1 | 14.8 | 14.3 | | 410 |
| 1993 | 16.5 | 17.3 | 18.5 | | 465 |
| 1994 | 17.5 | 19.8 | 20.2 | | 520 |
| 1995 | 18.2 | 21.1 | 21.8 | | 580 |

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒന്നും, സ്വകാര്യമേഖലയിൽ 5ഉം രാസവസ്തു ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ജൈവവളങ്ങളുടെ ഉപയോഗം ഇവിടെ വളരെകുറവാണ്. മണ്ണ് പരിശോധന കാര്യക്ഷമമായി നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ രാസവളപ്രയോഗം നടത്തുകയും ചെയ്താൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉത്പാദന ചെലവ് പരമാവധി കുറയ്ക്കാൻ സാധിക്കുകയും ചെയ്യും. രാസവളഡിപ്പോകളിൽ കൂടി കർഷകർക്കാവശ്യവമായ കീടനാശിനികളും, കുമിൾനാശിനികളും ലഭ്യമാണ്. എന്നിരുന്നാലും ഉയർന്നവിലകാരണം ഇവയുടെ ഉപയോഗം വളരെ പരിമിതമാണ്.

### കാർഷികകൂലി നിരക്ക്

| കൂലിനിരക്ക് | സ്ത്രീ | പുരുഷൻ |
|---|---|---|
| | 60 | 80 |

## കാർഷികവായ്പ

കർഷകർ പ്രധാനമായും വായ്പ ആശ്രയിക്കുന്നത് ഇവിടെയുള്ള ഫെഡറൽ ബാങ്കിനെയും സർവ്വീസ് സഹകരണ ബാങ്കിനെയും ആണ്. കാർഷികവായ്പകൾ പലപ്പോഴും കാർഷിക ഇതരാവശ്യങ്ങൾക്കുപയോഗിക്കുന്നതുമൂലം ഉദ്ദേശിക്കുന്ന ഫലം കാർഷിക മേഖലയിൽ ലഭിക്കാതെ പോകുന്നു.

### കാർഷികവായ്പകളെ സംബന്ധിച്ച വിവരങ്ങൾ
(ലക്ഷം രൂപാ)

| ബാങ്ക് | 1996 MARCH |
|---|---|
| സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക് | 46 |
| ഫെഡറൽ ബാങ്ക് | 23 |

## ജലസേചനം

മുഖ്യമായും മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടക്കുന്നത്. തെക്കുകിഴക്കൻ കാലവർഷവും, തെക്കുകിഴക്കൻ വേനൽ മഴകളും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. കനാൽ വഴിയോ, ചാലുകൾ വഴിയോ, തോടുകൾ വഴിയോ ഭൂപ്രകൃതി അനുയോജ്യമല്ലാത്തതിനാൽ ജലസേചനം നടക്കുന്നില്ല. അതുമൂലം ജലസേചനം ആവശ്യമുള്ള കൃഷികളും കുറവാണ്. കിണറുകളും അതിൽ സ്ഥാപിച്ചിരിക്കുന്ന പമ്പുസെറ്റുകളും മാത്രമാണ് ഇവിടുത്തെ കൃത്രിമ ജലസേചനോപാധികൾ. കേരളത്തിലെ വൈദ്യുതോൽപാദനമേഖലയാണെങ്കിലും ഭൂരിഭാഗം സ്ഥലങ്ങളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പമ്പുസെറ്റുകളുടെ ഉപയോഗം വ്യാപകമാക്കാൻ കഴിയുന്നില്ല. കാലംതെറ്റിയെത്തുന്ന മഴയും നീണ്ടുനിൽക്കുന്ന മഴക്കാലവും കർഷകരെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇവിടുത്തെ പ്രധാന ജലസ്രോതസ് കക്കാട് നദിയാണ്. എല്ലാക്കാലത്തും സുലഭമായി ജലം ലഭിക്കുന്ന ഈ നദി ജനങ്ങൾക്ക് അനുഗ്രഹമാണ്. കക്കാട്ടാറിൽ വന്നു ചേരുന്ന പ്രധാനതോടുകളാണ് വെറ്റയാർ, വേലുതോട്, മണിയനാർ, പാലാത്തടിയാർ, കൊച്ചുകോയിക്കൽ തോട്, ഇലവുങ്കൽ-കോട്ടമൺപാറതോട്, സീതത്തോട് മുതലായവ.

## പ്രശ്നങ്ങൾ

1. സാമ്പത്തികനേട്ടം മാത്രം ലാക്കാക്കി റബ്ബർകൃഷിയ്ക്ക് കൂടുതൽ പ്രധാന്യം നൽകുന്നതുമൂലം മറ്റ് കാർഷിക വിളവുകളുടെ ഉത്പാദനം ഗണ്യമായി കുറയുന്നു. അതുമൂലം ഭക്ഷ്യവിളകൾക്ക് കൂടുതൽ വിലനൽകി മറ്റ് പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
2. വന്യമൃഗങ്ങളുടെ ശല്ല്യം മൂലം വാഴ, കപ്പ തുടങ്ങിയ വിളകൾക്ക് നാശം സംഭവിക്കുന്നതുമൂലം കൃഷിഫലപ്രദമാക്കി ചെയ്യാൻ കഴിയുന്നില്ല.
3. കുരുമുളക് കൃഷിയ്ക്കുണ്ടാകുന്ന കുമിൾരോഗം മൂലം കുരുമുളക് ചെടികൾ പാടെ നശിക്കുന്നതുകാരണം കർഷകർക്ക് സാമ്പത്തിക തകർച്ചയേ അഭിമുഖീകരിക്കേണ്ടിവരുന്നു.
4. മണ്ടചീയൽ രോഗവും, കൊമ്പൻചെല്ലി തുടങ്ങിയവയുടെ ആക്രമണവും തെങ്ങുകൃഷിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്നു.
5. ചരിവുപ്രദേശമായതുകൊണ്ടും, ഓരോവർഷകാലത്തും മേൽമണ്ണ് ഒലിച്ചുപോകുകയും ചെയ്യുന്നതിനാൽ മണ്ണിൻെറ ഫലഭൂയിഷ്ടത കുറഞ്ഞുവരുന്നു.
6. കൈവശഭൂമിയ്ക്കു പട്ടയം ലഭിക്കാത്തതിനാൽ കൃഷിക്കാവശ്യമായ സാമ്പത്തികസഹായമോ മറ്റ് ആനുകൂല്യമോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കർഷകർക്കു ലഭ്യമാകുന്നില്ല.
7. കാർഷിക മേഖലയിലെ ഉയർന്ന കൂലിനിരക്കും രാസവളങ്ങളുടെ വിലവർദ്ധനയും ഉത്പാദനചിലവ് ഗണ്യമായി വർദ്ധിക്കുന്നു.
8. അത്യുത്പാദനശേഷിയുള്ള വിളകൾ, പച്ചക്കറി വിത്തുകൾ മുതലായ ലഭിക്കാത്തതിനാൽ സമയത്തിന് കൃഷിചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല.
9. മണ്ണ് പരിശോധന കാലാകാലങ്ങളിൽ നടത്താത്തതുകാരണം മണ്ണിനനുസരണമായുള്ള രാസവളപ്രയോഗം നടത്താൻ സാധിക്കുന്നില്ല.
10. വിപണനരംഗത്ത് ഇടനിലക്കാരുടെ കടന്നുകയറ്റം യഥാർത്ഥകർഷകന് ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാൻ സാധിക്കാതെ വരുന്നു.
11. അടിയ്ക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾമൂലം റബ്ബർ, വാഴ തുടങ്ങിയ വിളകൾക്ക് കനത്തനാശനഷ്ടം ഉണ്ടാകുന്നു.
12. റബ്ബറിനുണ്ടകുന്ന ചീക്കരോഗം, പട്ടമരവിപ്പ് തുടങ്ങിയ റബ്ബർകർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്.
13. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ശാസ്ത്രീയകൃഷിരീതികൾ സമയാസമയങ്ങളിൽ കർഷകർക്ക് മനസിലാക്കാൻ സാധിക്കുന്നില്ല.
14. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശവും വൈദ്യുതീകരിക്കാത്തതിനാൽ ജലസേചനത്തിനാവശ്യമുള്ള പമ്പുസെറ്റുകളുടെ വിനിയോഗം ലഭ്യമാക്കാൻ കഴിയുന്നില്ല.

## നിർദ്ദേശങ്ങൾ

1. റബ്ബർ കൃഷിയ്ക്കു നൽകുന്ന പ്രാധാന്യം മറ്റ് കാർഷികവിളകൾക്കും കൊടുക്കുന്നതിനു വേണ്ടി കൂടുതൽ സബ്സിഡികളും പ്രോത്സാഹനവും നൽകുക.
2. കൃഷിഭവനിൽ നിന്നും റബ്ബർബോർഡിൽനിന്നും, മണ്ണ് പരിശോധന നടത്തി കർഷകർക്കാവശ്യ

മായ നിർദ്ദേശം നൽകുക.

3. പട്ടയഭൂമിയിലും കൈവശഭൂമിയിലും നിൽക്കുന്ന തടി വെട്ടുവാനും ഫർണ്ണിച്ചറുകൾ നിർമ്മിക്കുന്നതിനും, കടത്തികൊണ്ടുപോകുന്നതിനുമുള്ള അനുവാദം നൽകുക.
4. കാർഷികവിളകൾക്ക് ന്യായമായ വിലകിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
5. ചെറുകിട കർഷകരുടെ കൈവശഭൂമിയ്ക്ക് പട്ടയം നൽകുക.
6. തെങ്ങ്, കുരുമുളക്, കൊടി തുടങ്ങിയ വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ തടയാൻ ആവശ്യമായ നടപടിയെടുക്കുക.
7. കോലിഞ്ചി സ്വതന്ത്രവിപണിയിൽ വിൽക്കുന്നതിനുള്ള അവകാശം നൽകുകയും, കോലിഞ്ചികൃഷിയ്ക്കുള്ള സഹായങ്ങളും ഉണ്ടാകുക.
8. കൊക്കോസംഭരണത്തിനും, റബ്ബർ പാൽ സംഭരണത്തിനുമുള്ള വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.
9. പമ്പ്സെറ്റുകൾ, കീടനാശിനികൾ, മുതലായവ സബ്സിഡിയായി നൽകുക.
10. ജൈവവളനിർമ്മാണശാല സ്ഥാപിക്കുകയും മേൽത്തരം വിത്തുകൾ കൃഷി ഭവൻ വഴിനൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുകയും ചെയ്യുക.
11. കർഷികവിളകൾക്ക് നിലവിലുള്ള ഇൻഷ്വറൻസ് സമ്പ്രദായത്തെകുറിച്ച് കർഷകരെ ബോധവാൻമാരാക്കുകയും ഇൻഷ്വറൻസ് മുഖാന്തരമുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം നീക്കുകയു് ചെയ്യുക.
12. പഞ്ചായത്ത് കർഷകരിൽ നിന്നും ഈടാക്കുന്ന അന്യായമായ ടോൾപിരിവ് അവസാനിപ്പിക്കുക.
13. കാർഷിക ഉൽപന്നങ്ങൾക്ക് തറവില നിശ്ചയിക്കുകയും കർഷകർക്ക് പെൻഷൻ അനുവദിക്കുകയും ചെയ്യുക.
14. കർഷകർ ഏറെയുള്ള കൊച്ചുകൊയിക്കലും, ആങ്ങമൂഴിയും കേന്ദ്രമാക്കി കൃഷിഭവൻെറ ഒരു സബ്സെൻറർ നിർമ്മിക്കുക.
15. കാർഷിക ഉപകരണങ്ങൾ കൃഷിഭവൻമുഖാന്തരം ലഭ്യമാക്കുക.
16. പ്രകൃതിക്ഷോഭത്തിൽപ്പെട്ട് കൃഷിയ്ക്ക് നാശം സംഭവിക്കുമ്പോൾ കൃഷിഭവൻ മുഖാന്തരം അടിയന്തിര സഹായം ലഭ്യമാക്കുക.
17. കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിന് ആങ്ങമൂഴി ചന്ത പുനരുദ്ധരിക്കുക.
18. വില്ലേജ് ഓഫീസ് പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥാപിച്ച് അതിൻെറ കളക്ഷൻ സെൻറർ ആങ്ങമൂഴിയിൽ സ്ഥാപിച്ച് രണ്ട് ദിവസമെങ്കിലും (ആഴ്ചയിൽ) പ്രവർത്തിക്കുക.
19. സീതത്തോട് സർവ്വീസ് സഹകരണബാങ്കിൻെറ ഒരുവളം ഡിപ്പോ ആങ്ങമൂഴിയിൽ ആരംഭിക്കുക.
20. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വയം തൊഴിൽ അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കുക.
21. റബ്ബർബോർഡിൻെറ ഫീൽഡ് ഓഫീസ് ആങ്ങമൂഴിയിലും, സീതത്തോട്ടിലും ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
22. തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന് സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക.
23. കൃഷയിടങ്ങളിലെ വേതനവും ലോഡിംഗ്, അൺലോഡിംഗ് കൂലികളും ഏകീകരിക്കുക.
24. വേലിതോട്ടിലും, പാലത്തടിയാറ്റിലും ചെക്ക്ഡാമുകൾ നിർമ്മിച്ച് ജലസേചനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുത.
25. കശുവണ്ടി സംസ്ക്കരണസംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.
26. ആങ്ങമൂഴി കുഴിക്കൽ ഭാഗത്തും, പഞ്ഞിപ്പാറഹരിജൻ കോളനിയിലും, വാലുപാറ പി.സി. മുക്കിനും, കിളിയറിഞ്ഞാൽ കല്ല്മലയിലും, 8 ഏക്കർ തോട്ടത്തിലും, തേക്കുംമൂട്ടിലും, പൂവണം പറയിലും, ഊരാൻ പാറയിലും, സീതക്കുഴി പുഷ്പമംഗലത്തുപടിയിലും പ്രദേശങ്ങളിലും നിലവിലുള്ള കുളങ്ങൾ ഏറ്റെടുത്ത് പുനരുദ്ധരിച്ച് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
27. ഈ പഞ്ചായത്തിലെ മുഴുവൻ കൃഷി ഭൂമിയും ചരിഞ്ഞ സ്ഥലങ്ങളാണ്. കക്കാട് പുഴയെ അടിസ്ഥാനമാക്കിയുള്ള നീർമറിപ്രദേശവുമാകയാൽ സീതത്തോട് പഞ്ചായത്തിന് നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.
28. പഞ്ചായത്ത് പ്രദേശം പൂർണ്ണമായും പശ്ചിമഘട്ടത്തിൽ സ്ഥിതിചെയ്യുന്നു. അതിനാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'പശ്ചിമഘട്ടവികസന പദ്ധതി' ഇവിടെയും നടപ്പിലാക്കുക.
29. കായ്ഫലമില്ലാത്തതും രോഗംവന്നതുമായ തെങ്ങു

കൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈവയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

30. കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിൽ കൃഷിഭവനു കെട്ടിടം നിർമ്മിക്കുകയും ഫീൽഡിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഗതാഗതസൗകര്യവും ഏർപ്പെടുത്തുക.

## സാദ്ധ്യതകൾ

1. മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകളും, കാനകളും, കയ്യാലകൾ നിർമ്മിക്കുന്നതിനാവശ്യപദ്ധതികൾ ആവിഷ്കരിക്കുക.
2. വന്യമൃഗങ്ങൾ കാർഷിക വിള നശിപ്പിക്കാതിരിക്കാൻ വനാതിർത്തിയൽ മുള്ളുവേലി കെട്ടി സംരക്ഷിക്കുക. അതിനാവശ്യമായ സാധനസാമഗ്രികൾ കൃഷിഭവനിൽ കൂടി വിതരണം ചെയ്താൽ കർഷകർ തന്നെ മുള്ളുവേലി നിർമ്മിച്ചുകൊള്ളും.
3. കക്കാട്ടാറിൻെറയും തോടുകളുടെയും ഇരുകരകളും കെട്ടി കൃഷിഭൂമി സംരക്ഷിക്കുക.
4. സഹകരണസംഘങ്ങളിൽ നിന്നും കൃഷിക്കാവശ്യമായ വളങ്ങളും മറ്റും സംബ്സിഡിയായി നൽകുക.
5. കാർഷികസെമിനാറുകളും ശിൽപശാലയും സംഘടിപ്പിച്ച് കർഷകരെ ബോധവാന്മാരാക്കുക.
6. ഒഴുക്കുജലത്തിൻെറ ലഭ്യതയുള്ളകൊണ്ട് വെള്ള കുരുമുളകിൻെറ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുക. ഇതിലേക്ക് സഹകരണമേഖലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

## കൃഷിഭവൻ വഴിനടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ

1. കുരുമുളക് പുനരുദ്ധാരണ പദ്ധതി

ഈ പദ്ധതിയനുസരിച്ച് നിലവിലുള്ള കുരുമുളക് തോട്ടങ്ങളിലെ ഇടപൊക്കി പുതിയ വള്ളികൾ വച്ചു പിടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം കർഷകർക്ക് നൽകുന്നു.

2. കുരുമുളക് വ്യാപന പദ്ധതി

ഇതുപ്രകാരം പുതിയതായി കുരുമുളക് ചെടി വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായവും മാർഗനിർദ്ദേശങ്ങളും നൽകുന്നു.

3. ഇഞ്ചികൃഷി വ്യാപന പദ്ധതി

ഈ പദ്ധതിയനുസരിച്ച് ഇഞ്ചികൃഷി വ്യാപിക്കുന്നതിനു, സംയോജിതരോഗനിർണ്ണയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടി സാമ്പത്തിക സഹായവും സാങ്കേതികവൈദഗ്ധ്യവും കർഷകർക്ക് നൽകുന്നു.

4. തെങ്ങ്കൃഷിവികസന പദ്ധതി

രാസവളകിറ്റുകൾ നൽകുന്നതോടൊപ്പം ജലസേചന ആവശ്യത്തിനായി കിണർ കുഴിയ്ക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും സാമ്പത്തികസഹായം നൽകുന്നു.

5. പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതി പ്രകാരം ഹരിജനഗിരിജന കർഷകരുടെ ഉന്നമത്തിനായി വിവിധകാർഷിക വികസനപരിപാടികൾ നടപ്പിലാക്കുന്നു.

6. വിള ഇൻഷ്വറൻസ്

പ്രകൃതിക്ഷോഭം മൂലം കാർഷികവിളകൾക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്കെതിരെ നിശ്ചിതപ്രീമിയം അടച്ച് ഇൻഷ്വറൻസ് പരിരക്ഷ നേടാവുന്നതാണ്.

7. ജനപങ്കാളിത്ത പദ്ധതി

കർഷകർക്ക് നവീനകൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി, സെമിനാറുകൾ, ചർച്ചാക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും എല്ലാവർഷവും വിവിധവിളകൾ നന്നായികൃഷി ചെയ്യുന്ന കർഷകരെ കണ്ടെത്തി അംഗീകാരം നൽകുന്ന പരിപാടിയും നടപ്പിലാക്കുന്നു.

8. പച്ചക്കറി വികസന പദ്ധതി

പച്ചക്കറികൃഷിയുടെ വികസനത്തിനായി സ്ക്കൂൾ കുട്ടികളെ ഉൾപ്പെടുത്തി അത്യുത്പാദനശേഷിയുള്ള പച്ചക്കറിവിത്തുകളും, വാഴവിത്തുകളും നൽകി പച്ചക്കറി കൃഷിയിൽ പ്രോത്സാഹനവും നൽകുന്നു.

# 5 - 1. B മൃഗസംരക്ഷണം മത്സ്യബന്ധനവും

ഒരു കുടിയേറ്റ മേഖലയായിരുന്ന സീതത്തോട് പഞ്ചായത്തിൽ കൃഷി ചെയ്യാൻ ആരംഭിച്ചതോടുകൂടിയാണ് കന്നുകാലി വളർത്തൽ ആരംഭിച്ചത്. കൂടുതലും ഗാർഹിക ആവശ്യത്തിനു വേണ്ടിയായിരുന്നു കന്നുകാലികളെ വളർത്തിയിരുന്നത്. കാരണം പാൽ ഉത്പന്നങ്ങൾ വിറ്റഴിയ്ക്കുന്നതിനുള്ള സാധ്യത വളരെ കുറവായിരുന്നു. 1960-65 കാലഘട്ടമായപ്പോഴെക്കും കാലി വളർത്തൽ ഗണ്യമായി വർദ്ധിച്ചു. പഞ്ചായത്തിന്റെ കൂടുതൽ പ്രദേശങ്ങളും വനഭൂമിയായിരുന്നതുകൊണ്ട് തീറ്റയ്ക്കു ക്ഷാമം കൂടുതലായി അനുഭവപ്പെട്ടില്ല. എങ്കിലും വ്യവസായിക അടിസ്ഥാനത്തിലുള്ള പുരോഗതി ഈ പഞ്ചായത്തിൽ ഇതുവരെയും ഉണ്ടായിട്ടില്ല. കാർഷികമായി മുന്നോക്കം നിലനിൽക്കുന്ന മേഖലയായതുകൊണ്ട് മൃഗസംരക്ഷണത്തിന്റെ വികസനത്തിലുള്ള സാധ്യതകൾ വളരെയേറെയുണ്ട്. ഈ പഞ്ചായത്തിലെ 90 ശതമാനത്തോളം വരുന്ന ജനങ്ങൾ ആടുമാടുകളെ വളർത്തലുമായി ബന്ധപ്പെട്ടു ജീവിക്കുന്നു.

1980 ജൂൺ 16-ാം തീയതിയാണ് ഇവിടെ ഒരു മൃഗാശുപത്രി സ്ഥാപിതമായത്. കൂടാതെ ഇതിന്റെ ഒരു സബ്ബ്സെൻറർ ആങ്ങമൂഴിയിൽ പ്രവർത്തിക്കുന്നു. കുറ്റമറ്റസാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ഉത്പാദനക്ഷമതാവർദ്ധനവും സാധ്യമാക്കൻ കഴിഞ്ഞിട്ടുണ്ട്. നാടൻ ചികിത്സാസമ്പ്രദായം നിലനിന്നിരുന്ന കാലഘട്ടത്തിൽ നിന്നു വ്യത്യസ്ഥമായി ജനങ്ങൾ ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ, കൃത്രിമബീജദാനം, അത്യുൽപാദനശേഷിയുള്ള പശുവളർത്തൽ, ആടുവളർത്തൽ, ബോയിലർ, കോഴിവളർത്തൽ, പന്നി വളർത്തൽ എന്നിവയിൽ തൽപ്പരരാണ്. പ്രധാനമായും പശു, ആട് എന്നീ മൃഗങ്ങൾ ആണ് ഈ പഞ്ചായത്തിൽ മുന്നോക്കം നിൽക്കുന്നത്. എരുമ, ഉഴവുമാടുകൾ, മുയൽ എന്നിവ വിരളമാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും കർഷകതൊഴിലാളികളുമാണ്.

ഈ പഞ്ചായത്തിൽ വളർത്തുപക്ഷികളിൽ പ്രധാനമായും കോഴിയാണ് ഉള്ളത്. ഇറച്ചികോഴി വളർത്തൽ തീരെയില്ലാത്ത ഒരു മേഖലയാണ്. വ്യവസായിക മുട്ട ഉല്പാദനത്തിനുപരിയായി ഗാർഹിക ആവശ്യത്തിനു വേണ്ടിയാണ് കോഴികളെ വളർത്തുന്നത്. താറാവ് കൃഷി വിരളമായി മാത്രാം കാണപ്പെടുന്നു.

വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹീക പ്രക്രിയ ആകുന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതുപുരോഗതിയും ഈ പഞ്ചായത്തിന്റെ ഗ്രാമീണസമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം.....

## വളർത്തുമൃഗസംഖ്യ

| വാർഡ് | കാളനാടൻ | | സങ്കരം | | പശുനാടൻ | | സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| I | | | 1 | 5 | | | 432 | 351 | | 2 | | 233 | 125 | |
| II | | | | | | | 235 | 175 | 1 | 0 | | 188 | 75 | |
| II | | | 1 | | | | 211 | 218 | | | | 121 | 118 | |
| IV | | | 2 | | | | 330 | 249 | | | | 238 | 180 | |
| V | | | | | | | 188 | 162 | | 1 | | 112 | 116 | |
| VI | | | | | | | 325 | 212 | | | | 147 | 98 | |
| VII | | | | 2 | | | 165 | 113 | | 1 | 2 | 164 | 73 | |
| VIII | | | | | | | 213 | 63 | | 1 | | 175 | 89 | |
| IX | | | | | | | 96 | 74 | | | | 99 | 62 | |
| ആകെ | | | 4 | 7 | | | 2195 | 1617 | 1 | 5 | 2 | 1477 | 936 | |

## വളർത്തുപക്ഷി

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| I | 54 | 835 | 1153 | 25 | 33 | |
| II | 63 | 903 | 1015 | 12 | 28 | |
| III | 72 | 638 | 868 | | | |
| IV | 49 | 458 | 565 | | | |
| V | 62 | 612 | 721 | | | |
| VI | 69 | 725 | 903 | 12 | 26 | |
| VII | 112 | 432 | 688 | | | |
| VIII | 123 | 563 | 675 | | | |
| IX | 79 | 493 | 713 | | | |
| ആകെ | 683 | 5659 | 7301 | 49 | 84 | |

## മൃഗങ്ങളുടെയും പക്ഷികളുടെയും രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 138 | 28 | 112 | 18 | 235 | | | | | |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases | 125 | 32 | 125 | 16 | 12 | 1475 | 235 | | | |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 83 | 38 | 63 | | | | | | | |
| 4. | ത്വക്‌രോഗങ്ങൾ<br>Skin diseases | 92 | 23 | 21 | | 54 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 48 | | 18 | | | | | | | |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases | 438 | 28 | 239 | | 168 | 850 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 238 | 12 | 185 | | | | | | | |
| 8. | വന്ധ്യത<br>Infertillity | 125 | | | | | | | | | |
| 9. | അകിടുവീക്കം<br>Mastitis | 334 | 11 | 85 | | | | | | | |
| 10. | മുടന്തൻ പനി<br>Ephemeral Feaver | 236 | | | | | | | | | |
| 11. | പകർച്ച വ്യാധികൾ<br>Contagion diseases | | | | | | | | | | |
| | ആകെ | 1857 | 172 | 848 | 34 | 257 | 2325 | 235 | | | 5 |

## പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | | | | 423 | | |
| കടിയേറ്റതിനുശേഷം കുത്തി വെയ്പു നടത്തിയവയുടെ എണ്ണം | | | | | | |

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | | 540 | 125 |
| കിടാരി | | 235 | |
| എരുമ | | 23 | |
| ആകെ | | 798 | 125 |

## പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും.
2. ഉത്പാദകന് കിട്ടുന്ന പാൽവില ഉത്പാദനചിലവിന് അനുസൃതമല്ല.
3. വിപണനരംഗത്തുള്ള അപര്യാപ്തത മൃഗസംരക്ഷണരംഗം മുരടിച്ചു പോകാൻ കാരണമാകുന്നു.
4. വനമേഖലയുമായി അടുത്തുകിടക്കുന്ന പ്രദേശമായതുകൊണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണങ്ങൾ ഈ രംഗത്ത് വികസനത്തിനു തടസ്സമായി നിൽക്കുന്നു.
5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത.
6. തീറ്റപുൽകൃഷിയുടെ അപര്യാപ്തത.
8. അശാസ്ത്രീയമായ മാംസ ഉത്പാദന വിപണന രീതികൾ.
9. സാങ്കേതികപരിജ്ഞാനമില്ലാത്തവരുടെ ചികിത്സാ രീതികൾ.
10. ഉത്പാദന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ.
11. അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രിയും, ഉപകേന്ദ്രവും, ആവശ്യത്തിനുള്ള ജീവനക്കാരുടെ അഭാവം, വാഹനസൗകര്യമില്ലായ്മ.
12. കാട്ടുമൃഗങ്ങളുടെ ശല്യം ആടുമാടുവളർത്തലിനെ കാര്യമായി ബാധിക്കുന്നു.
13. കർഷകപരിശീലനസംവിധാനത്തിന്റെ അപര്യാപ്തത.
14. കോഴിവളർത്തലിന് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതകുറവ്.

## നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണാർത്ഥം ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാവാർഡിലേയും ജനങ്ങൾക്കു നൽകുക.
2. നിലവിലുള്ള ആശുപത്രിയുടെ സംവിധാനത്തിൽ മാറ്റംവരുത്തി ഒരു ഡോക്ടർ, അറ്റൻഡർ, യാത്രയ്ക്കുള്ള വാഹനസൗകര്യം എന്നിവ ലഭ്യമാക്കുക.
3. കൂടുതൽ വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ചെറുകിട ഫാംയൂണിറ്റുകൾ സ്ഥാപിക്കുക.
4. 500 പശുക്കൾക്ക് വീത് ഒരു സബ്സെന്റർ പ്രവർത്തനം ആരംഭിക്കുക.
5. തരിശായി കിടക്കുന്ന ഭൂമികളിൽ തീറ്റപുൽകൃഷി ചെയ്യുവാനുള്ള സഹായം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.

## സാദ്ധ്യതകൾ

1. അത്യുത്പാദനശേഷിയുള്ള ആടുമാടുകളെ കൃഷിക്കാർക്കു വിതരണം ചെയ്യുകയും മെച്ചപ്പെട്ട തൊഴുത്തുകൾ നിർമ്മിക്കാനുള്ള ധനസഹായം ധനകാര്യസ്ഥാരനങ്ങളിൽ നിന്നും ലഭ്യമാക്കുക.

2. മിൽമാ സൊസൈറ്റികൾ സ്ഥാപിച്ച് പാൽ വിതരണം മെച്ചപ്പെടുത്തുകയും, സൗജന്യനിരക്കിൽ കാലിതീറ്റയും, കോഴിതീറ്റയും വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.
3. മൃഗങ്ങൾക്കുണ്ടാകുന്ന കുളംമ്പുരോഗം, കാലിവസന്ത, കുരളടപ്പൻ എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തുവെയ്പു നടത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.
5. പേപ്പട്ടിശല്യം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക.
6. വാർഡുതോറും മിൽമാസൊസൈറ്റി ആരംഭിക്കുക.
7. നിർദ്ധനകുടുംബങ്ങൾക്ക് സാമ്പത്തിക സ്ഥിരത കൈവരിക്കാൻ നല്ലയിനം പശു, ആട്, ഇറച്ചി കോഴി, മുട്ടക്കോഴി ഇവയെ മിതമായി വിലയ്ക്കോ സൗജന്യമായോ നൽകുക.
8. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ പന്നികുട്ടികളെ വിതരണം ചെയ്യുക.
9. ആങ്ങമൂഴിയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സബ്സെൻറർ മൃഗാശുപത്രി ഉയർത്തുക.
10. ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ആഴ്ചയിലൊരിക്കൽ ഡോക്ടരുടെ സേവനം ലഭ്യമാക്കുക.
11. ഗവി, പച്ചക്കാനം, മൂലിയാർ തുടങ്ങിയ മേഖലകളിൽ ആടുമാടുവളർത്തലിനുള്ള അനുവാദം വനപാലകരിൽ നിന്നും നൽകുക.
12. മിനിഡയറിയൂണിറ്റുകർ സ്ഥപിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുക.
13. സ്ക്കൂൾ പോൾട്രി ക്ലബ്ബ് സ്ഥാപിച്ച് വിദ്യാർത്ഥികളിൽ സാമ്പത്തിക ശീലം വളർത്തുന്നതിനും കോഴി വളർത്തലിൽ താൽപര്യം വളർത്തുന്നതിനും വേണ്ടി രണ്ടുമാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.
14. ശാസ്ത്രീയമായ അറവുശാല മാർക്കറ്റിൽ സ്ഥാപിക്കുകയും, മാംസപരിശോധന നിർബ്ബന്ധമാക്കുകയും ചെയ്യുക.
15. സംസ്ക്കരിച്ച കോഴിയിറച്ചി, മുട്ട ഇവ ഉപയോഗിച്ചുള്ള വിഭവങ്ങൾ വനിതകളും ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടത്തുക.
16. ചെറുകിട ഇറച്ചിക്കൊഴി വളർത്തൽ യൂണിറ്റുകൾ, മഹിളാസംഘങ്ങൾ വഴി നടപ്പിലാക്കുക.
17. ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, വഴിയോരങ്ങൾ, ഓഫീസ്, സ്ക്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവടങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടപ്പാക്കുക.
18. ആറുകളും, തോടുകളും കൊണ്ട് അനുഗ്രഹീതമായ ഈ പഞ്ചായത്തിൽ താറാവുവളർത്തലിന് സാധ്യതയേറിയ മേഖലയാണ്. അതിനാവശ്യമായ സഹായം മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭ്യമാക്കുക.

## നടപ്പു പദ്ധതികൾ

1. **വന്ധ്യതാ പരിശോധന ക്യാമ്പ്**
പലതവണകുത്തിവച്ചിട്ട് ചന പിടിക്കാത്ത പശുക്കളേയും, പ്രായപൂർത്തിയായിട്ടും മദിലക്ഷണം പ്രകടിപ്പിക്കാത്ത കിടാരികളേയും മൃഗാശുപത്രിയിലെ ഡോക്ടർമാർ പരിശോധിച്ച് ആവശ്യമായ ചികിത്സ നിശ്ചയിക്കുന്നതാണ്.

2. **ഗോരക്ഷാക്യാമ്പ്**
മൃഗസംരക്ഷണവകുപ്പിൻെറ ആഭിമുഖ്യത്തിൽ ഓരോ പഞ്ചായത്തിലും രണ്ട് ഗോരക്ഷാക്യാമ്പ് വർഷം തോറും നടത്തപ്പെടുന്നതാണ്.

3. **പേവിഷബാധ നിയന്ത്രണം**
പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധിതകുത്തിവയ്പിനു വിധേയമാക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. **കാലിരോഗനിയന്ത്രണപദ്ധതി**
പഞ്ചായത്തിലെ എല്ലാം കർഷകർക്കും പൂർണ്ണമായി പ്രയോജനം കിട്ടത്തക്കരീതിയിൽ കന്നുകാലികലുടെ കുളമ്പുരോഗം, കുരളടപ്പൻ, കാലിപ്ലേഗ്, കോഴിവസന്ത എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നടത്തുന്നതാണ്.

5. **കോഴിവളർത്തൽ പദ്ധതി**
അഞ്ച് കോഴികളടങ്ങുന്ന ഓരോ യൂണിറ്റ് ഓരോ കർഷകനും ലഭ്യമാകത്തക്കരീതിയിൽ പദ്ധതി നടപ്പാക്കുന്നതാണ്.

6. ആടുവളർത്തൽ പദ്ധതി
രണ്ട് ആടുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചെറുകിട ആടുവളർത്തൽ യൂണിറ്റ് മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ നടപ്പുവർഷം ലഭ്യമാക്കുന്നതാണ്.

7. ബോധവൽക്കരണ ക്യാമ്പ്
പഞ്ചായത്ത് തലത്തിൽ വാർഡുകൾ തോറും ചർച്ചാക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതാണ്.

## മത്സ്യബന്ധനം

ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമാണ് ഈ പഞ്ചായത്തെങ്കിലും ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം മത്സ്യബന്ധനവും, അനുബന്ധപ്രവർത്തനങ്ങൾക്കുമുള്ള സാധ്യതകൾ വളരെ കുറവാണ്. എങ്കിലും നാമമാത്രമായ കർഷകർ മത്സ്യം വളർത്തലിലും അതിൻെറ വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ യാതൊരുവിധത്തിലും മത്സ്യബന്ധനത്തിനു തടസ്സമാകുന്നില്ല. ജലവൈദ്യുത പദ്ധതിക്കാവശ്യമായ ഡാമുകൾ അനവധിയുണ്ടെങ്കിലും ഫോറസ്റ്റ് ഏരിയായിൽ ആയതുകൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിനു തടസ്സങ്ങൾ പ്രശ്നമാകുന്നു. ഈ പഞ്ചായത്തിൽ ആരും തന്നെ മത്സ്യബന്ധനം ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. കക്കാട്ടാറിൻെറ തീരത്ത് ജനവാസമുള്ള മേഖലകളള്ള കുളങ്ങൾ കുഴിച്ച് മത്സ്യം വളർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. മത്സ്യകൃഷിക്ക് വികസന ഏജൻസികളുടെ സാമ്പത്തിക സഹായവും ഉപദേശവും ലഭ്യമാക്കുക.
3. പഞ്ചായത്ത് ശാസ്ത്രീയമായ രീതിയിൽ മത്സ്യവിപണനകേന്ദ്രം സ്ഥാപിക്കുക.
4. മത്സ്യകച്ചവടം നടത്തുന്നവർക്ക് ബാങ്കിൽ നിന്നും വായ്പകൾ ലഭ്യമാക്കുക.



# 5 - 2.C വ്യവസായം

വ്യവസായപരമായി യാതൊരു വിധ പുരോഗമനങ്ങളും ഉണ്ടായിട്ടില്ലാത്ത പഞ്ചായത്താണ് സീതത്തോട്. വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, മനുഷ്യവിഭവം, ജലം, വൈദ്യുതി തുടങ്ങിയവ വേണ്ടുവോളം ഉണ്ടെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കാത്തതിന്റേ കാരണം ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നതാണ്. അതിപുരാതനകാലത്തെ നിലയ്ക്കൽ പട്ടണത്തിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളുമായി കച്ചവടവാണിജ്യ ബന്ധമുണ്ടായിരുന്നുവെന്ന് നാട്ടറിവുകളും ചരിത്രവും സൂചിപ്പിക്കുന്നു. കേരളത്തിൽ വൈദ്യുതി ഉൽപ്പാദന രംഗത്ത് രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ശബരിഗിരി പവ്വർഹൗസ് നമ്മുടെ പഞ്ചായത്തിലാണെങ്കിലും പദ്ധതിയുടെ പ്രയോജനം നമ്മുടെ നാട്ടുകാർക്ക് ലഭ്യമാകുന്നില്ല എന്നുള്ളത് ഇത് യാഥാർത്ഥ്യമാണ്. വനവിഭവങ്ങളാൽ അനുഗ്രഹീതമായ ഈ പഞ്ചായത്ത് അവ ഉപയാഗിച്ചുള്ള വ്യവസായങ്ങൾ ഉണ്ടാകുന്നില്ല. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് ആവശ്യമായ അസംസ്കൃത സാധനമായ ഈറ്റ നമ്മുടെ വനങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്നു. ഈ മേഖലയിൽ ആയിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. ഈറ്റ വ്യവസായത്തിന് വമ്പിച്ച സാദ്ധ്യതകളാണ് ഇവിടെ ഉള്ളത്. ആകെയുള്ള കൃഷിഭൂമിയുടെ ഭൂരിഭാഗം സ്ഥലത്ത് കൃഷിചെയ്യുന്നത് റബ്ബറാണ്. അതുമൂലം റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കും വളരെ സാദ്ധ്യതകളുണ്ട്. പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിടവ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. ചെറുകിട വ്യവസായങ്ങളുടെ കൂട്ടത്തിൽ 11 S. S. I യൂണിറ്റുകളുണ്ട്. S.S.I യൂണിറ്റുകളിലെയും മറ്റു ചെറുകിട യൂണിറ്റുകളിലെയും തൊഴിലാളികളുടെ എണ്ണം, കൂലി ഇവ സംബ്ബന്ധിച്ച വിവരങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു. [പട്ടിക - 1, പട്ടിക - 2] പരമ്പരാഗത വ്യവസായങ്ങളായ പർപ്പടക നിർമ്മാണം ഈറ്റ വ്യവസായം, ബീഡി തെറുപ്പ് തുടങ്ങിയവ നിലനിൽക്കുന്നുണ്ട്. അസംഘടിത മേഖലയിൽ 34 തൊഴിലാളികൾ പണിയെടുക്കുന്നു. ഗവിയിലുള്ള K. F. D. C- യുടെ ഏലസംസ്ക്കരണ ഫാക്ടറിയിൽ 114 പേർ തൊഴിലെടുക്കുന്നുണ്ട്.

പട്ടിക - 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

| ഇനം | എണ്ണം | തൊഴിലാളികളുകളുടെ എണ്ണം | | |
|---|---|---|---|---|
| SSI | | പുരു | സ്ത്രീ | ആകെ |
| കൃഷി | 2 | 5 | 2 | 7 |
| വനം | 2 | 7 | 3 | 10 |
| വസ്ത്രം | 6 | - | 18 | 18 |
| മറ്റുള്ളവ | 1 | 3 | 1 | 4 |
| അച്ചടി | 2 | 3 | 4 | 7 |
| സോഡാ നിർമ്മാണം | 3 | 6 | - | 6 |
| ഓയിൽമിൽ | 2 | 2 | - | 2 |
| ബേക്കറി | 2 | 2 | - | 2 |
| ഭക്ഷ്യധാന്യം പൊടിക്കൽ | 3 | 4 | - | 4 |
| സിമന്റ് കട്ട നിർമ്മാണം | 2 | 4 | - | 4 |

## പട്ടിക - 2
### വിവിധ മേഖലകളിലെ കൂലിനിരക്ക്

| ഇനം | കൂലിനിരക്ക് | |
|---|---|---|
| | പുരുഷൻ രൂപ | സ്ത്രീ |
| തടിവ്യസായം | 150 | - |
| ഈറ്റ | 100 | 75 |
| അച്ചടി | 100 | 50 |
| ബേക്കറി | 150 | - |
| ഓയിൽമിൽ | 150 | - |
| ധന്യമിൽ | 150 | - |
| പർപ്പടക നിർമ്മാണം | - | - |
| സോഡാ നിർമ്മാണം | 60 | - |
| സിമന്റ്കട്ട നിർമ്മാണം | 100 | 75 |
| തയ്യൽ | 150 | 75 |

സീതത്തോട് പഞ്ചായത്തിൽ ചെറിയ മുതൽമുടക്കിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ ഒറ്റ നോട്ടത്തിൽ

1. സ്കൂൾ ബാഗ് നിർമ്മാണം
2. ഫർണീച്ചർ (മരം)
3. കോഴി വളർത്തൽ
4. ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്
5. സ്വിച്ച് ബോർഡ് നിർമ്മാണം
6. വിനാഗിരി നിർമ്മാണം
7. റെഡിമെയ്ഡ് വസ്ത്രങ്ങൾ
8. അലക്ക്സോപ്പ്
9. പേപ്പർ കവർ നിർമ്മാണം
10. നോട്ട് ബുക്ക് നിർമ്മാണം
11. കരിങ്കല്ലുകൊണ്ടുള്ള മിറ്റൽ നിർമ്മാണം
12. സിമന്റുകൊണ്ടുള്ള ജനാല, വാതിൽ മുതലായവ
13. സിമന്റ്കട്ട നിർമ്മാണം
14. തീപ്പെട്ടി നിർമ്മാണം
15. ചിപ്സ് നിർമ്മാണം
16. ബേക്കറി സാധനങ്ങളുടെ നിർമ്മാണം
17. ഈറ്റ, ചൂരൽ മുതലായവ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം
18. ആടു വളർത്തൽ
19. പ്ലാസ്റ്റിക് കവർ നിർമ്മാണം

### പ്രശ്നങ്ങൾ

1. ജനങ്ങൾക്ക് വ്യവസായങ്ങളേക്കുറിച്ചുള്ള അഞ്ജതയും താല്പര്യമില്ലായ്മയും.
2. വനമേഖലയിൽനിന്നും കൂടുതലായി ലഭിക്കുന്ന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ
3. രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തകരാറുകളും
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം വേണ്ട ധനസഹായങ്ങൾ ലഭ്യമാകാത്തത്.
5. വിദഗ്ദ തൊഴിലാളികളുടെ അഭാവം
6. മുഖ്യകാർഷികവിളയായ റബ്ബർ വ്യവസായത്തിനുപയോഗിക്കപ്പെടാത്തത്.
7. ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് വിപണന സാദ്ധ്യത ഇല്ലായ്മ
8. വ്യവസായ സംരംഭകരോടുള്ള ഉദ്യോഗസ്ഥരുടെ അവഞ്ജയും പ്രോത്സാഹനമില്ലായ്മയും.
9. ഒരു വ്യവസായ സംരഭകനാവശ്യമായ തയ്യാറെടുപ്പുകൾക്ക് വേണ്ട ശക്തമായ പ്രേരണയില്ലായ്മ
10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വേണ്ടി ശാസ്ത്രീയമായ ബോധവൽക്കരണ സെമിനാറുകളും പരിശീലന ക്ലാസ്സുകളും നടത്താത്തത്.

### നിർദ്ദേശങ്ങൾ

1. വിവിധ തരത്തിലുള്ള റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക. (ചെരുപ്പു നിർമ്മാണം, കൈയ്യുറ, റബ്ബർബാൻഡ് etc.)
2. കെട്ടിട നിർമ്മാണത്തിനാവശ്യമായ മെറ്റൽ ലഭ്യമാക്കുന്നതിന് ക്രഷർ യൂണിറ്റിന് അനുമതി നൽകുക. (ഒന്നാം വാർഡിൽ)
3. സഹകരണ അടിസ്ഥാനത്തിൽ ഹോട്ടൽ വ്യവസായം തുടങ്ങുന്നതിന് പ്രോത്സാഹനങ്ങൾ നൽകുക.
4. ഈറ്റ, ചൂരൽ, മുള മുതലായവ ഉപയോഗിച്ചുള്ള സാമഗ്രികളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണ ശാല ആരംഭിക്കുക.
5. പ്ലാസ്റ്റിക് ഉപയോഗിച്ച് വിവിധതരം ബാഗുകൾ നിർമ്മിക്കുന്ന കേന്ദ്രം ആരംഭിക്കുക.
6. തൊഴിൽ വ്യവസായ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വ്യവസായ സംരംഭകരെ കണ്ടുപിടിച്ച് വിവധ ഏജൻസികൾ മുഖേന പരിശീലനം

നൽകുകയും ചെയ്യുക.

7. വ്യവസായങ്ങൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളിൽ റോഡ്, വൈദ്യുതി, അസംസ്കൃത വസ്തുക്കൾ ഇവ നല്ല രീതിയിൽ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുക.

8. പട്ടുനൂൽ പുഴുവളർത്തൽ, മെഴുകുതിരി നിർമ്മാണം, തേനീച്ച വളർത്തൽ, സോപ്പു നിർമ്മാണം, പഴസംസ്ക്കരണ ശാലകൾ തുടങ്ങിയവയ്ക്ക് 7-ാം വാർഡിൽ സാദ്ധ്യതകളുണ്ട്.

9. വനങ്ങളിൽ വീണുനശിക്കുന്ന തടികളും ഉണങ്ങി നില്ക്കുന്ന മരങ്ങളും ശേഖരിച്ച് ആങ്ങമൂഴി ഡിപ്പോയിൽ ഇറക്കുക.

10. ഈറ്റയും തടിയും ഉപയോഗിച്ചുള്ള വിവിധ വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പ്രവർത്തിപ്പിക്കുക.

11. സ്വയം തൊഴിൽ സംരംഭകർക്ക് പ്രേരണയും സാമ്പത്തിക സാങ്കേതിക സഹായങ്ങളും നല്കുക.

12. ഖാദി ഗ്രാമ വ്യവസായ യൂണിറ്റ്, കരകൗശല വ്യവസായ യൂണിറ്റ്, മിൽമാ ഉൽപ്പന്ന വ്യവസായ യൂണിറ്റ് എന്നിവ ആങ്ങമൂഴിയിൽ സ്ഥാപിക്കുക.

13. വ്യവസായത്തിനാവശ്യമായ വായ്പകൾ യഥാസമയം ലഭ്യമാകുന്നതിന് ആങ്ങമൂഴിയിൽ ദേശസാത്കൃത ബാങ്കിന്റെ ശാഖ അനുവദിക്കുക.

14. ആങ്ങമൂഴിയിൽ തടിമില്ല് സ്ഥാപിക്കുക.

15. റബ്ബർതടിയും മറ്റ് പാഴ്തടികളും ഉപയോഗപ്പെടുത്തി 1-ാം വാർഡിൽ തീപ്പെട്ടി ഫാക്ടറിയും കൊച്ചുകോയിക്കൽ ആങ്ങമൂഴി ഇവിടങ്ങളിൽ പ്ലൈവുഡ് ഫാക്ടറികളും സ്ഥാപിക്കുക.

16. കോലിഞ്ചി സംസ്ക്കരണ ഫാക്ടറി 4--ാം വാർഡിൽ സ്ഥാപിക്കുക.

17. റബ്ബർ പാൽ സംഭരണ വിതരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

18. കൊച്ചുകോയിക്കലിൽ ബ്രഡ്ഫാക്ടറി ആരംഭിക്കുക.

19. ബാങ്കുകളിൽ നിന്നും തൊഴിൽ സംരഭകർക്ക് ഉദാരവായ്പ സബ്സിഡിയോടുകൂടി അനുവദിക്കുക.

## സാദ്ധ്യതകൾ

1. പഞ്ചായത്ത്തല വ്യവസായിക വികസന സമിതികൾ രൂപീകരിക്കുക.

2. പ്രാദേശിക സവിശേഷതകളെ അടിസ്ഥാനമാക്കി ഒന്നോ അതിലധികമോ ചെറുകിടവ്യവസായ സമൂഹങ്ങൾ സ്ഥാപിക്കുക.

3. ഒരു മാതൃ സ്ഥാപനവും അതിനേ കേന്ദ്രീകരിച്ചുള്ള ഗാർഹിക ഉൽപ്പാദന കേന്ദ്രങ്ങളും അടങ്ങുന്ന ഔട്ട് വർക്കർ ഉൽപ്പാദന സമ്പ്രദായം ആരംഭിക്കുക.

4. പഞ്ചായത്ത് വ്യവസായ വികസന സമിതിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയിന്നവയായിരിക്കണം.

a) ജനപങ്കാളിത്തത്തോടെ വ്യാവസായിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക.

b) പൊതുജനങ്ങൾക്ക് ഉൽപ്പാദന രംഗത്തേ വിവിധ സാദ്ധ്യതകളേപ്പറ്റി അറിവു നൽകുക.

c) വ്യവസായ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണം കണക്കിലെടുത്തുള്ളതാണെന്ന് ഉറപ്പുവരുത്തുക.

d) പ്രാദേശികസമൂഹത്തിൽ വ്യവസായസംരഭകത്വസ്വഭാവം വളർത്തിയെടുക്കൽ

5. പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുന്നതിന് പൊതുവിപണന സ്ഥാപനങ്ങൾ ഏറ്റെടുത്തു പ്രവർത്തനമാരംഭിക്കുക.

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും മറ്റ് സാദ്ധ്യതകളും മുൻഗണനാക്രമം അനുസരിച്ച് നടപ്പിലാക്കിയാൽ ചെറുകിട വ്യവസായരംഗത്ത് പുരോഗതി ഉണ്ടാക്കുവാനും, തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ ഒരളവ് വരെ പരിഹരിക്കുവാനും സാധിക്കും. ഇതിൽക്കൂടി പഞ്ചായത്തിന്റെ വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും. ഗൾഫ് മലയാളികൾ കൂടുതലുള്ള ഈ പ്രദേശത്ത് അവരുടെ സഹായത്തോടെ കൂടുതൽ മൂലധനം ആവശ്യമുള്ള വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്. ജോലി സ്ഥിരതയില്ലാത്ത ഗൾഫ് മേഖലകളിൽ നിന്നും വരുന്നവർക്ക് അതൊരു പുത്തൻ അനുഭവമായേക്കും. അങ്ങനെ ഒരു പുത്തൻ വികസന പാത ഉണ്ടാക്കിയെടുക്കാൻ, നാടിന്റെ സമഗ്രവികസനത്തിനും നമുക്ക് കൂട്ടായി യത്നിക്കാം...... അതിലൂടെ ഒരു പുത്തൻ സാമൂഹ്യ സാമ്പത്തിക സംസ്ക്കാരം കെട്ടി ഉയർത്തുവാൻ കഴിയുകയും പുതിയൊരു വികസന ബോധം യുവജനങ്ങളിൽ തളിർക്കുകയും ചെയ്യട്ടെ...

# 5.2.d ഗതാഗതം

ഒരു നാടിൻെറ വികസന പ്രക്രിയയിൽ നിർണായക പങ്കു വഹിക്കുന്ന ഘടകമാണ് റോഡുകൾ. ഈ പഞ്ചായത്തിൻെറ ചരിത്രം പരിശോധിച്ചാൽ കാട് വെട്ടിത്തെളിച്ച് കൃഷിയിടങ്ങൾ തേടിയെത്തിയ കർഷകർ കാട്ടുപാതകളെയാണ് യാത്രാ ആവശ്യത്തിന് ഉപയോഗിച്ചിരുന്നത്. ഭക്ഷ്യോൽപാദനത്തിന് എത്തിയ കർഷകരുടെ സംഘടിത ശ്രമഫലമായി നിലവിലുണ്ടായിരുന്ന കാട്ടുപാതകളെ മൺ റോഡുകളാക്കി മാറ്റുവാൻ കഴിഞ്ഞു. കൂട്ടായ പ്രവർത്തനത്തിലൂടെ വെട്ടിയിണ്ടാക്കിയ റോഡുകളിൽ ഒന്നാണ് 6 കി.മീ ദൂരം വരുന്ന ചിറ്റാർ- സീതത്തോട്. ഈ പഞ്ചായത്തിലുള്ള എല്ലാ റോഡുകളും കൂട്ടായ പ്രവർത്തനത്തിലൂടെ നിർമ്മിക്കപ്പെട്ടവയാണ്. വികസനമെന്നാഥ് റോഡും, കലുങ്കും മാത്രമാണെന്നുള്ള ധാരണയാണ് പൊതുവെ ജനങ്ങളിൽ ഉള്ളത്. അതിനാൽ പഞ്ചായത്ത് ഫണ്ടിൻെറ നല്ലൊരുഭാഗവും ഗതാഗതസൗകര്യത്തിനുവേണ്ടി ചെലവഴിക്കുന്നു. പഞ്ചായത്തിൻെറ ഭുമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഗതാഗത യോഗ്യമായ റോഡുകളുടെ നിർമ്മാണം ഫലപ്രദമായി നടത്തുവാൻ കഴിയുന്നില്ല. ജനപങ്കാളിത്തം കുറെയൊക്കെ ലഭിക്കുന്ന റോഡുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളിലാണ്.

എല്ലാ ഉൽപാദന മേഖലയുടെയും, വിപണനത്തിൻെറയും വളർച്ചയ്ക്ക് റോഡു നിർമ്മാണം ഒഴിവാക്കാൻ പറ്റാത്ത അവസ്ഥയാണ്. കുന്നും, മലകളും, ചരിവുകളും നിറഞ്ഞ പ്രദേശത്ത് ജീവിക്കുന്ന കർഷകകുടുംബങ്ങൾ ജീവിതാവശ്യങ്ങൾക്കുവേണ്ടി സീതത്തോട് മാർക്കറ്റിനെ ആശ്രയിക്കേണ്ടി വരുന്നു. പിഞ്ചുകുട്ടികൾക്ക് പോലും വിദ്യാഭ്യാസത്തിനുവേണ്ടി കിലോമീറ്ററുകൾ കല്ലുകൾ നിറഞ്ഞ മൺ വഴിയിൽ കൂടി യാത്ര ചെയ്യേണ്ടി വരുന്നു. സീതത്തോട് പഞ്ചായത്തിൻെറ സാമൂഹ്യവും, സാമ്പത്തികവുമായ വളർച്ചയ്ക്ക് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിന് ജനങ്ങളുടെ പരിപൂർണ സഹകരണം ആവശ്യമാണ്.

ഈ പഞ്ചായത്തിൽ ഗതാഗത യോഗ്യമായ 196.6 കി.മീ ദൂരം റോഡുകളുണ്ട്. ഇതിൽ ഭൂരിഭാഗവും പി.ഡബ്ളു.ഡിയുടെ വകയാണ്. പദ്ധതിപ്രദേശങ്ങളിലൂടെയാണ് ടാർ റോഡിൻെറ സിംഹഭാഗവും കടന്നുപോകുന്നത്. ഒരു ചതുരശ്രകിലോമീറ്റർ വിസ്തീർണത്തിൽ 3.32 കി.മീ ദൂരം റോഡുകളുണ്ട്. പഞ്ചായത്തിൻെറ അധീനതയിൽ ഏകദേശം 113 കിലോ മീറ്ററും കെ. എസ്.ഇ.ബി യുടെ 9 കി.മീ ദൂരം റോഡുകളും ഉണ്ട്. നാഷണൽ ഹൈവേയോ, സ്റ്റേറ്റ് ഹൈവേയോ ഇതുവഴി കടന്നുപോകുന്നില്ല. പി.ഡബ്ള്യു.ഡി യുടെ വകയായി ഉണ്ടായിരിന്ന സീതത്തോട് - മുണ്ടൻപാറ റോഡ് ഇപ്പോൾ ജില്ലാപഞ്ചായത്തിൻെറ വകയാണ്.

പതിമൂന്ന് കിലോമീറ്ററോളം ദൂരത്തിൽ മാത്രമേ ജനങ്ങൾക്ക് ബസ്‌യാത്ര ലഭ്യമാകുന്നുള്ളൂ. പഞ്ചായത്തിൻെറ എട്ടും, ഒമ്പതും വാർഡുകൾ വനഭൂമിയും വൈദ്യുത പദ്ധതിപ്രദേശങ്ങളും സർക്കാർ വക ഏലം പ്ലാൻേറഷനുമാണ്. ഈ പ്രദേശങ്ങളിൽ തൊഴിലെടുക്കുന്ന ആൾക്കാരുടെ ആവശ്യത്തിന് കെ.എസ്. ആർ. ടി. സി ബസുൾ നാമമാത്രമായി സർവീസ് നടത്തുന്നു. ഈ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ താമസിക്കുന്നവർക്ക് വർദ്ധിച്ച കൂലി നൽകി ജീപ്പിനെ ആശ്രയിക്കേണ്ട സാഹചര്യമാണ്. മൺറോഡുകളിൽ കൂടുതലും വാഹനഗതാഗതത്തിന് പറ്റിയതല്ല. 1980 - ൽ തിരുവോണ നാളിലാണ് ബസ് സർവീസ് ആരംഭിക്കുന്നത്. ഇത് ജനങ്ങളുടെ സാമൂഹ്യവും, സാമ്പത്തികവുമായ വളർച്ചയ്ക്ക് കാരണമായി. അനുബന്ധറോഡുകൾ ധാരാളമുണ്ടെങ്കിലും മഴക്കാലത്ത് എല്ലാ റോഡുകളും കുണ്ടും, കുഴികളുമായി മാറപ്പെടുന്നു.

# പഞ്ചായത്തിലെ ടാർ റോഡുകൾ

| ക്രമ. നമ്പർ | പേര് | ഉടമസ്ഥത | കി.മീ. | ബസ്‌യാത്രാസൗകര്യം |
|---|---|---|---|---|
| 1. | സീതത്തോട്-സീതക്കുഴി-മുണ്ടൻപാറ | ജില്ലാപഞ്ചായത്ത് | 3.5 | ഇല്ല |
| 2. | വെട്ടോലിപ്പടി മണികണ്ടൻകാലാ | ഗ്രാമപഞ്ചായത്ത് | 0.1 | ഇല്ല |
| 3. | സീതത്തോട് ഹൈസ്കൂൾപടി | " | 0.2 | ഇല്ല |
| 4. | സീതത്തോട് കോട്ടക്കുഴി | " | 2.0 | ഇല്ല |
| 5. | മൂന്നുകല്ല് കടപ്രപടി | " | 0.1 | ഇല്ല |
| 6. | ആങ്ങമൂഴി- സ്കൂൾപടി | " | 0.1 | ഇല്ല |
| 7. | മുണ്ടൻപാറ- ഗുരുനാഥൻമണ്ണ് | " | 2.0 | ഇല്ല |
| 8. | സീതക്കുഴി- മുണ്ടൻപാറ | " | 2.5 | ഇല്ല |
| 9. | ആങ്ങമൂഴി- കോട്ടമൺപാറ | " | 3.0 | ഉണ്ട് |
| 10. | കോട്ടമൺപാറ- അള്ളുങ്കൽ | " | 1.0 | ഇല്ല |
| 11. | 86 - ആങ്ങമൂഴി | KSEB | 9.0 | ഇല്ല |
| 12. | ആങ്ങമൂഴി- പ്ലാപ്പള്ളി | PWD | 8.0 | ഉണ്ട് |
| 13. | ആങ്ങമൂഴി- മൂഴിയാർ-ഗവി | PWD | 65 | ഉണ്ട് |

# നിലവിലുള്ള മൺറോഡുകൾ

| ക്രമനമ്പർ | വാർഡ് | റോഡിൻെറപേര് | ദൂരം |
|---|---|---|---|
| 1. | I | സീതത്തോട്ഹൈസ്കൂൾ- വെട്ടോലിപ്പടി റോഡ് | 1 കി.മി |
| 2. | | സീതത്തോട് മലവഴി -മൂന്നുകല്ല് | 1.5 കി.മി |
| 3. | | മൂന്നുകല്ല് വള്ളക്കടവുവഴി- അടിയാൻ കാലാറോഡ് | 2 കി.മി |
| 4. | | സീതത്തോട് പള്ളിപ്പടി വള്ളക്കടവുവഴി-വാഴപിള്ളേത്തുപടി റോഡ് | 2 കി.മി |
| 5. | | സീതത്തോട് (തേക്കുമൂടുംവഴി) വയ്യാറ്റുപുഴ റോഡ് | 2 കി.മി |
| 6. | | മൂന്നുകല്ല്-കൊട്ടുപ്പള്ളിമല | 1 കി.മി |
| 7. | | എൺപത്തിആറ്- ഊരാൻപാറ റോഡ് | 2 കി.മി |
| 8. | | സീതത്തോട്(എൺപത്തിആറ്) വഴി ഊരാൻപാററോഡ് | 1 കി.മീ |
| 9. | | കടപ്രപ്പടി കടയ്ക്കേത്തുപടി അതുപ്പുകൽ വരെയുള്ളറോഡ് | 2 കി.മി |
| 10. | II | വെട്ടോലിപ്പടി-മണികൺഠൻ കാലാറോഡ് | 2 കി.മീ. |
| 11. | | ഗുരുനാഥൻ മണ്ണ്-കുന്നം | 3 കി.മി |
| 12. | | താഴാംപടി-കുന്നംറോഡ് | 2 കി.മി |
| 13. | | സീതക്കുഴി ലക്ഷംവീട് ജംങ്ഷൻ പുഷ്പമംഗത്തുപടി റോഡ് | 1.5 കി.മി |
| 14. | | മുത്തേത്തുപടി-ആലുവാംകുടി റോഡ് | 2 കി.മി |
| 15. | | മുണ്ടൻപാറ-ഗുരുനാഥൻ മണ്ണ് ബൗണ്ടറി (വടക്കേക്കരവഴി) | 1.5 കി.മി |
| 16. | | ഗുരുനാഥൻമണ്ണ് ബൗണ്ടറി തെക്കേക്കരവഴി | 1 കി.മി |
| 17. | | ഗുരുനാഥൻ മണ്ണ്-ചിപ്പൻ കോളനി റോഡ് | 1 കി.മി |
| 18. | III | മൂലമണ്ണിൽപ്പടി മുല്ലയ്ക്കൽപ്പടി റോഡ് | 0.5 കി.മി |
| 19. | | പുഷ്പമംഗലത്തുപടി- ആനച്ചന്ത റോഡ് | 3 കി.മി |
| 20. | | കണ്ടൻകുളത്തുപടി കൊയ്പള്ളിപ്പടി റോഡ് | 1 കി.മി |
| 21. | | കോട്ടക്കുഴി-കോട്ടപ്പാറ റോഡ് | 2 കി.മി |
| 22. | | കോട്ടക്കുഴി-ആനച്ചന്തറോഡ് | 2 കി.മി |
| 23. | | ആനച്ചന്ത- തടത്തേൽപ്പടി റോഡ് | 2 കി.മി |
| 24. | | മന്ദിരംപടി-കോട്ടക്കുഴി റോഡ് | 3 കി.മി |
| 25. | IV | ആനച്ചന്ത, 22-ാം ബ്ലോക്ക് റോഡ് | 2 1/2 കി.മി |
| 26. | | കൊച്ചുകോയിക്കൽ 75-ാം ബ്ലോക്ക് റോഡ് | 2 കി.മി |
| 27. | | കൊച്ചുകോയിക്കൽ(കമ്പനിവഴി) അളിയൻമുക്ക് റോഡ് | 3 കി.മി |
| 28. | | കൊച്ചുകോയിക്കൽ (വടക്കേക്കര) മൂന്നാം ബ്ലോക്ക് റോഡ് | 5 കി. മീ. |
| 29. | | ഉതിംകാട്ടിൽപ്പടി - കൊച്ചുകോയിക്കൽ റോഡ് | 2 കി. മീ. |
| 30 | | കൊച്ചുകോയിക്കൽ - ആനപ്പാറ റോഡ് | 2 കി. മീ |
| 31. | | 75-ാം ബ്ലോക്ക് 22-ാം ബ്ലോക്ക് റോഡ് | 5 കി. മീ. |

| ക്രമനമ്പർ | വാർഡ് | റോഡിൻെറപേര് | ദൂരം |
|---|---|---|---|
| 32. | | 3-ാം ബ്ലോക്ക് (താഴെമണ്ണിപ്പടി) പന്നിമൂലറോഡ് | 1 കി.മീ. |
| 33. | | അളിയൻമുക്ക് (കമ്പനി വഴി) വട്ടമലപ്പടി റോഡ് | 1. കി.മീ. |
| 34. | | അളിയൻ മുക്ക് (മനേഴി ഗണപതിമല റോഡ് | 750 മീറ്റർ |
| 35. | V | കൊച്ചുകോയിക്കൽ മൂഴി (ഉറുമ്പനി വഴി) വാലുപാറ റോഡ് | 4 കി. മീ. |
| 36. | | കുളികടവുങ്കൽപ്പടി (കൊച്ചുകോട്ടമൺ പാറവഴി) പള്ളിപ്പടി റോഡ് | 2 കി.മീ. |
| 37. | | ഉറുമ്പനി - കൊച്ചുകോട്ടമൺ പാറ റോഡ് | 2 കി.മീ. |
| 38. | | കോട്ടമൺ പാറ - അടിയാൻ കാല റോഡ് | 2. കി. മീ. |
| 39. | VI | ആലുംങ്കൽ - ആങ്ങമൂഴി റോഡ് | 1 കി. മീ. |
| 40 | | ആങ്ങമൂഴി - പള്ളിപ്പാറ റോഡ് | 1 കി. മീ. |
| 41 | | ആങ്ങമൂഴി - തേവർ മല റോഡ് | 2 കി. മീ. |
| 42. | | ആങ്ങമൂഴി - കിളിയെറിഞ്ഞാം കല്ല് റോഡ് | 3 കി. മീ. |
| 43. | | ആങ്ങമൂഴി - പാലത്തടിയാർ റോഡ് | 1 കി. മീ. |
| 44. | | ആങ്ങമൂഴി - പായ്ക്കാട്ടുപടി റോഡ് | 750 മീറ്റർ |
| 45. | | ആങ്ങമൂഴി - ഹൈസ്കൂൾ ജംങ്ഷൻ റോഡ് | 750 മീറ്റർ |
| 46. | VII | കോട്ടമൺ പാറമൂഴി - മനോത്തരപ്പടി റോഡ് | 3 കി. മീ. |
| 47. | | കൊച്ചനോലിപ്പടി - ഊളക്കാവിൽപ്പടി റോഡ് | 1 കി. മീ. |
| 48. | | കോട്ടമൺപാറ - അടിയാൻ കാല റോഡ് | 1 കി.മീ. |
| 49. | | ആലയ്ക്കൽപ്പടി - പണത്തിപ്പാറ റോഡ് | 1.400 മീറ്റർ |

## പ്രശ്നങ്ങൾ

1. പുതിയ റോഡുകൾ നിർമിക്കാൻ ആവശ്യമായ ഫണ്ടിൻെറ ദൗർലഭ്യം റോഡ് നിർമ്മാണത്തിനു തടസമായി നിൽക്കുന്നു.
2. കാലാകാലങ്ങളിൽ നിലവിലുള്ള റോഡുകൾ മെയിൻെറനൻസ് ചെയ്യാത്തതുമൂലം മഴക്കാലമാകുമ്പോഴേയ്ക്കും കുണ്ടുകളും കുഴികളുമായി മാറുന്നു.
3. കാനകൾ ഇല്ലാത്തതുകാരണം മഴവെള്ളം റോഡിൽ കൂടി തന്നെ ഒലിച്ചു പോകുന്നു.
4. വികസന പ്രവർത്തനങ്ങളിൽ പൂർണമായ ജനപങ്കാളിത്തം ലഭിക്കുന്നില്ല.
5. സന്നദ്ധസംഘടനകളുടെ യാതൊരു പ്രവർത്തനവും റോഡു നിർമ്മാണത്തിൽ ലഭിക്കുന്നില്ല.
6. നിലവിലുള്ള റോഡുകൾ സംരക്ഷിക്കുന്നതിൽ ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന താല്പര്യക്കുറവ്.
7. കെ.എസ്.ഇ.ബി.യുടെയും ടെലികമ്മ്യൂണിക്കേഷൻെറയും പോസ്റ്റുകൾ നിലവിലുള്ള റോഡിൽ തന്നെ സ്ഥിതി ചെയ്യുന്നു.
8. പശ്ചിമഘട്ട പ്രദേശമായതുകൊണ്ട് ഇവിടെയുള്ള റോഡുകൾ കൂടുതലും വളവുകളും, തിരിവുകളും വീതി കുറഞ്ഞതുമാണ്. അതിനാൽ വാഹനങ്ങൾക്ക് അപകടം ഉണ്ടാകുന്നതിനുള്ള സാധുത കൂടുന്നു.
9. യാത്രാവാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ലാത്തതിനാൽ യാത്രക്കാർക്ക് കടതിണ്ണകളിലും, വെയിലത്തും നിൽക്കേണ്ടി വരുന്നു.
10. റോഡ് നിർമ്മാണത്തിൽ സ്വകാര്യവ്യക്തികളുടെ പട്ടയഭൂമിയുടെ (റോഡ്സൈഡ്) ഭാഗം വിട്ടുകിട്ടാത്തത് പ്രശ്നമായി അവശേഷിക്കുന്നു.
11. കെ.എസ്.ആർ.ടി.സി. ബസുകളുടെ കുറവ് സ്വകാര്യ വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, മത്സരഓട്ടംമൂലം അപകടമുണ്ടാകുവാൻ കാരണമായിത്തീരുകയും ചെയ്യുന്നു.

ഗതാഗതയോഗ്യമാക്കേണ്ടതും ടാർ ചെയ്യപ്പെടേണ്ടതുമായ റോഡുകൾ (അവലംബം ഗ്രാമസഭാ റിപ്പോർട്ട്)

### വാർഡ് ഒന്ന്

| ക്രമമ്പർ | റോഡിൻെറ പേര് |
|---|---|
| 1 | മൂന്നുകല്ല്- അള്ളുങ്കൽ കോളനി |
| 2 | സീതത്തോട്- തേക്കുംമൂട്- വയ്യാറ്റുപുഴ റോഡ് |
| 3 | 86 പള്ളിപ്പടി- ഊരാംപാറ- കൊട്ടൂപ്പള്ളിമല റോഡ് |
| 4 | സീതത്തോട് എസ്.എൻ.ഡി.പി. പടി- മൂന്ന് കല്ല് |
| 5 | സീതത്തോട് -കൊട്ടൂപ്പള്ളിമല |
| 6 | തേക്കുംമൂട്- കൊട്ടൂപ്പള്ളി മല |
| 7 | മൂന്ന്കല്ല് - കൊട്ടൂപ്പള്ളിമല |
| 8 | കുഴികണ്ടത്തിൽപടി- ഊരാംപാറ |
| 9 | ഗുരുമന്ദിരം- ലക്ഷംവീട് കോളനി |
| 10 | സീതത്തോട് ഹൈസ്ക്കൂൾ- വെട്ടോലിപ്പടി |
| 11 | കടപ്രപടി- കടയ്ക്കേത്ത്പടി- അള്ളുങ്കൽ |

a. മേൽപറഞ്ഞ റോഡുകൾ ആവശ്യമായ കലുങ്കുകളും,

ആവശ്യമായ സ്ഥലത്ത് സംരക്ഷണഭിത്തികെട്ടുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുക.

b. സീതത്തോട് മാർക്കറ്റ് വികസനത്തിൻെറ ഭാഗമായി നിലവിൽ കക്കാട്ടാറിൻെറ തീരത്തുള്ള സംരക്ഷണഭിത്തി കുറേക്കൂടി ഇറക്കി കെട്ടി കൂടുതൽ സ്ഥലം കണ്ടെത്തി ടാക്സിസ്റ്റാൻഡും, ബസ്സ്റ്റാൻഡും നിർമ്മിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തണം.

c. സീതത്തോട് പഞ്ചായത്തിൻെറ വികസനപ്രക്രിയയിലെ പ്രധാന കണ്ണിയായ ചിറ്റാർതോട്ടിലെ പാലം എത്രയും പെട്ടെന്ന് നിർമിക്കുക.

d. മൂന്ന്കല്ല് കടവിൽ 7-ാംവാർഡുമായി ബന്ധപ്പെടത്തി ക്രോസ്വേ നിർമിക്കുക.

## വാർഡ് മൂന്ന്

ക്രമനമ്പർ റോഡിൻെറ പേര്

1 സീതത്തോട്- ഗുരുനാഥൻ മണ്ണ്- കുന്നം
2 വെട്ടോലിപ്പടി- മണികണ്ഠൻകാലാ
3 ഗുരുനാഥൻ മണ്ണ്- 22-ാം ബ്ലോക്ക്
4 വഞ്ചിപ്പടി- ആലുവാംകുടി
5 മുണ്ടമ്പാറ- അമ്പലംറോഡ്
6 പാലച്ചുവട്-പോസ്റ്റാഫീസ് റോഡ്
7 ഫോറസ്റ്റ് സ്റ്റേഷൻ- ചിപ്പൻകുഴിറോഡ്
8 താഴാംപടി- കുന്നം റോഡ്

a. എല്ലാം റോഡുകൾക്കും ആവശ്യമായ കലുങ്കുകളും സംരക്ഷണഭിത്തിയും നിർമിക്കുക.

b. താഴാംപടി റോഡിൽ നിന്നും കുന്നംറോഡിലേക്കുള്ള സ്റ്റെപ്പുകൾ നിർമ്മിക്കുക.

c. ധാരാളം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമായതുകൊണ്ടും വിദ്യാഭ്യാസസ്ഥാപനങ്ങൾ വളരെ ദൂരെ ആയതുകൊണ്ടും ഗുരുനാഥൻ മണ്ണ് പ്രദേശത്തേക്ക് ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

d. ഗുരുനാഥൻ മണ്ണിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുക.

## വാർഡ് മൂന്ന്

1 കണ്ടംകുളത്തുപടി-മുണ്ടമ്പാറ
2 സീതത്തോട്- കോട്ടക്കുഴി- ആനച്ചന്ത
3 സീതക്കുഴി- കൊയ്പള്ളി റോഡ്
4 കോട്ടക്കുഴി- മന്ദിരംപടി- ആനച്ചന്ത റോഡ്
5 ആനച്ചന്ത- തടത്തേൽപ്പടി റോഡ്
6 പുഷ്പമംഗലത്തുപടി ആനച്ചന്ത റോഡ്
7 കോട്ടക്കുഴി- കോട്ടപ്പാറ റോഡ്.

എല്ലാ റോഡുകളിലും കലുങ്കുകളും, ഓടകളും നിർമ്മിക്കണം.

## വാർഡ് നാല്

ക്രമനമ്പർ റോഡിൻെറ പേര്

1 വാഴകുന്നത്ത് പടി- 75-ാം ബ്ലോക്ക് (തെക്കേക്കര റോഡ്)
2 കുളത്തിമുക്ക്- 4-ാം ബ്ലോക്ക് (വടക്കേക്കര)
3 കുളത്തിമുക്ക്-വട്ടമലപടി- 8-ാം ബ്ലോക്ക്
4 കോട്ടക്കുഴി- ആനച്ചന്തവഴി 22-ാം ബ്ലോക്ക്
5 കുളഞ്ഞിമുക്ക്- ആനപ്പാറമല
6 പവർഹൗസ്- കോട്ടക്കുഴി
7 75-ാം ബ്ലോക്ക്- 3-ാം ബ്ലോക്ക് (തെക്കും, വടക്കും കരഭാഗങ്ങൾ)
8 3-ാം ബ്ലോക്ക് - താഴേമണ്ണിൽപടി- പന്നിമൂല
9 75-ാം ബ്ലോക്ക്- 4-ാം ബ്ലോക്ക് (തെക്കേക്കര കല്ലേത്തുബാബുവിൻെറ പടിറോഡ്)
10. കുരിശിന്മൂട്-കോട്ടക്കുഴി- ആനച്ചന്ത മന്ദിരംപടി
11. വട്ടമപടി- അളിയന്മുക്ക്
12. കൊച്ചോലിക്കൽപടി- കോട്ടപ്പാറ
13. ആനച്ചന്ത- ഗുരുനാഥൻ മണ്ണ്
14. ആനച്ചന്ത- കോട്ടപ്പാറ
15. മണക്കാലംപള്ളിപ്പടി- പന്നിമൂല
16. ആനപ്പാറ- അള്ളുങ്കൽ
17. കടവംകോട്ടുപടി-പന്നിമൂലറോഡ്
18. 75-ാംബ്ലോക്ക്- 22-ാം ബ്ലോക്ക്

a. നാലാം വാർഡിലെ എല്ലാ റോഡുകൾക്കും കലുങ്കുകളും സംരക്ഷണഭിത്തിയും കെട്ടുക.

b. 75-ാം ബ്ലോക്കിൽ ഫോറസ്റ്റ് സ്റ്റേഷൻ പടി, തോട്ടയ്ക്കൽപടി, കുളത്തിമുക്ക്-കമ്പിനിറോഡ്, വള്ളിക്കാലാപടി, കൈതോപടി, വല്ലഭത്തും തോട്, തെക്കേക്കര റോഡിൽ വിശ്വംഭരൻെറ പടി, തുടങ്ങിയ സ്ഥലങ്ങളിൽ ചെറിയ പാലങ്ങൾ പണിഞ്ഞ് ഗതാഗത സൗകര്യമുണ്ടാക്കുക.

## വാർഡ് അഞ്ച്

ക്രമനമ്പർ റോഡിൻെറ പേര്

1 ഉരുമ്പനി- വാലുപാറ
2 കാലായിൽപടി- ഭയങ്കരാമുടി- പട്ടികവർഗ്ഗ കോളനി
3 പള്ളിപ്പടി- മുക്കുങ്കത്തടം.

4 മതിങ്കാട്ടിൽപടി- എൻ.എസ്.എസ്.പടി

5 അളിയൻ മുക്ക്- വടമടമലപ്പടി

6 കുളികടവുങ്കൽപടി- പള്ളിപ്പടി

7 പനംതോട്ടത്തിൽപ്പടി- വെങ്കുറിഞ്ഞിമല വഴി മുക്കുങ്കൽ താഴെ പടി

8 കുളിക്കടവുങ്കൽപടി- പറമ്പത്തുപടി

9 അഴകന്താനത്ത് പടി- ആരംപുളിയ്ക്കൽ

10 പി.സി.പടി- പുത്തമ്പുരക്കൽ പടി വഴി- ഓതറേത്ത് റോഡ്

a. കുറ്റിക്കാട്ടിൽപ്പടി,കരികുളംപടിതോട്, പുതുപ്പറമ്പിൽ പടി വട്ടമലപ്പടി തോട്, പുത്തൻപുരയ്ക്കൽ തോട് എന്നിവിടങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുക.

b. കൊച്ചുകോട്ടമൺപാറ, കോട്ടമൺപാറ ആറ്റിൽ കടത്തുവള്ളം ഏർപ്പെടുത്തുക.

### വാർഡ് ആറ്

ക്രമനമ്പർ റോഡിൻെറ പേര്

1 ആങ്ങമൂഴി-കൊച്ചാണ്ടി വടക്കേക്കര

2 ആങ്ങമൂഴി- തേവർമല

3 ആങ്ങമൂഴി-പഞ്ഞിപ്പാറ

4 ആങ്ങമൂഴി- എസ്.എ.വി.ഹൈസ്ക്കൂൾ.

5 അളിയൻ മുക്ക്-ഗണപതിമഠം റോഡ്

6 പാലത്തടിയാർ- ആങ്ങമൂഴി തെക്കേക്കര റോഡ്

7 ആങ്ങമൂഴി ഹൈസ്ക്കൂൾ-കിളിയെറിഞ്ഞാംകല്ലിമല

8 കവിയിൽപ്പടി- തേവർമല

9 ആങ്ങമൂഴി കടമ്മനിട്ടപ്പടി- ഇടുപ്പുകല്ല്

a. ആങ്ങമൂഴി- മൂഴിയാർ റോഡിലുള്ള ഓടകൾ വൃത്തിയാക്കി കാലാകാലങ്ങളിൽ റോഡ് മെയിൻറൻസ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

b. കൊച്ചാണ്ടിപള്ളി ജംഗ്ഷൻ- കിളിയെറിഞ്ഞാം കല്ല്മല പാത വീതി കൂട്ടുക.

c. കല്ലേമാടംപടി- പൂവേലിക്കുന്ന് ഭാഗത്ത് നിലവിലുള്ള സ്റ്റെപ്പുകൾ കെട്ടി സഞ്ചാരയോഗ്യമാക്കുക.

d. ആങ്ങമൂഴി- ആലയ്ക്കൽപടി കുളികടവ് പടികൾ കെട്ടി ഉപയോഗ്യയോഗ്യമാക്കുക

e. വാലുപാറ ജംഗ്ഷൻ- പുത്തമ്പുര തമ്പിയുടെ പടി വരെയുള്ള പാതയിൽ പടികൾ നിർമ്മിക്കുക.

f. വാലുപാറ ജംഗ്ഷനിൽ നിന്നും കുളികടവിലേക്ക് പടികൾ കെട്ടുക

g. ആങ്ങമൂഴിയിൽ ബസ്സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ് ഇവ സ്ഥാപിക്കുക.

### വാർഡ് ഏഴ്

ക്രമനമ്പർ റോഡിൻെറ പേര്

1 മണക്കയം- കോട്ടമൺ പാറ

2 കോട്ടമൺപാറ- ആങ്ങമൂഴി

3 കോട്ടമൺപാറ- പാണ്ഡ്യംപാറ

4 ഊളക്കാവിൽ- കൊമ്പനോലിപ്പടി

5 കോട്ടമൺപാറ- അടിയാൻകാലാ റോഡ് (ശിവവിലാസം പട്ടികജാതി കോളനി)

6 പഞ്ഞിപ്പാറ- കൊമ്പനോലിപടി

7 ആലയ്ക്കൽപടി- ചതുപ്പുറോഡ്

a. എല്ലാ റോഡുകൾക്കും കലുങ്കുകളും, സംരക്ഷണഭിത്തിയും നിർമ്മിക്കുക.

b. പത്തനംതിട്ട- കോട്ടമൺപാറ റൂട്ടിൽ കെ.എസ്.ആർ.ടി.സി.ബസ് സർവീസ് ആരംഭിക്കുക.

### വാർഡ് എട്ട്, ഒമ്പത്

കെ.എസ്.ഇ.ബി.യുടെ പദ്ധതിപ്രദേശമാണെങ്കിലും പി.ഡബ്ല്യൂ.ഡി.യാണ് ഈ റോഡുകൾ കാലാകാലങ്ങളിൽ മെയിൻറനൻസ് ചെയ്യുന്നത്. ഇപ്പോൾ റോഡിൻെറ പല ഭാഗങ്ങളും കുണ്ടുംകുഴിയുമായി മാറിയിരിക്കുന്നു.

## നിർദേശങ്ങൾ

a. ആങ്ങമൂഴി മുതൽ പച്ചക്കാനം, ഗവി വരെയുള്ള പി.ഡബ്ല്യൂ.ഡി. റോഡ് പഞ്ചായത്ത് സമിതി ഏറ്റെടുത്ത് മുഴുവൻ പണികളും ചെയ്തു തീർക്കണം.

b. ടൂറിസം സാധ്യതയുള്ള പ്രദേശമായതുകൊണ്ട് റോഡിലേക്ക് കയറിക്കിടക്കുന്ന കാട്ടുചെടികൾ റോഡിൻെറ ഇരുസൈഡിൽ നിന്നും രണ്ടടിയെങ്കിലും ഉള്ളിലോട്ട് മാറ്റി വെട്ടിക്കളയുക.

c. മൂഴിയാർ ജനറേഷൻ കോളനിയിലേക്കുള്ള തടിപ്പാലം പൊളിച്ചുകളഞ്ഞ് കോൺക്രീറ്റുപാലം പണിയുക.

d. മൂഴിയാർ പവർഹൗസിലേക്ക് പോകുന്ന വഴിയിലുള്ള ബസ്സ്റ്റോപ്പിൽ അപകടസ്ഥിതിയിലായ വെയിറ്റിംഗ്ഷെഡിനു പകരം പുതിയത് പണിയുക.

# 5.2.e ഊർജ്ജം

കേരളത്തിലെ വൈദ്യുതോത്പാദനരംഗത്ത് രണ്ടാം സ്ഥാനത്തുനിൽക്കുന്ന ശബരിഗിരി ജലവൈദ്യുത പദ്ധതി സീതത്തോട് പഞ്ചായത്തിലാണ്. 1967-ൽ 300 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതി കമ്മീഷൻ ചെയ്തു. 1979-ാണ് ഈ പ്രദേശത്തു വൈദ്യുതി എത്തുന്നത്. ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി പൂന്തുരുത്ത് ഭാഗത്തേക്കാണു പോകുന്നത്. വൈദ്യുതി ഉൽപാദനമേഖലയായിരുന്നിട്ടുപോലും ഈ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും ഇന്നും ഇരുട്ടിലാണ്. 5688 വീടുകൾ നിലവിലുള്ളതിൽ 1470 വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. ഇതിൽനിന്നുതന്നെ ഈ പ്രദേശത്തെ വൈദ്യുതിയുടെ ലഭ്യത മനസ്സിലാക്കാവുന്നതാണ്. രണ്ടു ദശാബ്ദത്തോളമായി പണി നടന്നുകൊണ്ടിരിക്കുന്ന കക്കാട് ജലവൈദ്യുതപദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരേയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 50 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതി സീതത്തോട്ടിൻെറ ഹൃദയഭാഗത്താണ് സ്ഥിതിചെയ്യുന്നത്. പത്തനംതിട്ട ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പല കാരണങ്ങളാൽ തീർക്കാൻ പറ്റാത്ത സാഹചര്യമാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഒന്നും തന്നെ ജനങ്ങൾ ഉപയോഗിക്കുന്നില്ല. അനേർട്ടിൻെറ വടശേരിക്കരയിലുള്ള ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. കാരണം ജനങ്ങളുടെ അറിവില്ലായ്മയും പ്രചാരണത്തിൻെറ അഭാവവുമാണ്. ഊർജ്ജപ്രതിസന്ധി രൂക്ഷമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾക്ക് വമ്പിച്ച പ്രധാന്യമാണുള്ളത്.

വടശേരിക്കര സെക്ഷൻ ഓഫീസിൻെറ കീഴിലാണ് ഇവിടുത്തെ വൈദ്യുത ഉപഭോക്താക്കൾ. ഉപഭോക്താക്കളിൽ 84.6 ശതമാനം ഗാർഹിക ഉപഭോക്താക്കളും 14.4 ശതമാനം വ്യാപാരവും, 1 ശതമാനം വ്യാവസായികവും ആണ്. കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

| ക്രമ നമ്പർ | വാർഡ് | പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | I | 25 KVA സീതത്തോട് | 600 |
| 2 | I | 100 KVA മൂന്നുകല്ല് | 270 |
| 3 | VI | 100 KVA ആങ്ങമൂഴി | 300 |
| 4 | VII | 100 KVA കോട്ടമൺപാറ | 200 |
| 5 | VI | 100 KVA വാലുപാറ | 100 |
| | | ആകെ | 1470 |

### തെരുവു വിളക്കുകളുടെ എണ്ണം

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ബൾബ് | 200 |
| 2 | ട്യൂബ് | 40 |
| 3 | മെർക്കുറി വേപ്പർ | 5 |
| 4 | സോഡിയം വേപ്പർ | - |

പഞ്ചായത്തിൻെറ 8-ാം വാർഡ് കെ.എസ്.ഇ.ബി.യുടെ ഓഫീസും ശബരിഗിരി പ്രൊജക്ടും ആണ്. 9-ാം വാർഡിൽ ശ്രീലങ്കൻ അഭയാർഥികൾ ആണ് താമസിക്കുന്നത്. ഇവിടെ കെ.എഫ്.ഡി.സി. യുടെ ഏലം പ്ലാൻേറഷൻ ഉണ്ട്. ഇവർ താമസിക്കുന്ന കോളനികൾ ഒന്നും തന്നെ വൈദ്യുതീകരിച്ചിട്ടില്ല. പഞ്ചായത്ത് ഒരു വർഷം 36000 രൂപ. വൈദ്യുതി ബോർഡിനു നൽകുന്നു. പക്ഷെ റോഡു

കളിലെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള ഭൂരിഭാഗം ബൾബുകളും കത്തുന്നില്ല. നിലവിലുള്ള ലൈനുകളിൽ തന്നെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. അതിനാവശ്യമായ നടപടികൾ ഒന്നും തന്നെ എടുത്തിട്ടില്ല.

## പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | നമ്പർ | ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിൻെറ സ്വഭാവം | ടാൻസ് ഫോർമർ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|---|---|
| 1 | 1 | വള്ളക്കടവ് - അടിയാൻ മല കോളനി | 0.5 കി.മീ. | LT/3 | - | 50,000 |
| | 2 | എച്ച്. എസ്. തേക്കുംമൂട് | 0.5 കി.മീ. | LT/1 | - | 30,000 |
| 2 | 3. | സീതക്കുഴി - മുണ്ടൻ പാറ ഗുരുനാഥൻ മണ്ണ് - കുന്നം | 6 കി.മീ. | 11 KV | 100 KVA 3 phase Added to LT | 6,50,000 |
| | 4. | അരിക്കുഴി - കുളത്തിങ്കൽ | 0.5 കി.മീ. | LT/1 | | 30,000 |
| 3 | 5. | കോട്ടക്കുഴി - ആനച്ചന്ത 22-ാം ബ്ലോക്ക് | 4 കി.മീ. | 11 KV 1/2 k.m | 100 KV (I) LT/1 | 2,50,000 |
| | 6. | കൊച്ചുകോയിക്കൽ - 3-ാം ബ്ലോക്ക് 4-ാം ബ്ലോക്ക് | 4 കി.മീ. | 11 KV (I) (LT 8 k.m.) | 100 KVA (2) | 6,50,000 |
| 4 | 7. | കൊച്ചുകോയിക്കൽ- അളിയൻ മുക്ക് - 8-ാം ബ്ലോക്ക് | 4 കി.മീ. | 11 KV (2k.m.) | 100 KVA (1) LT 4 k.m. 3 phase 2k.m. Single phase | 4,00,000 |
| 5 | 8. | കേച്ചേരിപ്പടി - പള്ളിപ്പടി | 2 കി.മീ. | LT/1 | - | 1,20,000 |
| 6 | 9. | എച്ച് എസ്. പടി - ഗണപതി മഠം | 2 കി.മീ. | LT / 3 phase | - | 1,10,000 |
| | 10. | ആങ്ങമൂഴി - നിലയ്ക്കൽ | 2 കി.മീ. | 63 KV | - | 2,25,000 |
| | 11. | ആങ്ങമൂഴി - പഞ്ഞിപ്പാറ | 2 കി.മീ. | LT/3 phase | - | 1,20,000 |

സീതത്തോട് പഞ്ചായത്തിലെ ഹരിജൻ കോളനികൾ ഒന്നുംതന്നെ വൈദ്യുതീകരിച്ചിട്ടില്ല. കൂടുതൽ ജനവാസമുള്ള പലഭാഗങ്ങളും ഇന്നേ വരെ വൈദ്യുതീകരിക്കാൻ കഴിയാത്തതുമൂലം വിദ്യാർത്ഥികളുടെ പഠനത്തിനു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പുതിയ ലൈനുകൾ വന്നെങ്കിൽ മാത്രമെ ഇന്നുള്ള പ്രശ്നത്തിനു പരിഹാരമാവുകയുള്ളു. ഈ പഞ്ചായത്തിൽ സൗജന്യനിരക്കിൽ (20 യൂണിറ്റിൽ താഴെ) വൈദ്യുതി ലഭിക്കുന്ന 60 കുടുംബങ്ങളും ഉണ്ട്.

വോൾട്ടേജ് ക്ഷാമം മൂലം വിലപിടിപ്പുള്ള പല ഇലക്ട്രോണിക് ഉപകരണങ്ങളും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. വൈദ്യുതിയുള്ള വീടുകളിൽ വോൾട്ടേജ് ക്ഷാമം മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നു. തന്മൂലം പല സമ്പന്ന കുടുംബങ്ങളും പാചക ആവശ്യത്തിനു ഇന്ന് പ്രകൃതി വാതകത്തെ ആശയിക്കുന്നു. വൈദ്യുതി ഉത്പാദനത്തിൽ മുൻ പന്തിയിൽ നിന്നിട്ടും വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ് സീതത്തോട്.

7-ാം വാർഡിൽ ഹരിജൻ കോളനികൾ ഒഴികെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്. ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുവാൻ അനർട്ടിൻെറ പുകയില്ലാത്ത അടുപ്പ്, മണ്ണെണ്ണ സ്റ്റൗ, സൗരോർജ്ജപാനൽ, ഇലക്ട്രോണിക്ക് ചോക്ക് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. വൈദ്യുതി ലൈനുകളിൽ റോഡ് സൈഡിൽ നിൽക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടി മാറ്റാത്തതു മൂലം പ്രസരണ നഷ്ടം ഉണ്ടാകുന്നു.
2. ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കപ്പെടുന്ന കാര്യത്തിൽ ലൈനിൽ ജോലി നോക്കുന്നവരുടെ അനാസ്ഥ ഉണ്ടാകുന്നു.
3. കത്താതെ കിടക്കുന്ന സ്ട്രീറ്റ് ലൈറ്റുകൾ അറിയിപ്പു കൊടുത്താലും യഥാസമയങ്ങളിൽ മാറ്റി സ്ഥാപിയ്ക്കപ്പെടുന്നില്ല.
4. ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം പകൽ സമയങ്ങളിൽ പോലും സ്ട്രീറ്റ് ബൾബുകൾ കത്തി കിടക്കുന്നതുമൂലം വൈദ്യുതി പാഴായിപോകുന്നു.
5. നിലവിലുള്ള മീറ്റർ റീഡിംഗ് സമ്പ്രദായം മൂലം ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ഉപഭോക്താക്കളിൽ നിന്ന് അധിക ചാർജ്ജ് ഈടാക്കുന്നു.
6. വ്യവസായസംരംഭങ്ങളെ ഒരുവശത്ത് സർക്കാർ പ്രോത്സാഹിപ്പിക്കുമ്പോൾ മറുവശത്ത് സമയത്തിന് വൈദ്യുതി കണക്ഷൻ നൽകാതെ വ്യവസായ സംരഭങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.
7. സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത വൈദ്യുതി ജീവനക്കാരുടെ അലസത മൂലം വൈദ്യുതികണക്ഷൻ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു.
8. പാരമ്പര്യ ഊരജ്ജ് സ്രോതസുകളെക്കുറിച്ച് ജനങ്ങളിലുള്ള അറിവില്ലായ്മ.

## നിർദ്ദേശങ്ങളും സാധ്യതകളും

1. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.
2. സീതക്കുഴി-മുണ്ടൻപാറ-കോട്ടക്കുഴി ഭാഗം വൈദ്യുതീകരണം നടത്തുന്നതിന് 1986-ൽ അനുവദിച്ച ആർ.ഇ.സി.സി. സ്ക്കീം നടപ്പിലാക്കുക.
3. പവർ ഹൗസുകൾ നിലവിലുള്ള പ്രദേശങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മുൻഗണന പരിഗണിച്ച് കക്കാട് പവ്വർ ഹൗസിൽ ഉത്പാദിപ്പിക്കാൻ പോകുന്ന വൈദ്യുതിയുടെ ഒരു ഭാഗം ഈ പഞ്ചായത്തിൻെറ വൈദ്യുതീകരണത്തിനായി ഉപയോഗിക്കുക.
4. സീതത്തോട് പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കുക.
5. സീതത്തോട് പഞ്ചായത്തിൻെറ പ്രധാന ഭാഗങ്ങളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
6. ആങ്ങമൂഴി ജംഗ്ഷനിൽ മെർക്കുറി ലാമ്പുകൾ സ്ഥാപിക്കുക.
7. സീതത്തോട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. യുടെ സെക്ഷൻ ആഫീസ് സ്ഥാപിക്കുക.
8. പാചക വാതക ഏജൻസി സീതത്തോട്ടിൽ സ്ഥാപിക്കുക.
9. കോട്ടമൺപാറ ജംഗ്ഷനിൽ മെർക്കുറി ലാമ്പും ജംഗ്ഷനോടുള്ള സമീപ പ്രദേശങ്ങളിൽ പോസ്റ്റുകളിൽ ബൾബുകളും സ്ഥാപിക്കുകയും ചെയ്യുക.
10. കെ.എഫ്.ഡി.സി. യുടെ ഏലം പ്ലാൻേറഷനുള്ള 9-ാം വാർഡിൽ പൊതു നിരത്തുകളിലെല്ലാം വൈദ്യുത വിളക്കുകൾ സ്ഥാപിക്കുക.
11. നിലവിലുള്ള മീറ്റർ റീഡിംഗ് മാറ്റി സെൽഫ് റീഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുക.



# 5.2.f മാർക്കറ്റ്

പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കു ലഭ്യമാക്കുക എന്നതാവണം ഒരു മാർക്കറ്റിൻെറ ഉദ്ദേശ്യം. കാർഷികമേഖലയായ സീതത്തോട് പഞ്ചായത്തിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും ജനങ്ങൾ പ്രധാനമായും ഈ മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ മലയോര പ്രദേശങ്ങളിലുള്ള വളരെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ ഒന്നാണ് സീതത്തോട് പൊതുമാർക്കറ്റ്. ഈ പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികവിളകളും നാണ്യവിളകളും ആഴ്ചയിൽ രണ്ടുദിവസം ഇവിടെ ക്രയവിക്രയം ചെയ്യപ്പെടുന്നു.

ചിറ്റാർ – ആങ്ങമൂഴി റോഡിൻെറ തെക്കുഭാഗത്തും കക്കാട്ടാറിൻെറ വടക്കുമായാണ് സീതത്തോട് മാർക്കറ്റ് സ്ഥിതി ചെയ്യുന്നത്. ചെറിയ ഏറുമാട കടകളും ഷെഡ്ഡുകളുമായി 45 വർഷം മുമ്പ് ആണ് മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലും മറ്റു ഷെഡ്ഡുകളിലുമായി വിപണനം നടക്കുന്നു. വലിയതുരുത്തിയിൽ ശ്രീരാമപ്പണിക്കരുടെ പുരയിടത്തിൽ ആരംഭിച്ച മാർക്കറ്റിനോടു ചേർന്നു വലിയ ഒരു വാകമരം നിന്നിരുന്നു. ഒട്ടേറെ കാർഷിക സമരങ്ങൾക്കും സമ്മേളനങ്ങൾക്കും വേദിയും തണലുമായി നിന്നിരുന്ന വാകമരം കാലപ്പഴക്കംമൂലം കേടുവന്നു മുറിച്ചു മാറ്റുകയും അവിടെ പഞ്ചായത്തു ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയും ചെയ്തു.

ആഴ്ചച്ചന്ത ചൊവ്വ, വെള്ളി ദിവസങ്ങളിലായി നടക്കുന്നു. വലിയ ജനക്കൂട്ടം മാർക്കറ്റിലെത്താറുണ്ടെങ്കിലും സ്ഥലപരിമിതി വളരെയേറെയാണ്. പഞ്ചായത്തുവക 50 സെൻറ് സ്ഥലത്തു പ്രവർത്തിക്കുന്ന മാർക്കറ്റിൻെറ വിപുലീകരണത്തിനുവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ടാക്സി, ടെമ്പോ എന്നിവയുടെ പാർക്കിംഗിനും സ്റ്റാൻഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പച്ചക്കറി, മൽസ്യം, മാംസം എന്നിവയുടെ വ്യാപാരത്തിനായി ഓലഷെഡ്ഡുകളാണുള്ളത്. ചന്തസ്ഥലത്ത് ആധുനിക സൗകര്യങ്ങളും ക്രമീകരണങ്ങളും ഉണ്ടാകണം. പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നതിനും ഡ്രയിനേജിനും സംവിധാനമില്ലാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്ന മൽസ്യമാംസാദികൾ ഗുണമേന്മയുള്ളതാണെന്ന് യഥാസമയം ഉറപ്പുവരുത്തേണ്ടതാവശ്യമാണ്.

മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവിനത്തിലൂടെ ഗണ്യമായ ഒരു വരുമാനം പഞ്ചായത്തിനു ലഭിക്കുന്നു. എന്നാൽ കരാറുകാർ അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ തുക ഈടാക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. 1995–'96–ൽ പഞ്ചായത്തിൻെറ വരുമാനത്തിൻെറ 6.83% മാർക്കറ്റിൽ നിന്നുള്ളതാണ്.

### മാർക്കറ്റ് വരുമാനം 1995–'96

| | |
|---|---|
| ഇറച്ചി സ്റ്റാൾ | 82,500 രൂപ |
| കെട്ടിടത്തിൻെറയും | |
| ഭൂമിയുടെയും വാടക | 70,030 രൂപ |
| തുറസ്സായ ചന്ത | 42,585 രൂപ |

മാർക്കറ്റിൽ പഞ്ചായത്തുവകയായി ഒരു മാർക്കറ്റിംഗ് സ്റ്റാൾ ഉണ്ട്. ഇതിൻെറ ഇരുവശത്തുമുള്ള 16 മുറികൾ ഒരു ഷോപ്പിംഗ് കോംപ്ലക്സായി ഉപയോഗിക്കുന്നു. ഇതു വർഷംതോറും വ്യാപാരികൾക്ക് കച്ചവടത്തിനായി വാടകയ്ക്ക് വിട്ടുകൊടുത്തിരിക്കുന്നു. ഈയിനത്തിൽ 1995–'96 വർഷത്തിൽ 70,030 രൂപ വാടകയായി ലഭിച്ചിട്ടുണ്ട്. ആങ്ങമൂഴിയിൽ 50 സെൻറ് സ്ഥലത്ത് നേരത്തേ പ്രവർത്തിച്ചിരുന്ന മാർക്കറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആങ്ങമൂഴിയിൽ പൊതുമാർക്കറ്റ് പുനരുദ്ധരിച്ചാൽ മാർക്കറ്റ് മുഖാന്തരമുള്ള വരുമാനം കൂടുതൽ വർദ്ധിപ്പിക്കാം.

സീതത്തോട് പൊതുമാർക്കറ്റിൽ വാഴക്കുല, നാളികേരം, കശുവണ്ടി, മരച്ചീനി, പച്ചക്കറി, കുരുമുളക്, റബർ, കോലിഞ്ചി എന്നിവയാണ് പ്രധാനമായെത്തുന്ന കാർഷിക വിളകൾ. ചന്തദിവസങ്ങളുടെ തലേദിവസം മുതൽ വാഴക്കുല വ്യാപാരം ആരംഭിക്കുന്നു.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. നിലവിലുള്ള മാർക്കററിന്റെ തെക്കുഭാഗത്തുള്ള ആറ്റുതീരത്ത് മൽസ്യം, മാംസം, പച്ചക്കറി, മറ്റു കാർഷിക വിളകൾ എന്നിവയുടെ സ്റ്റാളുകൾ ഉൾപ്പെടുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ മാർക്കറ്റ് അടിയന്തരമായി സ്ഥാപിക്കുക.
2. മാർക്കറ്റ് സ്റ്റാളുകൾ, മൂത്രപ്പുര, കിണർ എന്നിവ വൃത്തിയായി സൂക്ഷിക്കുക.
3. നിരത്തുവക്കിലെ വ്യാപാരം പൂർണ്ണമായും നിരോധിച്ച് ചന്തയ്ക്കുള്ളിലേക്ക് മാറ്റുക.
4. സൗകര്യമായ സ്ഥലം കണ്ടെത്തി ടാക്സി, ബസ് സ്റ്റാൻഡുകൾ നിർമ്മിക്കുക.
5. ടോൾ ഫീസ് പിരിവ് കാലാനുസൃതമായി പരിഷ്കരിക്കുക.
6. ആങ്ങമൂഴിയിൽ അടിയന്തരമായി ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
7. ആങ്ങമൂഴിയിൽ നിലവിലുണ്ടായിരുന്ന മാർക്കറ്റിന്റെ മദ്ധ്യത്തിൽകൂടി കടന്നുപോകുന്ന റോഡിന്റെ ഇരുവശങ്ങളിലും പഞ്ചായത്തുവക സ്റ്റാളുകൾ സ്ഥാപിച്ച് ചന്ത പുനഃസ്ഥാപിക്കുക.
8. കൊച്ചുകോയിക്കലിൽ കുളഞ്ഞിമുക്ക് കേന്ദ്രമാക്കി ഒരു മാർക്കറ്റ് അനുവദിക്കുക.
9. ഒറ്റപ്പെട്ട പ്രദേശമായ ഗവി കേന്ദ്രമാക്കി ഒരു മാർക്കറ്റ് അടിയന്തരമായും സ്ഥാപിക്കുക.





# 5 - 2. G പാർപ്പിടം

സ്വാതന്ത്ര്യം ലഭിക്കുന്ന ഏതൊരു രാജ്യവും പ്രഥമപരിഗണന നൽകുന്നത് -ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയെന്നതിലാണ്. അടിസ്ഥാനസൗകര്യങ്ങൾ കുറ്റമറ്റരീതിതിയൽ അർഹതപ്പെട്ടവർക്ക് നൽകുന്നതിൽ വിവേചനം നിലനിൽക്കുന്നു. ജനസംഖ്യയിൽ ചൈനയോടൊപ്പംതന്നെ മുന്നിൽ നിൽക്കുന്ന നമ്മുടെ രാജ്യത്തിന് ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റപ്പെടാൻ സാധിക്കുന്നില്ല. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ തലചായ്ക്കുവാൻ പോലും ഇടയില്ലാതെ കോടികണക്കിന് ജനങ്ങൾ ബസ്സ്റ്റാൻറുകളിലും, റയിൽസ്റ്റേഷനിലും അന്തിയുറങ്ങുന്നു. ജനക്ഷേമത്തിനു 8 പഞ്ചവത്സരപദ്ധതികൾ നടപ്പാക്കിയെങ്കിലും പാർപ്പിട പ്രശ്നത്തിന് ഇന്നും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ശരിയായ പാർപ്പിട സൗകര്യം ലഭ്യമാകാത്തതുകൊണ്ട് ചേരിനിവാസികളിൽ പകർച്ചവ്യാധികൾ പിടിപെട്ട് ആയിരകണക്കിനാളുകൾ മരിക്കുന്നു. ഇന്ത്യൻഭരണഘടന ഇവിടുത്തെ പൗരന്മാർക്ക് ഒരേ അവകാശങ്ങൾ നൽകുന്നു എങ്കിലും സമ്പന്ന വർഗ്ഗം ഇന്നും ഇവിടുത്തെ സാധാരാണക്കാരനെ ചൂഷണം ചെയ്യുന്ന അവസ്ഥയാണ്.

സീതത്തോട് പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴ് താമസിക്കുന്ന നല്ലൊരു വിഭാഗം ജനങ്ങൾക്കു് ശുചിത്വം പാലിക്കുന്ന വീടുകൾ ഇല്ല. ഓലമേഞ്ഞവീടുകൾ കാലാകാലങ്ങളിൽ നിലനിർത്തുവാൻ ഇവർക്കു സാധിക്കാതെ വരുന്നു. വരും നാളുകളിലെങ്കിലും സാധാരണക്കാരായ ജനങ്ങളുടെ പാർപ്പിടപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് നീങ്ങുന്ന നമ്മുടെ രാജ്യത്ത് എന്ത് വികസനപ്രവർത്തനം നടന്നാലും അർത്ഥപൂർണ്ണമാകുകയില്ല.

ഈ പഞ്ചായത്തിൽ ആകെയുള്ള 5725 വീടുകളിൽ 1832 വീടുകൾ കുടിലുകളാണ്. ഇത് ആകെയുള്ള വീടുകളുടെ 32 ശതമാനം വരും. IRDP സർവ്വേപ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 541 ആണ്. ലക്ഷംവീട് കോളനികളുടെ സ്ഥിതിവളരെ പരിതാപകരമാണ്. ചേരിപ്രദേശങ്ങളിൽ ഒന്നും തന്നെ ഇവിടെ നിലവിലില്ല. പുറംപോക്കിൽ താമസിക്കുന്ന നാമമാത്രമായ കുടുംബങ്ങൾ ഉണ്ട്. അവരെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായ യാതൊരുവിധ നടപടികളും ഇതുവരേയും ഉണ്ടായിട്ടില്ല. ശ്രീലങ്കയിൽ നിന്നും കുടിയേറിയ ആൾക്കാരാണ് ഒൻപതാം വാർഡിൽ താമസിക്കുന്നവരിൽ ഏറിയപങ്കും. KFDC യുടെ കെട്ടടത്തിൽ ആണ് ഇവരുടെ താമസം.

കെട്ടിട നിർമ്മാണരംഗത്തെ കൂലിനിരക്ക്

| സ്ത്രീ | പുരുഷൻ |
|---|---|
| 80 | 100 |

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണസാധനങ്ങളുടെ വിലക്കയറ്റവും ഭൂമിുടെ ദൗർലഭ്യവും പാർപ്പിടനിർമ്മാണരംഗത്തെ പ്രധാന തടസ്സമായി നിൽക്കുന്നു.
2. നിർമ്മാണ തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്ക് സാധാരണക്കാരന്റെ ഭവനനിർമ്മാണസ്വപ്നങ്ങളെ ഇല്ലാതാക്കുന്നു.
3. വീട് നിർമ്മാണത്തിനു വായ്പകൾ ലഭിക്കാനുള്ള കാലതാമസവും നിയമനടപടികളും.

4. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക വിദഗ്ദധരിൽ നിന്നുള്ള ഉപദേശങ്ങൾ ലഭിക്കാത്തത്.
5. കൈവശഭൂമിയിൽ വീടുവയ്ക്കാൻ വായ്പകൾ ലഭിക്കാത്തത്.
6. വിദഗ്ധതൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും വർദ്ധിച്ചുവരുന്ന കൂലി നിരക്കും.
7. പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് റോഡിൽ നിന്നും മൂന്നുമീറ്റർ അകലത്തിൽ കെട്ടിടങ്ങൾ വയ്ക്കേണ്ടതാണ്. ഈ നിയമങ്ങൾ പലപ്പോഴും ജനങ്ങൾ പാലിക്കപ്പെടുന്നില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് വീട് വയ്ക്കാൻ സൗജന്യമായി ധനസഹായം നൽകുക.
2. ലക്ഷംവീടു കോളനിയിൽ താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിത് വൈദ്യുതി കണക്ഷൻ നൽകുക.
3. രണ്ടാം വാർഡിൽ നിലവിലുള്ള 150 തോളം വീടുകളുടെ സ്ഥിതി വളരെ മോശമാണ്. വർഷം 30 വീടുകളെങ്കിലും വച്ച് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുക.
4. ഭവനനിർമ്മാണത്തിന് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
5. നിർധനർക്ക് പുരകെട്ടിമേയുന്നതിനുള്ള ധനസഹായം 500 രൂപയായി വർദ്ധിപ്പിക്കുക.
6. വീടില്ലാത്തവർക്ക് വേണ്ടി ആങ്ങമൂഴിയിൽ ലക്ഷംവീട് കോളനി സ്ഥാപിക്കുക.
7. KFDC യുടെ ഏലം പ്ലാൻേറഷനിൽ ജോലിയിൽ നിന്നും പിരിയുന്ന ആൾക്കാരെ ക്വോർട്ടേഴ്സിൽ താമസിക്കാൻ അനുവദിക്കാത്തതുമൂലം ഇവരെ പഞ്ചായത്തിൻെറ നേതൃത്വത്ത സൗകര്യപ്രദമായ സ്ഥലത്ത് പുനഃരധിവസിപ്പിക്കുക.
8. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
9. പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിൽ ഉള്ള അസംസ്കൃത വസ്തുക്കളായ പാറ, മെറ്റൽ, മണൽ തുടങ്ങിയവയുടെ വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ എടുക്കുക.
10. വീട് വയ്ക്കാൻ വിവിധ ഏജൻസികൾ നൽകുന്ന വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുക.
11. ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലാത്ത ഈ പഞ്ചായത്തിൽ ഹൗസിഗ് സൊസൈറ്റി രൂപീകരിക്കുകയും കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക.
12. ബാങ്കുകൾ വായ്പകൾ നൽകുന്നതിൽ ബോധപൂർവ്വം വരുത്തുന്ന കാലതാമസം ഒഴിവാക്കാൻ നടപടിയെടുക്കുക.
13. ലക്ഷംവീട് കോളനികളിൽ ഒരു വീട്ടിൽ രണ്ട് കുടുംബങ്ങളാണ് താമസിക്കുന്നതെങ്കിൽ ഒരു കുടുംബത്തിന് ഒരു വീട് എന്ന ക്രമത്തിൽ ആക്കുക.

### ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തികരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 85 | 26 | 24 | 2 | 59 |
| II | 97 | 28 | 26 | 2 | 69 |
| III | 89 | 14 | 11 | 3 | 75 |
| IV | 60 | 9 | 9 | | 51 |
| V | 69 | 5 | 5 | | 64 |
| VI | 70 | 15 | 11 | 4 | 55 |
| VII | 65 | 30 | 26 | 4 | 35 |
| VIII | 6 | | | | 6 |
| IX | | | | | |
| ആകെ | 541 | 127 | 112 | 15 | 414 |

# 5 - 3.H വിദ്യാഭ്യാസം

സുസജ്ജവും സുസംഘടിതവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം രൂപവത്കരിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് നാമെല്ലാം. അത് ഗുണമേന്മയുള്ളതും ഭാവിയുടെ വെല്ലുവിളികളെ നേരിടുന്നതിൽ കരുത്തുറ്റതും ആയിരിക്കണം.

സർക്കാരിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ചെലവഴിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിനുവേണ്ടിയാണ്. വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം വ്യക്തിപരമായ മൂല്യങ്ങളുടെയും നൈപുണ്യങ്ങളുടെയും വികസനവും അവയിൽകൂടി സാമുഹ്യപുരോഗതിയുമാണ്. വികേന്ദ്രീകൃതവും, ജനകീയവുമായ ആസൂത്രണവും വികേന്ദ്രിത നടത്തിപ്പും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് സഹായകമാകും. ഒരുപ്രദേശ ത്തെയോ സമൂഹത്തിലയോ ഭൗതികസാഹചര്യ ങ്ങളുമായി ബന്ധിപ്പിച്ച്, ആ സാഹചര്യങ്ങൾക്കനു സൃതമായ സേവനങ്ങളും ഉത്പാദനപ്രവർത്തനങ്ങളും നിർവഹിക്കാൻ കുട്ടികളെ പ്രാപ്തരാകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്നാവശ്യം. പ്രൈമറിസ്ക്കൂളുകളുടെയും, ഹൈസ്ക്കൂളുകളുടെയും നടത്തിപ്പിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും. കൈവന്നിരിക്കുകയാണ്. രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും, സഹായസഹകരണത്തോടുകൂടി നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുവാനും കഴിയണം. അന്തിമമായ വിജയത്തിനുവേണ്ടി ആത്മാർത്ഥതയോടും അർപ്പണബോധത്തോടുംകൂടി നമമുക്ക് പ്രവർത്തിക്കാം. "വിദ്യാധനം സർവ്വധനാൽ" പ്രധാനം 1955-ൽ കൊച്ചുകോയിക്കലിൽ സഥാപിതമായ S.N. U. P. സ്ക്കൂളാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. കർഷകരായ ജനങ്ങളുടെ പിൻതലമുറയ്ക്ക് പ്രാഥമിക വിദ്യാഭ്യാസം വഴിമുട്ടിനിന്ന കാലഘട്ടത്തിലാണ് ഈ സ്ക്കൂൾ സ്ഥാപിതമാകുന്നത്. അതിനുശേഷം ഗുരുനാഥൻ മണ്ണിൽ ഗവ: ട്രൈബൽ സ്ക്കൂൾ സ്ഥാപിതമായി. എങ്കിലും അന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഇരുപത്തിയഞ്ചുകിലോമിറ്റർ അകലെ പെരിനാട്ടിലോ, വടശേരിക്കരയിലോ, നടന്നുപോയിപടിയ്ക്കേണ്ട സാഹചര്യമായുരുന്നതിനാൻ ഉന്നത വാദ്യാഭ്യാസം ഒരുമരീചികയായിരുന്നു. അക്കാലത്ത് സമർഥരായ പല വിദ്യാർത്ഥികൾക്കും പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ടിവന്നു.

1962-ൽ വലിയ തുരുത്തിയിൽ ശ്രീ. കെ രാമപണിക്കർ സീതത്തോടിന്റെ ഹൃദ്യഭാഗത്ത് V.P.സ്ക്കൂൾ ആരംഭിച്ചു.തുടർന്ന് 1963, 64. വർഷങ്ങളിൽ L.P.സ്ക്കൂളും ഹൈസ്ക്കൂളും സ്ഥാപിതമായി. വാടകമുറികളിലും ഓലമേഞ്ഞ ഷെഡുകളിലുമായി ഒന്നുമുതൽ 10- വരെയുള്ള ക്ലാസ്സുകൾ ആരംഭിച്ചു. തൊട്ടടുത്ത വർഷം തന്നെ സ്ക്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും അതിൽ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ L.P. സ്ക്കൂളുകളും, U.P സ്ക്കൂളുകളും പ്രവർത്തിക്കുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം സാധ്യമാക്കിയ പരേതനായ ശ്രീ രാമപണിക്കർ വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ ഒഴിവാക്കാൽ പറ്റാത്ത വ്യക്തിയാണ്.

ഭൗതിക സൗകര്യങ്ങൾ

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന

## പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകൾ

പട്ടിക - 1

| ക്രമ നമ്പർ | സ്കൂൾ | ഉടമസ്ഥത | വിദ്യാർത്ഥികൾ ആൺ | പെൺ | Total | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| 1 | സീതത്തോട് ഹൈസ്കൂൾ | മാനേജ്മെന്റ് | 721 | 673 | 1394 | 53 |
| 2 | S.A.V.H.S. ആങ്ങമൂഴി | | 168 | 160 | 328 | 13 |
| 3 | S.N.U.P.S. കൊച്ചുകോയിക്കൽ | | 154 | 138 | 292 | 12 |
| 4 | ഗുരുകുലം u.p.s ആങ്ങമൂഴി | | 307 | 279 | 586 | 18 |
| 5 | സെന്റ് തോമസ് L.P.S മൂന്നുകല്ല് | | 62 | 58 | 120 | 4 |
| 6 | U.P.S. കോട്ടമൺപാറ | | 111 | 111 | 222 | 7 |
| 7 | ട്രൈബൽ സ്കൂൾ ഗുരുനാഥൻമണ്ണ് | ഗവ: | 128 | 99 | 227 | 7 |
| 8 | U.P.S മൂഴിയാർ | | 27 | 24 | 51` | 7 |
| 9 | U.P.S പമ്പാ ഡാം | | 14 | 18 | 32 | 6 |
| 10 | L.P.S ഗവി | | 33 | 40 | 73 | 4 |

## സ്കൂൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2

| | മറ്റുള്ളവർ | | | SC/ST | | |
|---|---|---|---|---|---|---|
| ക്ലാസ്സ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 145 | 163 | 308 | 29 | 29 | 58 |
| II | 187 | 139 | 326 | 32 | 21 | 53 |
| III | 179 | 156 | 335 | 31 | 20 | 51 |
| IV | 164 | 190 | 354 | 18 | 31 | 49 |
| V | 158 | 146 | 304 | 17 | 14 | 31 |
| VI | 201 | 177 | 378 | 10 | 22 | 32 |
| VII | 215 | 195 | 410 | 13 | 19 | 32 |
| VIII | 180 | 138 | 318 | 15 | 12 | 27 |
| IX | 156 | 156 | 312 | 8 | 16 | 24 |
| X | 95 | 155 | 250 | 7 | 18 | 25 |
| ആകെ | 1680 | 1615 | 3295 | 180 | 202 | 382 |

## L.P U.P H.S വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

പട്ടിക - 3

| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
|---|---|---|---|---|---|---|---|---|---|
| 3295 | 675 | 648 | 96 | 574 | 518 | 90 | 431 | 449 | 104 |

## SC/ST വിദ്യാർത്ഥികളുടെ കണക്ക്

പട്ടിക - 4

| | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| ആകെ | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3295 | 1323 | 211 | 16 | 1092 | 95 | 9 | 880 | 76 | 8.6 |

## പഠനം സംബന്ധിച്ച മറ്റ് വിവിരങ്ങൾ

### പട്ടിക - 5

| തോറ്റു പഠികുന്നവർ | | | | | | പഠനംനിർത്തിയവർ | | | | | | പഠനം നിർത്തിയവർ ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 16 | 11 | 27 | 146 | 62 | 208 | 5 | 4 | 9 | 39 | 35 | 74 | 83 |

## ഭൗതിക സൗകര്യങ്ങൾ

### പട്ടിക - 6

| സ്ക്കൂൾ | ആകെവിദ്യാ: | ആകെഅദ്ധ്യാ: | മൂത്രപുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകപുര | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|
| 1 സീതത്തോട് HS | 1394 | 53 | 2 | 2 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2 S A V H S ആങ്ങമൂഴി | 328 | 13 | 2 | 1 | പൈപ്പ് | ഉണ്ട് | | ഇല്ല |
| 3 എസ്.എൻ.യു.പി.എസ്. കൊച്ചുകോയിക്കൽ | 292 | 12 | 1 | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല |
| 4 ഗവ. ട്രൈബ്രൽ സ്ക്കൂൾ ഗുരുനാഥൻ മണ്ണ് | 227 | 7 | 2 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 ഗുരുകുലം U.P.S. ആങ്ങമൂഴി | 586 | 18 | 2 | 1 | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 സെന്റ്. തോമസ് എൽ.പി.എസ്. മൂന്നുകല്ല് | 120 | 4 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 ഗവ.U.P.S. മുഴിയാർ | 51 | 7 | 2 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 ഗവ.U.P.S. പമ്പ ഡാം | 32 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 ഗവ L P. S ഗെവി | 73 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 U.P.S. കോട്ടമൺപാറ | 222 | 7 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

നിലവിലുണ്ട്. ചുറ്റുമതിൽകെട്ടുക, അറ്റകുറ്റപണികൾ ചെയ്യുക. ഫർണ്ണിച്ചർ റിപ്പയറിംഗ്, കുടിവെള്ള സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവ മിക്ക സ്ക്കൂളുകൾക്കും ആവശ്യമാണ്. ലൈബ്രറി, ലബോറട്ടറി, എന്നിവയുടെ അപര്യാപ്തത മിക്ക സ്ക്കൂളുകളിലുമുണ്ട്. ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ എല്ലാ സ്ക്കൂളുകൾക്കും ആവശ്യമാണ്. P.T.A. എല്ലാ സ്ക്കൂളുകളിലും സജീവമാണ്. മാതൃസംഗമം സജീവമല്ല പാഠ്യേതര വിഷയങ്ങളിൽ കിട്ടികൾക്ക് താല്പര്യം കുറഞ്ഞുവരുന്ന പ്രവണതയാണ്. സ്കൗട്ട്സ് ഗൈഡ്സ് യൂണിറ്റ് മിക്കസ്ക്കൂളുകളിലും ആരംഭിച്ചിട്ടില്ല. ലംപ്സംഗ്രാന്റ് ലഭിക്കുന്ന 388 കുട്ടികളും വികലാഗ സ്ക്കോളർഷിപ്പ് ലഭിക്കുന്ന 12 കുട്ടികളും മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് ലഭിക്കുന്ന 35 കുട്ടികളുമുണ്ട്.

### പട്ടിക 7

| ക്ലാസ് | ആകെകുട്ടികൾ | 50% താഴെമാർക്ക് ലഭിക്കുന്ന കുട്ടികളുടെഎണ്ണം | % | 40% താഴെ മാർക്ക് ലഭിക്കുന്ന കുട്ടികളുടെഎണ്ണം | % |
|---|---|---|---|---|---|
| III | 335 | 238 | 71 | 181 | 54 |
| IV | 354 | 243 | 69 | 161 | 45 |
| V | 304 | 211 | 69 | 161 | 53 |
| VI | 378 | 297 | 79 | 247 | 65 |
| VII | 410 | 329 | 80 | 271 | 68 |
| VIII | 318 | 288 | 91 | 264 | 83 |
| IX | 312 | 290 | 94 | 270 | 87 |
| X | 295 | 256 | 86 | 223 | 76 |

## അക്കാദമിക് നിലവാരം

18222 ജനസംഖ്യയുള്ള സീതത്തോടു പഞ്ചായത്തിൽ പത്ത് വിദ്യലയങ്ങളിയലായി 3295 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ നല്ലൊരു ശതമാനം കുട്ടികൾ പഠനം നിർത്തുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെയും വിജയശതമാനം വളരെ കുറവാണ്. അതിനാൽ കോളജുകളിൽ വളരെ ചെറിയോരു വിഭാഗത്തിന് മാത്രമേ പ്രവേശനം ലഭിക്കാറുള്ളു. ചിറ്റാർ .ഗവ. ഹയർസെക്കൻററി സ്ക്കൂൾ, പത്തനംത്തിട്ട കാതോലിക്കേറ്റ് കോളേജ് റാന്നി സെന്റ് തോമസ് കോളേജ് എന്നിവിടെയാണ് പഞ്ചായത്തിലെ കുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനായി ആശ്രയികുന്നത്. കിലോമിറ്റർ നടന്ന് ബസ് സ്റ്റാൻറിൽ എത്തുന്ന കുട്ടികളുടെ യാത്രാക്ലേശം അവരുടെ പഠനത്തെ സാരമായി ബാധിക്കുന്നു. സ്ക്കൂളുകളിലെ അക്കാദമിക്ക് നിലവാരതകർച്ചയ്ക്ക് പല കാരണങ്ങളുണ്ട്. പാഠപുസ്തകങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം, പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം, പഠനോപകരണങ്ങളുടെ അപര്യാപ്തത, പ്രദേശികമായി കുട്ടികളുടെയും, സാമുഹ്യപിന്നോക്കവസ്ഥ, അനാകർഷകമായ അദ്ധ്യപനരീതി, വിജ്ഞാന പ്രദമല്ലാത്ത ചില പ്രസിദ്ധികരണങ്ങളോട് കുട്ടികൾക്കുള്ള താല്പര്യം കുടുംബാന്തരീക്ഷം എന്നിവയാണ്.

വിസ്തീർണ്ണമുള്ള സീതത്തോടു പഞ്ചായത്തിൽ സാമുഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടി നാമ മാത്രമാണ്. ഇംഗ്ലീഷ് മിഡീയം പ്രീ പൈമറി വിദ്യാലയങ്ങളുടെ വ്യാപാനം വർദ്ധിച്ചുവരുന്നു. അവയുടെ ഭാവി ആശങ്കാജനകമാണ്. കാരണം ഉയർന്നക്ലാസുകളിൽ എത്തുമ്പോഴേക്കും അവഴേ ലഭിക്കേണ്ട പശ്ചാത്തല സൗകര്യങ്ങലുടെ കുറവുതന്നെ. പല വിദ്യാർത്ഥികളും ഇംഗ്ലിഷ് മീഡിയം ഉപേഷിച്ച് മലയാളം മീഡിയം സ്ക്കൂളിലേക്ക് തിരിച്ചുപോകുന്നതായി അനുഭവപ്പെടുന്നു. സാമ്പത്തികപ്രശ്നം, സിലബസിന്റെ കാഠിന്യവും കുട്ടികളെ ഇതിനു പ്രരിപ്പിക്കുന്നു.

പട്ടിക 8

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 5 | 5 |
| ലാബ് പ്രവർത്തിക്കുന്നത് | 5 | 5 |
| പഠനോപകരണങ്ങൾ | 3 | 7 |
| റേഡിയോ | 2 | 8 |
| ടേപ്പ് റിക്കോർഡർ | 2 | 8 |
| ടെലിവിഷൻ | | 10 |
| സിനിമാ പ്രോജക്ടർ | | 10 |
| ബ്ലാക്ക് ബോർഡ് | 103 | |
| മാതൃസംഘം | 8 | 2 |
| ക്ലാസ്സ് പി.റ്റി.എ. | 7 | 3 |

പട്ടിക 9

5 വർഷത്തെS.S.L.C. വിജയശതമാനം

| സ്ക്കൂൾ | 1991-92 | 1993-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| സീതത്തോട് ഹൈസ്ക്കൂൾ | 29.2% | 31% | 25.1% | 25.5% | 18% |
| S.A.V.H.S. ആങ്ങമുഴി | 55% | 44% | 48% | 43% | 44% |

പാഠ്യേതര പ്രവർത്തനങ്ങൾ എല്ലാസ്ക്കൂളുകളിലും ഉണ്ടെങ്കിലും തൃപ്തിപരമല്ല. കലാകായികരംഗങ്ങളിൽ ഉയർന്നുവരുവാൻ ഇവിടിത്തെ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ യിലോണങ്കിലും ഡോക്ടർമാരെയും, എൻജീനിയർ മാരെയും, യൂണിവേഴ്സിറ്റിതലത്തിൽ റാങ്ക് ജേതാക്കളെയും സൃഷ്ടിക്കാനും കഴിഞ്ഞുഎന്നുള്ളത് നാടിന് അഭിമാനകരമായ വസ്തുതയാണ്.

യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് നേടിയവർ

| ക്രമ നമ്പർ | പേര് | കോഴ്സ് |
|---|---|---|
| 1 | ജലജമ്മ | L.L.M |
| 2 | മനോജ് കെ | MPHIL |
| 3 | ജയാ മാത്യ | M.S.C PHYSICS |
| 4 | ദാനിയേൽ | M A HISTROY |

പഞ്ചായത്തിലെ ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | |
|---|---|
| 1 അംഗൻവാസികൾ | 1 |
| 2 പ്രീപ്രൈമറിസ്ക്കൂൾ | 2 |
| 3 നിലത്തെഴുത്തുകളരി | 5 |
| 4 ട്യൂട്ടോറിയൽ കം പാരലൽ കോളേജ് | 2 |
| 5 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ട് | 2 |
| 6 തയ്യൽപരിശീലന കേന്ദ്രം | 5 |
| 7 കൈ തൊഴിൽ പരിശീലന കേന്ദ്രം | 3 |

എസ് എസ് എൽ സി പരീക്ഷയ്ക്ക് എറ്റവും ഉയർന്ന മാർക്കു വാങ്ങുന്ന ഈ പഞ്ചായത്തിലെ രണ്ട് കുട്ടികൾക്ക് പഞ്ചായത്ത് കാഷ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെയുള്ള വിദ്യാലയങ്ങളിൽ പ്രൈമറി വാഭാഗത്തിലെ കുട്ടികൾക്ക് ഉച്ചകഞ്ഞി പരിപാടിയ്ക്ക് ചെലവാകുന്ന തുകയുടെ ഒരു ഭാഗം പഞ്ചായത്ത് നല്കി വരുന്നു. നിർദ്ധനരായ കുട്ടികൾക്ക് യൂണിഫോറം കുട എന്നിവ കലാകാലങ്ങളിൽ നല്കി സഹായിക്കുന്നു. അക്കാദമിക്ക് രംഗം മെച്ചപ്പെടുത്തുവാൻ അദ്ധ്യാപക യോഗം ചേരുകയും, വിദ്യാഭ്യാസ വിദഗ്ദരെ പങ്കെടുപ്പിച്ച് സെമിനാർ നടത്തുകയും ചെയ്തു . സീതത്തോട് ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് സ്ക്കുൾ കോംപളക്സു പരിപാടി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

നിർദേശങ്ങൾ (ഗ്രാമസഭ)

1 എല്ലാ വാർഡുകളിലും അംഗൻവാടികളും അവയ്ക്ക് ആവശ്യമായ കെട്ടിടവും ഉപകരണങ്ങളും സ്ഥാപിക്കുക

2 എല്ലാ വാർഡുകളും മലയോരപ്രദേശമായതിനാൽ റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

3 L.P സ്ക്കൂളുകൾ U.P സ്ക്കൂളായും U.P. സ്ക്കൂളുകൾ ഹൈസ്ക്കൂളായും, ഹൈസ്ക്കൂളുകൾ ഹയർസെക്കന്ററി സ്ക്കൂളായും ഉയർത്തുക.

4 പഞ്ചായത്തിലെ ട്രൈബൽ സ്ക്കൂൾ അടിയന്തിരമയി ഹൈസ്ക്കൂളായി ഉയർത്തി ആവശ്യമായ അദ്ധ്യപകരെ നിയമിക്കുക.

5 സീതത്തോടു കേന്ദ്രമാക്കി ഒരു കോളേജ് അനുവദിക്കുക.

6 എല്ലാ സ്ക്കൂളുകൾക്കും അത്യാവശ്യമായ ഉപകരണങ്ങൾ ശുദ്ധജലസൗകര്യം, കളിസ്ഥലം, കഞ്ഞിപ്പുര, മൂത്രപ്പുര, കക്കൂസ്, ലാബ്സൗകര്യം, ലൈബ്രറി, ചുറ്റുമതിൽ, എന്നിവ ഏർപ്പെടുത്താൻ എല്ലാ ഗ്രാമസഭകളും ആവശ്യപ്പെടുന്നു.

7 സമർത്ഥരായ നിർധ്ന കുട്ടികൾകൾക്ക് സ്ക്കൂൾ സഹകരണ സംഘത്തിൽനിന്നും പാഠപുസ്തകം സൗജന്യമായി വിതരണം ചെയ്യുക.

8 ഗുരുനാഥൻമണ്ണ് ട്രൈബൽ സ്ക്കൂളിനടുത്ത് അദ്ധ്യപകർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുക.

9 എല്ലാ വാർഡുകളിലും വായനശാലയോടുകൂടിയ ഗ്രന്ഥശാല നിർമ്മിക്കുക.

10 പത്തനംതിട്ട റാന്നി എന്നിവിടങ്ങളിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ സമയത്തിന് എത്തിച്ചേരാൽ കുട്ടികൾക്കായി ബസ് അനുവദിക്കുക.

11 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വയോജന തുടർവിദ്യാഭ്യാസ കേന്ദ്രം അനുവദിക്കുക.

12 ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സീതത്തോടു ഹൈസ്ക്കൂളിലെ പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.

13 സ്ക്കൂൾ P.T. A മാതൃസംഗമം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തി വിദ്യാഭ്യാസ നിലാരം ഉയർത്തുക.

14 തൊഴിലധിഷ്ഠിത കോഴ്സുകൾ സീതത്തോടു ഹൈസ്ക്കൂൾ S.A.V.H.S.ആങ്ങമൂഴി ഇവിടങ്ങളിൽ ആരംഭിക്കുക.

15 9-വാർഡ് ഗെവി ഗവ L.P.S.ൽ ഉച്ചകഞ്ഞി വിതരണത്തിനുള്ള സാധനങ്ങൾ എത്തിക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കുക.

16 കുട്ടികൾക്ക് പഠന സൗകര്യം വീട്ടിൽ ലഭിക്കുന്നതിന് പഞ്ചായത്തു മുഴുവനും മദ്യ വർജ്ജന മേഖലയായി മാറ്റാൻ നടപടി സ്വീകരിക്കുക.

17 നിലത്തെഴുത്തു കളരി ആശാൻമാർക്ക് ഗ്രാന്റ് അനുവദിക്കുക.

18 പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ അനൗപചാരിക വിദ്യാകേന്ദ്രം, ദൃശ്യശ്രവണ ഉപകരണങ്ങൾ സ്ഥാപിച്ച് ബോധവൽകരണം നടത്തുക.

## പ്രശ്നങ്ങൾ

1 പ്രാഥമിക ക്ലാസുകളിൽ നിലനിൽക്കിന്ന പഴയ പഠന രീതി ഉയർന്നക്ലാസുകളിൽ എത്തുന്ന കുട്ടികൾക്ക് അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ പോകുന്നു.

2 ശരിയായ അക്കാദമിക്ക് യോഗ്യതയാല്ലാത്ത അദ്ധ്യപകർ അൺ എയിഡ്സ് സ്ക്കൂളുകളിൽ പഠിപ്പിക്കുന്നു.

3 പഠനത്തോടോപ്പം വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ വളർത്തിയെടുക്കാൽ നിലവിലുള്ള ചുറ്റുപാടുകളിൽ സാധിക്കാതെ വരുന്നു.

4 വിദ്യാർത്ഥികളുടെ പഠനബോധനകാര്യങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ പേരിനും മാത്രം പ്രവർത്തിക്കുന്നു.പി റ്റി. എ.

5 ലക്ഷങ്ങൾ മുടക്കി എയ്ഡഡ് സ്ക്കൂളുകളിൽ എത്തുന്ന അദ്ധ്യപകർ കുട്ടികളോടുള്ള ബാധ്യതനിറവേറ്റപ്പെടുന്നില്ല.

6 സിലബസ് മാറുന്നതിനനുസരിച്ച് അദ്ധ്യപകർക്ക് കാലകാലങ്ങളിൽ പരീശിലനം ലഭിക്കുന്നില്ല.

7 സർക്കാർ സ്ക്കൂളുകളിൽ സ്ഥലമാറ്റം കിട്ടി എത്തിച്ചേരുന്ന അദ്ധ്യാപകർ യാത്രാസൗകര്യവും താമസസൗകര്യവും ഇല്ലാത്ത കാരണം അവധി യെടുത്തു തിരിച്ചുപോകുന്നതുമൂലം പല അദ്ധ്യായനവർ ഷങ്ങളിലും അദ്ധ്യപകരില്ലാതെ കുട്ടികൾക്ക് പഠിക്കേണ്ട സ്ഥിതി വരുന്നു.

8 T.T.C Bed തുടങ്ങിയ പ്രൊഫഷനൽ കോഴ്സുകൾക്ക് യോഗ്യതയില്ലാതെ തന്നെ ആയിരങ്ങൾ മുടക്കി അദ്ധ്യാപന പരിശീലനം നേടി സ്ക്കൂളുകളിലെത്തിച്ചേരുന്ന പല അദ്ധ്യപകർക്കും കാര്യക്ഷമമായി ക്ലാസുകൾ എടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നു.

9 ഗുരു ശിഷ്യബന്ധത്തിൽ ഇന്നുവന്നിട്ടുള്ള മാറ്റം വിദ്യാർത്ഥികൾ അദ്ധ്യാപകരോടുള്ള ബഹുമാന കുറവിനും തിരിച്ച് അദ്ധ്യാപകർക്ക് കുട്ടികളോടുള്ള സമീപനത്തിലും മാറ്റം വരുത്തിയിരിക്കുന്നു.

## പൊതുനിർദ്ദേശങ്ങൾ

1 കുന്നിൽപ്രദേശംമായതിനാലും, യാത്രാസൗകര്യ മില്ലാത്തതിനാലും ഓരോ വാർഡിലും 5 അംഗന വാടികൾ വീതം എല്ലാസൗകര്യങ്ങളോടുകൂടി അനുവദിക്കുക.

2 പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്തുക.

3 പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളും ഹയർസെക്കന്ററി സ്ക്കൂളുകളായി ഉയർത്തുക.

4 I T I സ്ഥാപിക്കുക.

5സീതത്തോടു കേന്ദ്രമാക്കി കോളേജ് അനുവദിക്കുക.

6 സ്ക്കൂൾ കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക.

7 പ്രീ പ്രൈമറി, അംഗൻവാടി മുതൽ 10-ാം ക്ലാസ്സുവരെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പുവരുത്തുക.

8 പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലെയും പഠനനിലവാരം വരും വർഷം 50% ന് മുകളിലേക്ക് ഉയർത്തുക. പടിപടിയായി 60%, 70%, 80%, എന്നി നിലയിലേക്ക് ഉയർത്തുന്നതിന് പഞ്ചായത്തു തലത്തിൽ കർമ്മപരിപാടികൾ ആവഷ്കരിക്കുക.

9 സാധാരണ ജനങ്ങൾക്ക് താങ്ങാനാവാത്ത സാമ്പത്തിക ഭാരം ചുമത്തുന്ന അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ഉയർന്ന നിലവാരം പുലർത്തുനില്ലെങ്കിൽ അവയെ നിർത്തലാക്കാനുള്ള നടപടി സ്വീകരിക്കുക.

10 പഠനനിലവാരം 90% ഉയർത്തുന്ന പഞ്ചായത്തിലെ സ്ക്കൂളുകളെ പ്രോൽസാഹിപ്പാൻ പഞ്ചായത്തു തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തണം.

11 വിദ്യാഭ്യാസത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എല്ലാ സ്ക്കൂളുകളിലും മാതൃസംഗമം, ക്ലാസ്സ് P.T. A, P. T. A. എന്നിവ സജീവമാക്കണം.

12 പഞ്ചായത്ത് അക്കാദമിക്ക് കൗൺസിൽ രൂപികരിക്കണം

13 പ്രദേശിക വിഭവമനുസരിച്ച് തൊഴിൽ പരിശിലന കേന്ദ്രങ്ങൾ ആരംഭിക്കണം.

## അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനത്തിൽ സീതത്തോടു പഞ്ചായത്ത് മുൻ പന്തിയിലായിരുന്നു. നിരക്ഷരായ ജനങ്ങളെ സാക്ഷരരാക്കാൽ മതിയായ പ്രവർത്തനമാണ് കാഴ്ചവെച്ചത്

തുടർവിദ്യാഭ്യാസ പ്രവർത്തനം പുനരാവിഷ് കരിക്കണം. പ്രായഭേദമന്യേ നിരക്ഷരരേയും, നവ സാക്ഷരരേയും കണ്ടെത്തി ആവശ്യമായ പരിശീലനവും, പൊതുപരിക്ഷകളും നടത്തുന്നതിന് പദ്ധതി തയ്യാറാക്കുക. തുടർവിദ്യാകേന്ദ്രങ്ങളും, ജനവിദ്യാകേന്ദ്രങ്ങളും, ആവശ്യമുള്ളടത്ത് ആരംഭിക്കുക.

ഒരു നാടിന്റെ സാംസ്ക്കാരികവും, സാമ്പത്തികവും, സാമുഹ്യവുമായ വളർച്ചയ്ക്ക് യുക്തവും, ശക്തവുമായ മാധ്യമം വിദ്യാഭ്യാസ മായതിനാൽ ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാ പൗരനും എന്ന മഹത്തം ബൃഹത്തുമായ ലക്ഷ്യം ഒൻപതാംപഞ്ചവൻസര പദ്ധതിയിൽ സാക്ഷാൽ ക്കരിക്കപ്പെടട്ടെ.



### അഹിംസ

"അഹിംസയുടെ വാച്യാർത്ഥം കൊല്ലാതിരിക്കുക എന്നാണ്. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം ആ പദത്തിനു വിപുലമായ ഒരു അർത്ഥ പ്രപഞ്ചം തന്നെയുണ്ട്. കൊല്ലാതിരിക്കുക എന്ന അർത്ഥം മാത്രം സ്വീക രിച്ചാൽ എനിക്കെത്തിച്ചേരാൻ സാധിക്കുന്ന മണ്ഡലത്തേക്കാൾ എത്രയോ ഏറെ ഉന്നതമായ, പരമോന്നതമായ മണ്ഡലത്തിലേക്കാണ് അതെന്നെ കൂട്ടിക്കൊണ്ടുപോകുക. അഹിംസയുടെ ശരിയായ അർത്ഥം ആരേയും ക്ലേശിപ്പിക്കാതിരിക്കുക എന്നാണ്. നിങ്ങളോട് ശത്രുത്വം ഭാവിക്കുന്നവരെക്കുറിച്ചുപോലും നിങ്ങൾ അപ്രിയചിന്ത വച്ചു പുലർത്തി ക്കൂടാ. നിങ്ങൾ ശത്രുവായി കരുതുന്നവൻ എന്നല്ല ഞാൻ പറഞ്ഞത്. നിങ്ങളോട് ശത്രുത്വം ഭാവിക്കുന്നവർ എന്നാണ്. അഹിംസാധർമ്മം അംഗീകരിക്കുന്നയാൾക്ക് ശത്രു എന്നൊരാളുണ്ടാകുക സാധ്യമല്ല. ശത്രു വിന്റെ അസ്തിത്വം തന്നെ അയാൾ നിഷേധിക്കുന്നു."

- ഗാന്ധിജി

# 5 - 3.i കുടിവെള്ളം

ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, ശുചിത്വപാർപ്പിടം എന്നിവ. മൂന്നു വശങ്ങളും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതുമൂലം ഏറെകുറേ സുഖശീതളമായ കാലാവസ്ഥയാണ് ലഭിക്കുന്നത്. കേരളത്തിൻെറ പശ്ചിമ ഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് പ്രകൃതി ദത്തമായ ജലവിഭവങ്ങളാൽ അനുഗ്രഹീതമാണ്. എന്നിട്ടും വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ലഭ്യമായ ജലവിഭവങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. പഞ്ചായത്ത് മുഴുവനും ഒറ്റ നീർമറി പ്രദേശമാണ്. പെയ്യുന്ന മഴയുടെ നല്ലൊരു ശതമാനവും ഏകനദിയായ കക്കാട്ടാറിൽ എത്തുന്നു. കേരളത്തിലെ വൻ ജലവൈദ്യുത പദ്ധതികളിൽ ഒന്നായ ശബരിഗിരി വൈദ്യുത നിലയത്തിൽ ഉപയോഗിക്കുന്ന വെള്ളമാണ് കക്കാട്ടാറിലൂടെ ഒഴുകിയെത്തുന്നത്. ഈ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ കാടുകയറി മൂടി കിടക്കുന്ന ജലസ്രോതസ്സുകളെ കുടിവെള്ളത്തിനായി ഉപയോഗിക്കാൻ കഴിയുന്നില്ല. അതുമൂലം ഉയർന്ന പ്രദേശങ്ങളിലുള്ളവർ ആണ് വെള്ളത്തിന് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത്. കടുത്ത വേനലിൽ ഇവർ കിലോമീറ്ററുകൾ താണ്ടി കക്കാട്ടാറിൽ നിന്നു വേണം വെള്ളം കൊണ്ടുപോകുവാൻ.

പഞ്ചായത്തിലെ 80ശതമാനത്തോളം ആൾക്കാർ കുടിവെള്ള ക്ഷാമം നേരിടുന്നു. ഇവിടെ ആകെയുള്ള 2617 സാധാരണ കിണറുകളിൽ ഭൂരിഭാഗം കിണറുകളിൽ വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല. കുടിവെള്ള ശ്രോതസ്സുകളിൽ കൂടുതലും കൃഷിഭൂമിയിലുള്ള കുളവും, കിണറുകളും ഉറവു ചാലുകളും ആണ്.

കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണപദ്ധതികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അറിയപ്പെടുന്ന 19തോളം കുളങ്ങളും, കക്കാട്ടാറും, 327 പൈപ്പുകണക്ഷനും മാത്രമേ ജലവിതരണത്തിന് ഉപയോഗ്യയോഗ്യമായിട്ടുള്ളൂ. 327 പൈപ്പുകണക്ഷൻ 8,9ഉം വാർഡുകളിൽ KSEB യുടെ ക്വാർട്ടേഴ്സിൽ സ്ഥാപിച്ചിട്ടുള്ളതാണ്. പദ്ധതി പ്രദേശമായതുകൊണ്ട് ഈ രണ്ടു വാർഡുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നില്ല. ബാക്കിയുള്ള ഏഴ് വാർഡുകളിലേയും ശുദ്ധജലക്ഷാമം പരിഹരിക്കാൻ ശാസ്ത്രീയമായ കാഴ്ചപ്പാടോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ കുഴൽകിണറുകൾ ഉണ്ടെങ്കിലും അതൊന്നും തന്നെയിപ്പോൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ശുദ്ധജല ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് ഏതൊരു സ്ഥലത്തേയും ജനങ്ങളുടെ ആരോഗ്യ പ്രശ്നത്തെ സാരമായി ബാധിക്കും. നിലവിലുള്ള കിണറുകളും ഓലികളും ഒന്നും തന്നെ ജനങ്ങൾ ക്ലോറിനേറ്റ് ചെയ്തിട്ടില്ല. പല പകർച്ച വ്യാധികളും ഉണ്ടാകുന്നത് മലിനജലത്തിൽ നിന്നാണ്. അതുമൂലം പൊതുജനങ്ങളുടെ ആരോഗ്യ പ്രശ്നത്തിൽ പ്രധാനപ്പെട്ട ഘടകമാണ് 'ശുദ്ധജലം'. കേരളത്തിൽ 19% ഗ്രാമീണ ജനങ്ങൾക്കു മാത്രമേ പൊതുജലവിതരണം ഉപയോഗപ്പെടുന്നുള്ളൂ. അതുകൊണ്ട് സർക്കാരിന്റെ പദ്ധതികളെ ആശ്രയിക്കാതെ തന്നെ നമ്മുടെ നിലവിലുള്ള ജലശ്രോതസ്സുകൾ ഉപയോഗിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയണം.

## കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ

| വാർഡ് | |
|---|---|
| I | തേക്കുംമൂട്, മൂന്നുകല്ല്, കടപ്രപടി, ലക്ഷം വീട് കോളനി, മലമണ്ണേൽ പടി, കൊട്ടുപ്പള്ളിമല |
| II | കുന്നം, മുണ്ടൻപാറ, മണികണ്ഠൻ, കാലാ, ഗുരുനാഥൻമണ്ണ് വടക്കേകര |
| III | കോട്ടക്കുഴി, ആനച്ചന്ത |
| IV | ആനപ്പാറമല, വട്ടമലപ്പടി |
| V | ബെങ്കരാംമൂടി, മുക്കവല |
| VI | പഞ്ഞിപ്പാറതടം, കൊച്ചാണ്ടിമല |
| VII | കോട്ടമൻപാറ-വാലുപാറ, മൂന്നുകല്ല്. |

എട്ടും, ഒൻപതും വാർഡുകളിൽ കുടിവെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നില്ല.

### പ്രശ്നങ്ങൾ

1. വേനൽക്കാലങ്ങളിൽ ലഭ്യമാകുന്ന ജലം കുടിവെള്ളത്തിന് ഉപയോഗിക്കുന്നതുമൂലം മാലിന്യജന്യരോഗങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്.
2. കുടിവെള്ളത്തിന് കിലോമീറ്ററുകളോളം നടന്നു പോകേണ്ട സാഹചര്യമുണ്ടാകുന്നു.
3. ജലശ്രോതസ്സുകൾ പ്രധാനമായും, കിണറുകൾ, ഓലികൾ തുടങ്ങിയവ വർഷം തോറും വൃത്തിയാക്കപ്പെടുന്നില്ല.
4. ചരിഞ്ഞ പ്രദേശമായതുകൊണ്ട് പൊതുവിതരണ സമ്പ്രദായത്തിലൂടെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കാൻ പ്രയാസമുണ്ടാകുന്നു.
5. നിലവിലുള്ള കുഴൽകിണറുകൾ ഒന്നും തന്നെ ഉപയോഗ്യമല്ലാത്തത് ജലദൗർലഭ്യം വർദ്ധിപ്പിക്കുന്നു.
6. കുഴൽ കിണറുകളിൽ കൂടുതലും ഇരുമ്പ് പൈപ്പ് ഉപയോഗിച്ചിരിക്കുന്നതുമൂലം ജലം തുരുമ്പ് ചുവയുള്ളതാണ്..
7. കുടിവെള്ളത്തിനുപയോഗിക്കുന്ന പല കുളങ്ങളും മററ് പ്രവർത്തനങ്ങൾക്കുപയോഗിക്കുന്നതിനാൽ അവ പെട്ടെന്ന് മലിനീകരിക്കപ്പെടുന്നു.

### നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ തേക്കുമൂട്, മൂന്നുകല്ല്, കടപ്രപടി, ലക്ഷം വീട് കോളനി മലമണ്ണേൽപടി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
2. രണ്ടാം വാർഡിലെ മണികണ്ഠൻ കാലാ, കുന്നം, ഗുരുനാഥൻ വണ്ണ്, വടക്കേക്കര എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുക.
3. മൂന്നാം വാർഡിൽ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കക്കാട്ടാറിലെ ജലം ഉപയോഗിച്ച് ശുദ്ധജല വിതരണ പരിപാടി ആരംഭിക്കുക.
5. വട്ടമലപ്പടി, കുളത്തിമുക്ക്, മൂന്നാംബ്ലോക്ക്, നാലാം ബ്ലോക്ക്, ഒൻപതിന്റെ മുക്ക്, ഇരപത്തിരണ്ടാം ബ്ലോക്ക്, വാഴകുന്നത്തുപടി, ആനച്ചന്ത, ആനപ്പാറ എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കാൻ സത്വരനടപടികൾ എടുക്കുക.
6. അഞ്ചാം വാർഡിലെ അളിയൻ മുക്ക്, കൊച്ചുകോയിക്കൽ, കമ്പിലൈൻ, പള്ളിപ്പടി, കൊച്ചുകോട്ട മൺപാറ തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുക.
7. ഏഴാം വാർഡിലെ ലക്ഷം വീട് കോളനികളിൽ ജലം ലഭിക്കുന്നതിനും, സ്കൂൾ കുട്ടികളുടെ സൗകര്യം കണക്കിലെടുത്ത് സ്കൂൾ പരിസരത്തും ഓരോ കുഴൽകിണർ നിർമ്മിക്കുക.

### സാധ്യതകൾ

1. കക്കാട്ടാറിലെ ജലം സീതത്തോട് പ്രദേശത്ത് തന്നെ സംസ്കരിച്ച് മണികണ്ഠൻ കാലാ, തേക്കുംമൂട്, സീതക്കുഴി തുടങ്ങിയ പ്രദേശങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ജലം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.
2. തേക്കും മൂട്ടിൽ ഉള്ള വാട്ടർ ടാങ്ക് കുറച്ചുകൂടി വിപുലീകരിച്ചും, മൂന്നുകല്ല്, ആനപ്പാറ തുടങ്ങിയ പ്രദേശങ്ങളിലേക്ക് ആനപ്പാറയുടെ മുകളിൽ ടാങ്ക് നിർമ്മിച്ച് ആറ്റിൽ നിന്നും വെള്ളം സംഭരിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ജലവിതരണം ലഭ്യമാക്കുക.
3. രൂക്ഷമായ ജലക്ഷാമമുള്ള കുന്നം, മുണ്ടൻപാറ പ്രദേശങ്ങളിൽ കുന്നം തടത്തിൽ കുളം വെട്ടുന്നതിനായി സർവേ ചെയ്തുതിരിച്ചിട്ടുള്ള ജലസംഭരണി ആഴത്തിൽ കുഴിയ്ക്കുകയും അവിടെ പ്രസ്തുത പ്രദേശങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്ത് എത്തിയ്ക്കാവുന്നതുമാണ്.

4. ആറും, ഏഴും വാർഡുകളെ ബന്ധപ്പെടുത്തി ആങ്ങമൂഴി പ്രദേശത്ത് ചെറിയ ജലസേന പദ്ധതിയ്ക്ക് രൂപം കൊടുത്താൽ ആ പ്രദേശത്ത് ജലക്ഷാമം പരിഹരിയ്ക്കപ്പെടാവുന്നതാണ്.
5. 1850 അടിമുകളിൽ നിന്നും (സമുദ്രനിരപ്പിൽ) ഒഴുകിയെത്തുന്ന ഗുരുനാഥൻമണ്ണ് - സീതത്തോട് തോട് എട്ടര കിലോമീറ്ററോളം സഞ്ചരിച്ചാണ് സീതത്തോടിന്റെ പ്രധാന കേന്ദ്രത്തിൽ എത്തി കക്കാട്ടാറിൽ ലഭിക്കുന്നത്. ഇതിനിടയിൽ തടയിണകൾ കെട്ടി രണ്ടാം വാർഡിന്റെ സീതക്കുഴി, മുണ്ടൻപാറ (West) പ്രദേശങ്ങളിലേക്ക് സൈഫൺ തത്വം ഉപയോഗിച്ച് പരിമിതമായ ചെലവിൽ, വൈദ്യുതിയും, പമ്പിംഗ് ഇല്ലാതെ ജലവിതരണം നടത്താവുന്നതാണ്.
6. കിണറുകളും, കുളങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ ആ പ്രദേശത്തെ ഏതാനും വീടുകൾ ഒന്നിച്ചു ചേർന്ന് ഒരു പൊതു കുടിവെള്ള പദ്ധതി സഹകരണാടിസ്ഥാനത്തിൽ തയ്യാറാക്കുക. അതിന്റെ ചെലവിൽ കുറേഭാഗം പഞ്ചായത്തും ബാക്കി ആ പ്രദേശത്തുള്ള വീട്ടുകാരും വഹിക്കുക.
7. വട്ടമലപ്പാറ, എഴുപത്തിയഞ്ചാം ബ്ലോക്ക് തോട് എന്നീവിടങ്ങളിൽ തടയിണ കെട്ടി ജലം സംഭരിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുക.
8. അമ്പാട്ടുപടിക്കലെ കുളം, ഒന്നാം ബ്ലോക്കിൽ മുണ്ടപ്ലാക്കൽ പടി, കോട്ടപ്പാറ സർജിനു സമീപമുള്ള കുളം വൃത്തിയാക്കി കെട്ടിയെടുത്ത് ശുദ്ധജലവിതരണത്തിനുപയോഗിക്കുക.
9. ഭയങ്കരാമുടി കേന്ദ്രമാക്കി വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലസേചനപദ്ധതി നടപ്പിലാക്കുക. ഇതുമൂലം പഞ്ചായത്തിലെ പല ഭാഗത്തും കൃഷിയ്ക്കും, കുടിവെള്ളത്തിനും പരിഹാരമാകുകയും ചെയ്യും.
10. ആങ്ങമൂഴി-തേവർമലഭാഗം, ആങ്ങമൂഴി പഞ്ഞിപാറതടം, പൂവേലിക്കുന്ന് ഗണപതി മല, ആങ്ങമൂഴി അംഗൻവാടി, ഗുരുകുലം UP സ്കൂൾ, ഇടുപ്പ്കല്ല് മല, കൊച്ചാണ്ടിമല തുടങ്ങിയ സ്ഥലങ്ങളിൽ കുഴൽകിണർ, പൊതുകിണർ, നീരുറവകൾ തടഞ്ഞു നിർത്തിയും ചെറുകിടജലസേചനപദ്ധതികൾ നടപ്പാക്കിയും ജലക്ഷാമം പരിഹരിക്കുക.
11. പച്ചാക്കാനം, ഗവി തുടങ്ങിയ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആ പ്രദേശത്തുള്ള ജലസംഭരണികളിൽ നിന്നും പൈപ്പുകൾ മുഖേന പൊതു ടാപ്പുകൾ സ്ഥാപിക്കുക.
12. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് വാർഡുകളിലെ ശുദ്ധജലവിതരണത്തിന് ഒരു ബ്രഹത് പദ്ധതിയ്ക്ക് രൂപം കൊടുക്കുക.

ഗ്രാമങ്ങളിലെ കുടിനീർ പ്രശ്നം പരിഹരിക്കാൻ ഔദ്യോഗിക സംവിധാനങ്ങളില്ലാതെ തന്നെ പ്രാദേശിക സംരംഭങ്ങൾക്ക് ഭാവനാപൂർണമായും ആസുത്രണം ചെയ്യാൻ കഴിയും. പ്രകൃതിയിൽ ആകെയുള്ള ജലത്തിന്റെ 2% മാത്രമേ ശുദ്ധജലം ഉള്ളൂ. അത് പാഴായി പോകാതെ ആവശ്യത്തിനു മാത്രം ഉപയോഗിക്കുക.



# 5 - 3.j പൊതുജനാരോഗ്യം

മനുഷ്യൻ ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് രോഗം. 'രോഗം'. ഒരു വ്യക്തിയുടെ മനസിനേയും, ശരീരത്തേയും ഒരേപോലെ ബാധിക്കുന്നു. ആരോഗ്യമുള്ള ജനതയുണ്ടങ്കിലെ സാമൂഹ്യവികസമം സാധ്യമാകുകയുള്ളു. ഇരുപത്തഞ്ചു വർഷങ്ങൾക്കു മുൻപ് പാരമ്പര്യവൈദ്യന്മാരുടെ ചികിത്സ മാത്രം സാധ്യമായിരുന്ന പഞ്ചായത്താണ് സീതത്തോട്. കുടിയേറ്റ കാലഘട്ടത്തിൽ ഇവിടുത്തെ ജനങ്ങൾ രോഗം വന്നാൽ പച്ചമരുന്നുകളെ ആശ്രയിച്ചിരുന്നു. എങ്കിലും പര രോഗങ്ങളേയും അന്ധവിശ്വസങ്ങളുടെ ഭാഗമായി കണ്ടിരുന്നു. 1975-ൽ സർക്കാർ തലത്തിൽ ഡിസ്പെൻസറി വരുന്നതിനുമുമ്പ് സ്വകാര്യ ഡിസ്പെൻസറിയേ മാത്രമായിരുന്നു ചികിത്സക്കായി ആശ്രയിച്ചിരുന്നത്. വ്യാജഡോക്ടർമാർ മേഖലയിൽ ധാരാളം ഉണ്ടായിരുന്നു.

മലയോര പ്രദേശമായ ഈ പഞ്ചായത്തിൽ ഇന്നും എല്ലാ സൗകര്യങ്ങളോടും കൂടിയ ആശുപത്രി ഇന്നുവരെയില്ലന്നുള്ളത് ചികിത്സാരംഗത്തെ പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. മനുഷ്യർക്ക് ഇന്നുണ്ടാകുന്ന രോഗങ്ങളിൽ പലതും ജലത്തിൽ കൂടിയും, വായുവിൽ കൂടിയും പകരുന്ന രോഗങ്ങളാണ്. പകർച്ച വ്യാധികൾ തടയാൻ ഒരു പരിധി വരെ നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അന്തരീക്ഷ മലിനീകരണം നമ്മുടെ പഞ്ചായത്തിൽ ഇല്ലായെന്നുള്ളത് സന്തോഷകരമായ വസ്തുതയാണ്. വൻകിട വ്യവസായശാലകളൊന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. തന്നെയുമല്ല പഞ്ചായത്തിന്റെ ഭൂരിഭാഗം മേഖലയും വനപ്രദേശമാണ്.

ഈ പഞ്ചായത്തിൽ ചികിത്സാരംഗത്ത് പ്രവർത്തിച്ച ആദ്യത്തെ വ്യക്തി റാന്നി സ്വദേശിയായ കുറുമ്പനയ്ക്കൽ കുഞ്ഞാണ്. അത്യാവശ്യ ചികിത്സ ഇദ്ദേഹം നടത്തിയിരുന്നു. അതിനുശേഷം പല ഡിസ്പൻസറികളും വന്നുപോയി. സർക്കാർ തലത്തിലെ ആദ്യ ആശുപത്രി 1975ൽ ആരംഭിച്ചു. ഒരു ഡിസ്പെൻസറിയായി കൊച്ചുകോയിക്കലുള്ള പള്ളി വക വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ ഇവിടെ ഒരു ഡോക്ടറും, കൂടാതെ നാലു ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. 1987ൽ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തി. 1993 മുതൽ പഞ്ചായത്ത് സമിതി പണിഞ്ഞു നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു ഡോക്ടർ ഉൾപ്പെടെ ഇരുപത് ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. അതിൽ ജീവനക്കാരെ ആശുപത്രി ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ, ഓഫീസ്ജീവനക്കാർ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ അഞ്ച് കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ ഉത്തരവാദിത്വത്തിൽ പ്രവർത്തിക്കുന്ന ഇവയുടെ പ്രവർത്തനം ഭൂമിശാസ്ത്രപരമായ പരിമിതികൾമൂലം ഇവിടുത്തെ ജനങ്ങൾക്ക് യഥാസമയം ലഭ്യമാകുന്നില്ല.

| കുടുംബക്ഷേമ കേന്ദ്രം | |
|---|---|
| വാർഡ് | |
| I | മൂന്നുകല്ല് |
| II | ഗുരുനാഥൻ മണ്ണ് |
| III | കൊച്ചുകോയിക്കൽ |
| IV | ആങ്ങമൂഴി |
| V | കോട്ടമൺപാറ |

ആങ്ങമൂഴിയിൽ 14.10.1996ൽ പുതിയൊരു പ്രാഥമികാരോഗ്യകേന്ദ്രം കൂടി തുടങ്ങിയതോടുകൂടി രണ്ടു

## സീതത്തോട് പഞ്ചയാത്തിൽ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പൊതുവിവരം

### പട്ടിക - 1

| നമ്പർ | വാർഡ് | സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം | ചികിത്സാരീതി രീതി | കെട്ടിടം സ്വന്തം/വാടക | കിടക്കകൾ | സ്ഥാപിത വർഷം | ഡോക്ടർ |
|---|---|---|---|---|---|---|---|---|
| **A** <u>സർക്കാർ സ്ഥാപനങ്ങൾ</u> | | | | | | | | |
| 1 | I | പ്രാഥമികാരോഗ്യകേന്ദ്രം | 20 | അലോപ്പതി | സ്വന്തം | ഇല്ല | 1975 | 1 |
| 2 | VI | പ്രാഥമികാരോഗ്യകേന്ദ്രം ആങ്ങമൂഴി | 8 | അലോപ്പതി | വാടക | ഇല്ല | 1996 | 1 |
| 3. | I | ഹോമിയോ ഡിസ്പൻസറി | 3 | ഹോമിയോ | വാടക | ഇല്ല | 1968 | 1 |
| 4. | VI | ഹോമിയോ ഡിസ്പൻസറി ആങ്ങമൂഴി | 4 | ഹോമിയോ | വാടക | ഇല്ല | 1986 | 1 |

### പട്ടിക- 2

**B. അർദ്ധസർക്കാർ സ്ഥാപനങ്ങൾ**

| നമ്പർ | വാർഡ് | സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം | ചികിത്സാരീതി സ്വന്തം/വാടക | കെട്ടിടം | കിടക്കകൾ വർഷം | സ്ഥാപിത | ഡോക്ടർ |
|---|---|---|---|---|---|---|---|---|
| 1 | VIII | KSEB ആശുപത്രി മൂഴിയാർ | | അലോപ്പതി | സ്വന്തം | ഇല്ല | | 1 |
| 2 | IX | KSEB ഡിസ്പൻസറി പമ്പ | | അലോപ്പതി | സ്വന്തം | ഇല്ല | | ഇല്ല |
| 3. | IX | KFDC ഡിസ്പൻസറി ഗവി | | അലോപ്പതി | സ്വന്തം | ഇല്ല | | ഇല്ല |

### പട്ടിക - 3

| നമ്പർ | വാർഡ് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ചികിത്സാരീതി | കെട്ടിടം സ്വന്തം/വാടക | കിടക്കകൾ | സ്ഥാപിത വർഷം | ഡോക്ടർ |
|---|---|---|---|---|---|---|---|---|
| 1. | I | ആതുരാ നേഴ്സിംഗ്ഹോം | | അലോപ്പതി | സ്വന്തം | 40 | | 1 |
| 2. | I | സുരേഷ് ആശുപത്രി | | അലോപ്പതി | വാടക | 6 | | 1 |
| 3. | I | അരുണിമ ആശുപത്രി | 5 | അലോപ്പതി | വാടക | 5 | 1996 | 1 |
| 4. | I | സിനിക്ലിനിക് | ഇല്ല | ഹോമിയോ | വാടക | ഇല്ല | | 1 |
| 5. | I | മോഡേൺ ആയുർവേദ ക്ലിനിക് | 1 | ആയുർവേദം | വാടക | ഇല്ല | | 1 |
| 6. | VI | കോസ്മോ ക്ലിനിക് | 1 | അലോപ്പതി | വാടക | 15 | | ഇല്ല |
| 7. | VI | രേവതി ക്ലിനിക് | 1 | അലോപ്പതി | വാടക | 3 | | ഇല്ല |
| 8. | | എസ്. ഡി. ഫാർമസി | | ആയുർവേദം | വാടക | ഇല്ല | | ഇല്ല |

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുള്ള അപൂർവ്വം ചില പഞ്ചായത്തിൽ ഒന്നായ മാറിയിരിക്കുന്നു സീതത്തോട്.

എക്സറെ, ECG, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങൾ ഉള്ള ആശുപത്രികൾ ഇവിടെ പ്രവർത്തിക്കുന്നില്ല. ഇതുകാരണം രോഗികൾ ചെറിയ പരിശോധനകൾക്കുപോലും 35കിലോമീറ്റർ അകലെയുള്ള പത്തനംതിട്ടയിൽ പോകേണ്ട സാഹചര്യം ഉണ്ടാകുന്നു. എന്നിരുന്നാലും ഇവിടെയുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഏറ്റകുറച്ചിലുകൾ കാണുവാൻ കഴിയുന്നു.

പ്രാഥമികാരോഗ്യകേന്ദ്രം സീതത്തോട്
(ഔട്ട്പേഷ്യൻറ് എണ്ണം)

**പട്ടിക- 4**

| 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| പുതിയത് | പുതിയത് | പുതിയത് | പുതിയത് |
| 11639 | 10656 | 7876 | 8704 |
| പഴയത് | പഴയത് | പഴയത് | പഴയത് |
| 31820 | 25542 | 51436 | 47841 |
| ആകെ | ആകെ | ആകെ | ആകെ |
| 43459 | 36199 | 59312 | 56545 |

ഒരു വയസിൽ താഴെയുള്ള കുട്ടികൾക്ക് യഥാസമയം രോഗപ്രതിരോധ മരുന്നുകൾ നൽകാൻ ഇവിടെയുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിനു കഴിഞ്ഞിട്ടുണ്ട്. അതിനാൽ ഒരു വയസിനും, 6വയസിനുമിടയിൽ ആരും തന്നെ ഈ പഞ്ചായത്തിൽ മരിച്ചിട്ടില്ല എന്നുള്ളത് എടുത്തുപറയേണ്ട നേട്ടമാണ്.

**1995-ൽ സീതത്തോട് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും രോഗ പ്രതിരോധ മരുന്നുകൾ സ്വീകരിച്ചവർ**

**പട്ടിക - 5**

| വാക്സിൻ | കുട്ടികളുടെ എണ്ണം (ഒരു വയസ് വരെയുള്ളവർ) |
|---|---|
| BCG (ക്ഷയം) | 208 |
| പോളിയോ (മൂന്നാം ഡോസ്) | 283 |
| ട്രിപ്പിൾ (മൂന്നാം ഡോസ്) | 283 |
| അഞ്ചാം പനി | 228 |

**പട്ടിക - 6**

ദമ്പതികളുടെ തരം തിരിക്കൽ (കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)




ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിച്ചവർ

1995-96ൽ സീതത്തോട് പ്രാഥമികരോഗ്യകേന്ദ്രത്തിൽ 8704 രോഗികളെ പുതുതായി രജിസ്റ്റർ ചെയ്യുകയുണ്ടായി. 1996-97 നവംബർ അവസാനം വരെ 9495ആയി ഉയർന്നു. ഒന്നരലക്ഷം രൂപയുടെ മരുന്നുകൾ കഴിഞ്ഞവർഷം ഇവിടെ ചെലവഴിച്ചിട്ടുണ്ട് ഭാരതത്തിലേയും, കേരളത്തിലേയും ജനനനിരക്കും, മരണനിരക്കും താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. ദമ്പതികൾക്കുള്ള കുട്ടികളുടെ എണ്ണത്തിലും മാറ്റം വന്നിരിക്കുന്നു. രണ്ടിൽ കൂടുതൽ കുട്ടികളുള്ള ദമ്പതികൾ തുലോം കുറവാണ്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹം ഈ അടുത്തകാലത്തായി വർദ്ധിച്ചു വരു

ന്നു. 20വയസിൽ താഴെ പ്രായമുള്ളവരിൽ ഗർഭിണികളാകുന്നവരുടെ എണ്ണം അല്പം കൂടുതലാണ് (ഏകദേശം 15%) ഈ കാര്യത്തിൽ കൂടുതൽ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

### വിവിധ ഗർഭനിരോധന മാർഗങ്ങൾ
### സ്വീകർത്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ




### ജനനമരണനിരക്ക്

(ശതമാനത്തിൽ)

| നിരക്ക് | ഭാരതം 1991 | കേരളം (1991) | സീതത്തോട് (1995) |
|---|---|---|---|
| ജനനം | 29.3 | 18.1 | 102 |
| മരണം | 9.8 | 6 | 4 |
| ശിശുമരണം | 80 | 17 | 0 |
| മാതൃമരണം | 3.2 | 0.8 | 0 |
| സുരക്ഷിതരാക്കപ്പെട്ട ദമ്പതികൾ (Couple Protection Rate) | 45 | 72.2 | 71 |

സീതത്തോട് പഞ്ചായത്തിൽ എന്തെങ്കിലും പ്രത്യേകരോഗങ്ങൾ കൂടുതലായി ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയറിളക്കങ്ങൾ മൂലം ആശുപത്രിയിൽ എത്തുന്നവരുടെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. വയറിളക്കത്തിനുള്ള പാനീയ ചികിത്സ നൽകുന്നതിനേപറ്റി നമ്മുടെ അമ്മമാർ ബോധവതികളാണ്.

നമ്മുടെ നാട്ടിലുള്ള സ്വകാര്യ ആശുപത്രികൾ എല്ലാം തന്നെ. ധനകാര്യസ്ഥാപനങ്ങളെപോലെയാണ് പ്രവർത്തിക്കുന്നത്. സാധാരണക്കാരന് ഇവിടുത്തെ ചികിത്സ ഫലപ്രദമാകുകയില്ല. വേണ്ടത്ര യോഗ്യതയോ. പരിചയമുള്ളവരോ ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ആരോഗ്യപ്രശ്നം ഇന്ന് സാധാരണ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നമായി മാറിയിരിക്കുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങിയതോടെ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പൊതുവേ പ്രചാരത്തിലാണ് 1982 അമ്മമാർ കുടുബാസൂത്രണത്തിനു വിധേയമായി. മാതൃശിശുസംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര പ്രയോജനം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ഉൾക്കൊള്ളുവാൻ ജനങ്ങൾ ശ്രദ്ധിക്കുന്നില്ല. ബോധവൽക്കരണത്തിന്റെ കുറവ്, പ്രൈവറ്റ് ആശുപത്രികളുടെ സ്വാധീനം, പാരമ്പര്യചികിത്സകരുടെ വ്യക്തിബന്ധങ്ങൾ, ജനങ്ങളുടെ അജ്ഞത തുടങ്ങിയ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിസരശുചിത്വം

ഇന്നു രാജ്യങ്ങൾ നേരിടുന്ന ആഗോളപ്രശ്നമാണ് പരിസരമലിനീകരണം, ഇതുകാരണം പല രാജ്യങ്ങളും ഇതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യവും ഇതിൽ നിന്നും മോചനം നേടിയിട്ടില്ല. പരിസര ശുചിത്വം പാലിച്ചാൽ മാത്രമേ പകർച്ച വ്യാധികളെ തടയാൻ സാധിക്കുകയുള്ളൂ. ഇവിടം ഗ്രാമപ്രദേശമായതുകൊണ്ടും സ്ഥലസൗകര്യങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടും പരിസരവും ഗൃഹവും വൃത്തിയായി സൂക്ഷിക്കാൻ ഒരളവ് വരെ നമ്മുടെ ജനങ്ങൾക്കു സാധിക്കുന്നുണ്ട്. എങ്കിലും തുറസായ സ്ഥലത്തുള്ള മലമൂത്രവിസർജ്ജനം പ്രശ്നമായി മാറിയിട്ടുണ്ട്. ഏകദേശം 15% വീടുകളിൽ മാത്രമേ കക്കൂസുകൾ ഉപയോഗിക്കുന്നുള്ളൂ. ആധുനിക കാലഘട്ടത്തിലും തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്താൻ അവർ നിർബന്ധിതരായിരിക്കുന്നു. രോഗങ്ങൾ പടർന്നു പിടിക്കാൻ പ്രധാനപ്പെട്ട കാരണമാണിത്. ഈ പഞ്ചായത്തിന്റെ മാർക്കറ്റ് പ്രദേശം തീർത്തും മലിനസമാണ്. ചപ്പുചവറുകളും ചീഞ്ഞളിഞ്ഞ മത്സ്യ പച്ചക്കറികളുടേയും അവശിഷ്ടങ്ങളും വേനൽക്കാലങ്ങളിൽ പകർച്ചവ്യാധികൾക്ക് കാരണമായേക്കാം. ഹോട്ടലുകൾ ഒന്നും തന്നെ ശുചിത്വം പാലിക്കുന്നില്ല.

അതുകൊണ്ട് കക്കൂസുകളും കുടിവെള്ളവിതരണസംവിധാനവും സ്ഥാപിച്ചതു കൊണ്ടു മാത്രം

ശുചിത്വം പാലിക്കുന്നില്ല. പ്രാദേശിക ജനകീയ സംവിധാനം സുശക്തമാക്കിയും പ്രാദേശിക വൈദഗ്ദ്ധ്യം ഉപയോഗിച്ചതുകൊണ്ടും ബോധവത്ക്കരണപ്രവർത്തനങ്ങൾ കൂടുതലായി നടത്തേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. സീതത്തോട് പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത് റോഡിൽ നിന്നും കുറേയേറെ മുകളിലായിട്ടാണ്. ഇതുമൂലം രോഗികൾക്ക് ആശുപത്രിയിൽ വരുന്നതിനും മരുന്നുകളും മറ്റ് വസ്തുക്കളും കൊണ്ടുവരുന്നതിനും ബുദ്ധിമുട്ടുകളുണ്ടാക്കുന്നു.
2. ഗ്രാമിണ ഡിസ്പെൻസറിയുടെ പ്ലാൻ മുന്നിൽകണ്ടു കൊണ്ടാണ് ഇപ്പോഴത്തെ കെട്ടിടം പണിഞ്ഞിരിക്കുന്നത് സ്വന്തമായി ഒരേക്കർ ഭൂമി നൽകാമെന്ന് പറഞ്ഞത് ഇപ്പോഴും വാഗ്ദാനമായി മാത്രം നിലനിൽക്കുന്നു.
3. പ്രാഥമികരോഗ്യകേന്ദ്രത്തിന് ഇപ്പോഴുള്ള സ്ഥലം വളരെ അപര്യാപ്തമാണ്. കോപ്പർ-ടി നിക്ഷേപിക്കൽ മുതലായ രഹസ്യസ്വഭാവത്തോട് ചെയ്യേണ്ടുന്ന പലതും, ഒരു സ്ക്രീൻ മറച്ചുകൊണ്ട് ആശുപത്രിയുടെ ഇടനാഴിയിൽ വച്ചു ചെയ്യേണ്ടിവരുന്നത് തികച്ചും അപരിഷ്കൃതമായ ഒരു കാര്യമാണ്.
4. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് ഉദ്ദേശിക്കുന്നതുപോലെ ഫലവത്തായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല.
5. രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റിയ എല്ലാ സൗകര്യങ്ങളോടും കൂടിയ ആശുപത്രിയില്ലാത്തതുമൂലം രോഗികൾക്ക് പത്തനംതിട്ടയിൽ 35കിലോ മീറ്ററോളം യാത്ര ചെയ്ത് ചികിത്സിക്കേണ്ടിവരുന്നു.
6. ജീവനക്കാരുടെ പരിമിതിമൂലം, മലേറിയ നിയന്ത്രണം, ആരോഗ്യബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങൾ ശരിയായ രീതിയൽ നിർവഹിക്കാൻ സാധിക്കാതെ വരുന്നു.
7. ദൂരെ സ്ഥലങ്ങളിൽ നിന്നും സ്ഥലം മാറി ഇവിടെ എത്തുന്ന ആശുപത്രി ജീവനക്കാർക്ക് താമസിക്കാൻ വേണ്ട സൗകര്യം ലഭ്യമാകുന്നില്ല. കൂടിയ നിരക്കിൽ വാടക കൊടുത്തെങ്കിൽ മാത്രമേ റൂം കിട്ടൂ എന്നുള്ള സ്ഥിതിയായതിനാൽ ദൂരെ സ്ഥലത്തും നിന്നും വന്ന് ജോലി ചെയ്യാൻ മടിക്കുന്നു.
8. റബ്ബർ അടിയ്ക്കാൻ ഉപയോഗിക്കുന്ന റബ്ബർ റോളറുകളിൽ ഉണ്ടാകുന്ന മലിനജലം പല വീട്ടുകാരും തോടുകളിലേയ്ക്കു ഒഴുക്കുകയും, മൂടിയില്ലാത്ത ടാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതുമൂലം പല തരത്തിലുള്ള പ്രയാസങ്ങൾ സാധാരണ ജനങ്ങൾക്കുണ്ടാകുന്നു.
9. വൃത്തിയാക്കാതെ കിടക്കുന്ന മാർക്കറ്റിൽ മത്സ്യവും മാംസ്യവും വിൽപന നടത്തുന്നത് പരിസരമലീനകരണം വർദ്ധിപ്പിക്കുന്നു.
10. ശരിയായ യോഗ്യതയില്ലാത്ത വ്യാജഡോക്ടറുമ്മാരുടെ ചികിത്സയും പലതരത്തിലുള്ള പ്രശ്നങ്ങൾ രോഗികൾക്കുണ്ടാകുന്നു. സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിതചാർജ്ജും സാധാരണ രോഗികളെ ഞെക്കിപിഴിയുന്നതിനിടയാക്കുന്നു.
11. തുറസായ സ്ഥലത്തുള്ളമലമൂത്രവിസർജ്ജനം പല സാംക്രമികരോഗങ്ങൾക്കും കാരണമാകുന്നു.
12. സീതത്തോട് പ്രാഥമികരോഗ്യകേന്ദ്രത്തിലെ ഡോക്ടർക്ക് മണിയാർ പോലീസ് ആശുപത്രി, ചിറ്റാർ പ്രാഥമിക കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ കൂടി ചുമതയുള്ളതിനാൽ ഇവിടെതന്നെ പൂർണ്ണമായും പ്രവർത്തിക്കാൻ സാധിക്കുന്നില്ല.
13. സീതത്തോടിന്റെ എട്ടും ഒൻപതും വാർഡുകൾ ഒറ്റപ്പെട്ടു കിടക്കുന്ന വനമേഖലയാണ്. ആയതിനാൽ അത്യാവശ്യ ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു.

### നിർദ്ദേശങ്ങൾ

1. സീതത്തോട് പ്രാഥമിരോഗ്യകേന്ദ്രം 50 കിടക്കകൾ എങ്കിലും ഉള്ള ആശുപത്രിയായി ഉയർത്തുകയും ഗൈനക്കോളജിസ്റ്റ് ഉൾപ്പെടെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.
2. ഹെൽത്ത് സെന്ററുകൾ വഴി സൗജന്യപ്രതിരോധ കുത്തിവയ്പ്, ഗർഭിണികൾക്കുള്ള പോഷകാഹാരം മുതലായവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. പൊതുസ്ഥലത്ത് മലമൂത്രവിസർജ്ജനം ഒഴിവാക്കുന്നതിന് സീതത്തോട് ടൗണിലും ആങ്ങമൂഴിയിലും കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
4. സർക്കാർ മേഖലയിൽ ആയുർവ്വേദാശുപത്രി ഇല്ലാത്തിനാൽ ആശുപത്രി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
5. രണ്ടാം വാർഡിൽ ചികിത്സാ കേന്ദ്രങ്ങൾ ഒന്നും

തന്നെ ഇല്ലാത്തതിനാൽ ഗുരുനാഥൻ മണ്ണ്, കുന്നം തുടങ്ങിയ മേഖലകളിൽ താമസിക്കുന്ന ജനങ്ങൾക്ക് കിലോമീറ്ററുകൾയാത്ര ചെയ്തുവേണം സീതത്തോട്ടിലെത്താൻ. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ റൂറൽ ഡിസ്പെൻസറി ഈ പ്രദേശത്തു സ്ഥാപിക്കുക.

6. സീതത്തോട് പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത സാധാരണക്കാർക്ക് അവ നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുക.
7. ജനങ്ങളുടെ സൗകര്യർത്ഥം ഒരു പൊതുശ്മശാനം സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കുക.
8. നാലും അഞ്ചും വാർഡിൽ ആയുർവ്വേദാശുപത്രിയും, ലൈബ്രറി ഹെൽത്ത് സെന്ററും ആരംഭിക്കുക.
9. സ്ഥിരമായി ഒരു ഹെൽത്ത് വിസിറ്ററിനെ 5-ലും 9-ലും വാർഡിലും നിയമിക്കണം.
10. പടർന്നു പിടിക്കുന്ന രോഗങ്ങൾക്ക് യഥാസമയം പ്രതിരോധ നടപടികൾ സ്വീകരിക്കണം.
11. മലിന ജലം കെട്ടികിടക്കുന്ന പ്രദേശങ്ങളിൽ സാംക്രമികരോഗങ്ങൾ ഉണ്ടാകാതിരിക്കാൻ കീടനാശിനികൾ ഉപയോഗിക്കുക.
12. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പരിസരശുചീകരണം പ്രവർത്തനവും, ബോധവൽക്കരണ ക്യാമ്പുകളും നടത്തുക.
13. മനുഷ്യന്റെ ആരോഗ്യത്തെയും കുടുംബത്തേയും നശിപ്പിക്കുന്ന വ്യാജവാറ്റ് പൂർണമായും നമ്മുടെ പഞ്ചായത്തിൽ നിർത്തലാക്കുക.
14. മൂഴിയാറിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആശുപത്രിയിൽ ഡോക്ടറുടെ സേവനം ഇല്ലാതായിട്ട് മാസങ്ങൾ ആയി. ധാരാളം ഗിരിവർഗ്ഗക്കാരുള്ള പ്രദേശവും പദ്ധതി മേഖലയും ആയതിനാൽ ഡോക്ടറുടെ സേവനം ഉടൻ ലഭ്യമാക്കുക.
15. സീതത്തോട്ടിൽ നിന്നും എഴുപതു കിലോമീറ്ററോളം അകലെ കാടിനു നടുവിൽ സ്ഥിതി ചെയ്യുന്ന ഒൻപതാം വാർഡിൽ (ഗവിയിൽ) ആരോഗ്യകേന്ദ്രം സ്ഥാപിച്ച് ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
16. വളരെ വിസ്തൃതിയേറിയ പഞ്ചായത്തായതിനാൽ ഇവിടെയുള്ള ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുവാൻ അത്യാവശ്യമായും ഒരു വാഹനം അനുവദിച്ചു നൽകുകയും, ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

## സാധ്യതകൾ

1. സീതത്തോട് പ്രാഥമികാരോഗ്യകേന്ദ്രവും ഒരു സാമൂഹിക ആരോഗ്യകേന്ദ്രമാക്കി (Community Health Centre) മാറ്റുകയാണെങ്കിൽ രോഗികളെ കിടത്തി ചികിത്സിപ്പിച്ച് ആരോഗ്യരംഗം കൂടുതൽ ശ്രദ്ധിക്കുവാൻ കഴിയുമായിരുന്നു.
2. ദൂരെ നിന്നും സ്ഥലം മാറി വരുന്നവർക്ക് താമസിക്കാൻ ആവശ്യമായ കോർട്ടേഴ്സുകൾ നൽകുകയാണെങ്കിൽ അവരുടെ സേവനം പൂർണമായും ഇവിടെ ഉപയോഗിക്കുവാൻ കഴിയുമായിരുന്നു.
3. സീതത്തോട് മാർക്കറ്റിൽ വിൽപന നടത്തുന്ന മാംസം യഥാസമയത്ത് പരിശോധന നടത്തിയാൽ രോഗങ്ങൾ ഇല്ലാത്ത കന്നുകാലികളുടെ മാംസം ജനങ്ങൾക്ക് ലഭ്യമായേനെ. അതിനാൽ മാർക്കറ്റിൽ വിൽക്കപ്പെടുന്ന മാംസം ഉപയോഗ്യമാണെന്ന് മൃഗഡോക്ടറെ കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പു വരുത്തണം.
4. സീതത്തോട് മാർക്കറ്റിൽ കിടക്കുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്ത് പഞ്ചായത്തിന്റെ പുറം പോക്കു സ്ഥലത്ത് (സ്ക്കൂളിനു സമീപം കാടുകയറി കിടക്കുന്ന സ്ഥലം) കൊണ്ട് ചെന്ന് കത്തിച്ചുകളഞ്ഞാൽ ചന്തസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുമായിരുന്നു.
5. പഞ്ചായത്തുതലത്തിൽ ക്യാൻസർ, ത്വക്ക് രോഗ നിർണയക്യാമ്പുകൾ നടത്തുകയാണെങ്കിൽ ക്യാൻസർപോലുള്ള മാരകരോഗം യഥാസമയം കണ്ടെത്തി ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നു.

## ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ.

1. രോഗപ്രതിരോധ പ്രവർത്തനങ്ങൾ

രോഗപ്രതിരോധ അവശ്യത്തിനുവേണ്ടി ഇരുപത്തിയാറ് സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഏതുസമയത്തും ORS പായ്ക്കറ്റുകൾ ലഭ്യമാകുന്നതിനുള്ള ORS ഡിപ്പോകൾ പ്രവർത്തിക്കുന്നു. പ്രത്യേക രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനുള്ള പ്രവർത്തനങ്ങൾ ഏതു സമയത്തും ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാണ്.

2. C.S.S.M. പ്രോഗ്രാം

നമ്മുടെ പ്രദേശത്ത് എല്ലാം കുട്ടികളും, വാക്സിൻ മൂലം തടയാവുന്ന ആറ് മാരക രോഗങ്ങൾക്കെതിരെ

വാക്സിൻ സ്വീകരിച്ചവരാണ്. ഈ രോഗങ്ങളിൽപ്പെട്ട പിള്ളവാതം (പോളിയോ), ഡിഫ്ത്തീരിയ (തൊണ്ടമുള്ള്), ടെറ്റനസ് (കുതിരചന്നി), വില്ലൻചുമ, കുട്ടികളുടെ ക്ഷയ രോഗം എന്നിവയെല്ലാം തന്നെ നമ്മുടെ പ്രദേശത്തു നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. എങ്കിലും അഞ്ചാംപനി (വീസൻസ്) തുടങ്ങിയ രോഗങ്ങൾക്കെ ല്ലാം നമ്മുടെ ആശുപത്രിയിൽ വച്ച് ടിവാക്സിനു കൾ നൽകി കൊണ്ടിരിക്കുന്നു. കൂടാതെ ആങ്ങമൂഴി, ഗുരുനാഥൻമണ്ണ് എന്നീ സ്ഥലങ്ങളിൽ വച്ച് മാസ ത്തിൽ ഒരിക്കലും ഈ വാക്സനുകൾ നൽകുന്നു. കുട്ടികളിൽ വിറ്റാമിൻ. എ.യുടെ അഭാവം മൂലം ഉണ്ടാ കുന്ന അന്ധത തടയുന്നതിനായി. 9 മാസം മുതൽ 3 വയസുവരെയുള്ള കുട്ടികൾക്ക് വൈറ്റമിൻ Aയുടെ അഞ്ചുമാത്രകൾ (ഡോസ്)നൽകിവരുന്നു.

കുട്ടികളിലുള്ള രക്തകുറവിന്റെ പരിഹാരമായി അയൺ (I.F.A) ഗുളികകൾ എല്ലാ കുട്ടികൾക്കും നൽകി വരുന്നു.

3. കുടുംബക്ഷേമ പ്രവർത്തനങ്ങൾ

ഇരുപതു വയസിനുശേഷം വിവാഹം, 20-30വയസിനുള്ളിൽ ആദ്യ കുട്ടിയുടെ ജനനം, രണ്ടു കുട്ടികൾ തമ്മിൽ മൂന്നു വർഷത്തെ ഇടവേള, കുട്ടി കളുടെ എണ്ണം കഴിയുന്നത്ര പരിമിതപ്പെടുത്തുക, അമ്മ യുടേയും, കുഞ്ഞിന്റേയും ആരോഗ്യം തുടങ്ങിയ സന്ദേ ശങ്ങൾ ജനങ്ങളിൽ എത്തിയ്ക്കാൻ ആരോഗ്യപ്ര വർത്തകരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നട ന്നുവരുന്നു.

### മറ്റ് പ്രവർത്തനങ്ങൾ

എല്ലാ ഗർഭിണികളായ സ്ത്രീകൾക്കും രണ്ട് ഡോസ് ടെറ്റനൻസ് റ്റോക്സോയിഡ് (Tetanus Toxoid) എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു. രക്തകുറവ് തട യുന്നതിനായി അയൺ (IFA) ഗുളികകളും മറ്റും നൽകു കയും, ഗർഭിണികൾ നിർബന്ധമായും മാസത്തിലൊ രിക്കൽ ഒരു ഡോക്ടറുടെ അടുത്തുപോയി ആവശ്യ മായ പരിശോധനകൾ നടത്താൻ പ്രേരിപ്പിക്കുകയും അതെപോലെ പ്രസവം ഏതെങ്കിലും ആശുപത്രിയിൽ വച്ച് നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. (1995-96ൽ പ്രദേശത്ത് ഒരൊറ്റ ഗർഭിണിപോലും പ്രസവ സംബന്ധമായ അസുഖത്താൽ മരണപ്പെട്ടിട്ടില്ല.)

പലവിധ രോഗങ്ങൾ മൂലം നഷ്ടമാവുന്ന മനു ഷ്യജീവൻ, തൊഴിൽ ദിനങ്ങൾ, ചികിത്സാ സൗകര്യ ങ്ങൾക്കുവേണ്ടി വരുന്ന വിവിധ ചിലവുകൾ, ആധു നിക കാലഘട്ടത്തിൽ മനുഷ്യ ജീവിതത്തിന്റെ സുര ക്ഷിതത്വമില്ലായ്മ, ദാരിദ്ര്യം, അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, ഇങ്ങനെ മനുഷ്യന്റെ മെച്ചപ്പെട്ട ജീവി തനിലവാരത്തെ തടയുകയും, വികസനപരിപാടികളെ പ്രശ്നസങ്കീർണമാക്കി മാറ്റുകയും ചെയ്യുന്ന സാമൂഹ്യ പ്രശ്നങ്ങളിൽ നിന്നും വിടുതൽ കിട്ടിയാലെ സാമൂഹ്യ മാറ്റം അർത്ഥപൂർണമാകുകയുള്ളൂ.

ആരോഗ്യകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് നിലനിൽക്കുന്ന സാമൂഹ്യതി ന്മയെ ഒരു പരിധി വരെയെങ്കിലും മാറ്റുവാൻ കഴിയു മെന്ന് നമുക്ക് പ്രതീക്ഷിക്കാം..................



# 5-3.K സാമൂഹ്യക്ഷേമം

ദുർബല ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പരിപാടികളാണ് സാമൂഹ്യക്ഷേമ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. സാമ്പത്തിക പുരോഗതി കൈവരിക്കുന്നുണ്ടെങ്കിലും ക്ഷേമപ്രവ ർത്തനങ്ങളിൽ ഇന്നും നമ്മുടെ നാട് പുറക്കോട്ടാണ്. ഒരു നാടിന്റെ വികസനം താഴ്ന്നവരുമാനക്കാരെയും, ദുർബലവിഭാഗങ്ങളെയും ഉയർത്തിക്കൊണ്ടുവന്നെങ്കിൽ മാത്രമേ നടക്കുകയുള്ളു. 8-പഞ്ചവൽസര പദ്ധതികൾ വന്നു പോയെങ്കിലും ക്ഷേമ പ്രവർത്തനങ്ങൾ വളരെ കുറവാണ്.

സീതത്തോട് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 8.12% ആൾക്കാർ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇതിൽ സാമ്പത്തിക സഹായം ലഭിച്ചവർ 18.78 ശതമാനം മാത്രമാണ്. വിവിധ ക്ഷേമപ്രവർത്തനങ്ങളിലൂടെ ദാരിദ്രരേഖയ്ക്ക് മുകളിലെത്താൽ സാധിച്ചത് 4.25 ശതമാനമാണ്. ഇന്നുനിലവിലുള്ള IRDP പദ്ധതികൾക്ക് സമൂലമായ അഴിച്ചുപണിനടത്തിയെങ്കിൽ മാത്രമേ ഉദ്ദേശ്യലക്ഷ്യം നേടുവാൾസാധിക്കുകയുള്ളു. അർഹരായ ആൾക്കാരെ കണ്ടെത്തുന്ന അശാസ്ത്രീയമായരീതി അവസനിക്കേണ്ടതതാണ്. ഇതുമൂലം പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട ശരിയായ വ്യക്തികളെ കണ്ടെത്തുവാൻ കഴിയാതെ വരുന്നു.

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 175 | 36 | 40 | 12 | 14 | 161 |
| II | 250 | 48 | 16 | 6 | 8 | 242 |
| III | 140 | 33 | 18 | 16 | 7 | 133 |
| IV | 260 | 29 | 13 | 4 | 5 | 255 |
| V | 173 | 23 | 16 | 6 | 5 | 168 |
| VI | 229 | 40 | 22 | 8 | 11 | 218 |
| VII | 218 | 60 | 35 | 18 | 13 | 205 |
| VII | 15 | 6 | 3 | - | - | 15 |
| IX | 20 | 3 | - | - | - | 20 |
| ആകെ | 1480 | 278 | 163 | 70 | 63 | 1418 |

IRDP സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ്നമ്പർ സർവ്വപ്രകാരം കണ്ടത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം ഇതിൽ sc/st കുടുംബങ്ങൾ നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ ഇതിൽsc/st സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) ഗ്രാമവികസനകുപ്പിൽനിന്നും 8-നും 35-നും ഇടയിൽ പ്രായമുള്ളവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കേന്ദ്രഗവ :സഹകരണത്തോടുകൂടി സംസ്ഥാന ഗവ:നടപ്പിലാക്കുന്ന പദ്ധധിയാണ് ട്രൈസം. ഈ പദ്ധതിയുടെ വിവധതൊഴിലുകളിൽ പരിശീലനം നൽകി വരുന്നു.

സീതത്തോടു പഞ്ചായത്തിൽ തൊഴിൽ പരിശിലനം ലഭിച്ചവരുടെ വിവരം

വാർഡ് നമ്പർ പരിശീലനവിഷയത്തിന്റെപേര് പരിശിലനം ലഭിച്ചവരുടെ എണ്ണം സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം ഇതര തൊഴിലിൽ എർപ്പെട്ടിരിക്കുന്നവരുടെ എണ്ണം അവശേഷിക്കുന്നവർ

| നമ്പർ | പേര് | എണ്ണം | തൊഴിൽ കണ്ടെത്തിവർ | മറ്റു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| I | പ്ലാസ്റ്റിക് നിർമ്മാണം | 3 | 3 | - |
| II | റേഡിയോ & T v മെക്കാനിക്കൽ | 4 | 2 | 2 |
| III | പ്ലാസ്റ്റിക്ക് നിർമ്മാണം റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 3 | 1 | 2 |
| IV | റേഡിയോ & T.V മെക്കാനിസം | 2 | 1 | 1 |
| V | അറ്റപ്പണി | 2 | 2 | - |
| VI | അറ്റപണി | 6 | 6 | - |
| VII | തയ്യൽ പ്ലംമ്പങ്ങ് വർക്ക്സ് | 4 | 2 | 2 |
| VIII | - - | - | - | |
| IX | - - | - | | - |

വിവിധ മേഖലകളിൽ പരിശീലനം ലഭിക്കുന്നവർ അതാതുമേഖലകളിൽ പ്രവർത്തിക്കാൽ വിമുഖത കാണിക്കുന്നു. ധനസഹായം വാങ്ങിക്കുന്നതിനും വേണ്ടി മാത്രം ജോലിയിൽ പരിശീലനം നേടുകയും അതിനുശേഷം അതിൽനിന്നു അകന്നുപോകുകയും മറ്റ് ജീവിത മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. ഈയൊരു പ്രവണതമാറിയെങ്കിൽ മാത്രമേ ട്രൈസം പോലൊരു പന്ധതിയ്ക്കൊരു പ്രയോജനമുണ്ടാകുകയുള്ളു.

പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപ്പെട്ട യുവതിയുവാക്കൾക്ക് അവരുടെ ക്ഷേമത്തിനും വേണ്ടി വിവധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ പ്രയോജനം എന്താണന്നുപോലും അറിയാൻകഴിയുന്നില്ല ഉള്ളതാണ് യാഥാർത്ഥ്യം. ഓരോ പഞ്ചായത്തിലും ഇതിനാവശ്യമായ ഇൻഫർമേഷൻ സെന്ററുകൾ തുറന്നാൽ ഈ വിഭാഗത്തിൽപ്പെട്ട യുവതിയുവാക്കൾക്ക്കൂടുതൽ പ്രയോജനകരമാ കും. ഗ്രാമവികസനവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മറ്റോരു പദ്ധതിയാണ് R.A. P. ഗ്രാമീണ കൈ തൊഴിലുകാർക്ക് ആധിനിക ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. സീതത്തോട് പഞ്ചായത്തിൽ ഈ ബന്ധതിയിൽ കൂടി IRDP സർവ്വപ്രകാരം 150-ളം ഗ്രാമിണ കൈതോഴിലാളികളുണ്ടെങ്കിൽ സഹായംലഭിച്ചത് ഒരാൾക്ക് മാത്രമാണ്. ശരിയായ സർവ്വേ നയത്താതതും ഇതിനെക്കുറിച്ച് ഗ്രാമവികസനവകുപ്പ് ആവശ്യമായ പ്രചാരണം നടത്താത്തതും ഇതൊരു കടലാസുപന്ധതിയായി മാറാൻ കാറണമാകുന്നു.

## വിവിധ ക്ഷേമ പന്ധതികൾ

**1 വിധവാപെൻഷൻ**

നിയമാനുവരണം ഭർത്താവുമരിച്ചവർക്കും ഭർത്താവു ഉപേക്ഷിച്ചുപോയവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ്. സീതത്തോട് പഞ്ചായത്തിൽ 26 വിധവകൾക്ക് ഒരുമാസം 100 രൂപാ വീതം നൽകുന്നുണ്ട്. പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്ക് ഈ പെൻഷന് അർഹതയില്ല.

**2 വാർദ്ധ്യക്യകാല പെൻഷൻ**

അറുപത്തിയഞ്ച് പൂർത്തിയായ താഴ്ന്നവരുമാന ക്കാർക്കാണ് ഇതിന്റെ അനുകൂല്യം ലഭ്യമാക്കുന്നത്. ഈ പഞ്ചായത്തിൽ 6 പേർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. അർഹതപ്പെട്ട ആൾക്കാരുണ്ടെങ്കിലും അവർക്കൊന്നും തന്നെ ഈ പെൻഷൻ ലഭ്യമാകുന്നില്ല. ഇപ്പോൾ നല്ക്കുന്ന തുക ഉയർത്തേണ്ടത് ആവശ്യമാണ്.

3 തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ വേതനം ലഭിക്കുന്ന 7 പേർ ഉണ്ട് തുഛമായ രൂപയാണ് ഒരുമാസം തൊഴിലില്ലായ്മവോതനമായി ഇവർക്ക് ലഭിക്കുന്നത്. അർഹരായ ഒരുപാടുപേരുണ്ടങ്കിലും ലഭിക്കുന്നതിനുള്ള നിയമനടപടികൾ കാരണം പലരും അർഹതപ്പെട്ട വേതനം വേണ്ടന്നുവയ്ക്കുകയാണ്.

4 കർഷകതൊഴിലാളി പെൻഷൻ

60 വയസ്സിനുമേൽ പ്രായമായ കർഷകതൊഴിലാളികൾ ഈ പന്ധതിപ്രകാരം പെൻഷന് അർഹതരാണ്. ഈ പഞ്ചായത്തിൽ 43 പേർക്ക് 70രൂപാ പ്രതിമാസം പെൻഷനായി ലഭിക്കുന്നുണ്ട്. അർഹതപ്പെട്ടകർഷകർ ധാരാളം ഉണ്ടങ്കിലും അവർക്കാർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല.ഇതുകൂടാതെ വിധവകളുടെ പെൺമക്കളെ കെട്ടിയ്ക്കുന്നതിനുള്ള ധനസഹായം, വികലാംഗപെൻഷൻ ക്ഷയരോഗികൾക്കുള്ള പെൻഷൻ, തുടങ്ങിയ വിവിധ പെൻഷൻ, ഉണ്ടെങ്കിലും ഇവയൊന്നും കാര്യക്ഷമമായി ലഭിക്കുന്നില്ല.

## അംഗൻവാടികൾ

ഈ പഞ്ചായത്തിൽ ആകെ ഒരു അംഗൻവാടി മാത്രമേ പ്രവർത്തിക്കുനുള്ളു. സാമീഹ്യക്ഷേമരംഗത്ത് കാര്യക്ഷമമായി പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്ന ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല. ICDC പന്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് പ്രവർത്തനം മുരടിച്ചു പോകുവാൻ കാരണമാകുന്നു. അംഗൻവാടികൾ ആരംഭിച്ചാൽതന്നെയും സർക്കാരിന്റെ ഭാഗത്തിനിന്നും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

## പൊതുവിതരണം

പുതിയ സാമ്പത്തിക നയം ആവിഷ്കരിച്ചതിന്റെ ഫലമായി സബ്സിഡികൾ കുറയ്ക്കുവാൻ ഗവ: തീരുമാനിച്ചത് പൊതുവിതരണ സമ്പ്രദായത്തെ സാരമായി ബാധിച്ചു.

റേഷൻഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഉഭോക്താക്കൾ ലഭിക്കുന്നില്ല. റേഷൻകാർഡു മകൾക്ക് ലഭ്യമാക്കേണ്ട സാധനങ്ങളിൽപലതും കരിച്ചന്തയിൽ കൂടിയ വിലയ്ക്കു വിൽക്കപ്പെടുന്നു. ഈയോരു പ്രവണത മാറിയെങ്കിൽ മാത്രമേ ന്യായമായ വിതരണം സാധ്യമാകുകയുള്ളു.

## മദ്യനിരോധനം

മദ്യനിരോധനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മറ്റിയുടെ നേതൃതത്തിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 5 വർഷംകൊണ്ട് മദ്യനിരോധനം പൂർണമായും സമയബന്ധിത പരിപാടിയായി നടത്താൻ കമ്മറ്റി തീരുമാനിച്ചിരിക്കുന്നു.

# 5.3.1 പട്ടികജാതി - പട്ടികവർഗ്ഗം

സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ അനേകകാലം കൊടിയ ചൂഷണത്തിന് വിധേയരായികഴിഞ്ഞിരുന്ന പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് ഒരുപരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും കർഷകത്തൊഴിലാളി സംഘടനയുടെ പരിരക്ഷയും, ഭൂപരിഷ്ക്കരണ നിയമങ്ങളും, സംവരണം, വിവിധക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കിയതും ആണ് മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം ലഭിക്കുവാൻ ഈ വിഭാഗത്തെ സഹായിച്ചത്. എങ്കിലും വിദ്യാഭ്യാസ-സാമൂഹ്യമേഖലകളിലെ നേട്ടങ്ങൾക്കനുസൃതമായി സാമ്പത്തികരംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ നേടിയെടുക്കാൻ സഹായകമായ ഒട്ടേറെ പദ്ധതികൾ ഉണ്ടെങ്കിലും അവയെല്ലാം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കാത്തതാണ് ഈ പിന്നോട്ടടിക്കു കാരണം. ഇപ്പോൾ എല്ലാ ജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. സമൂഹത്തിന്റെ പൊതു ധാരയിൽ ലയിച്ചുചേർന്നുള്ള ജീവിതമാണ് ഇവർ നയിക്കുന്നത്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 8.73% പട്ടികജാതിക്കാരും 2.12% പട്ടികവർഗ്ഗക്കാരുമാണ്. 236 പട്ടികജാതികുടുംബങ്ങളും 42 പട്ടികവർഗ്ഗ കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. ഇതിൽ 115 കുടുംബങ്ങൾ 5 അംഗീകൃത പട്ടികജാതികോളനികളിലും 3 പട്ടികവർഗ്ഗകോളനികളിലുമായി താമസ്സിക്കുന്നു. ബാക്കി 163 കുടുംബങ്ങൾ ഇടകലർന്നാണ് അധിവസിക്കുന്നത്.

പട്ടിക - 1

| | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| പട്ടികജാതി | 813 | 777 | 1590 |
| പട്ടികവർഗ്ഗം | 190 | 197 | 387 |
| ആകെ | | | 1977 |

പദ്ധതികളെക്കുറിച്ചുള്ള അജ്ഞത നിമിത്തവും, പ്രയാസമേറിയ നിബന്ധനകൾ കാരണവും സർക്കാരിന്റെ പല പദ്ധതികളും വേഗത്തിലും ഫലപ്രദമായും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എങ്കിലും പദ്ധതികൾ ഭാഗികമായെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുള്ളത് കോളനി നിവാസികളെയാണ്. 1991-ലെ സെൻസസ്സ് പ്രകാരം കോളനികളിലടക്കം ജനസംഖ്യ 1977 ആണ്. അംഗീകൃത കോളനികളിൽ കൂടുതൽ വികസനം എത്തിച്ചും കൂടുതൽ കോളനികൾ രജിസ്റ്റർ ചെയ്തും ഈ വിഭാഗത്തിന്റെ ഉയർച്ച ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടിക - 2

| വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| | **പട്ടികജാതി കോളനി** | | |
| I | മൂന്ന്കല്ല് അംബേദ്കർ | 12 | 62 |
| VI | ആങ്ങമൂഴി | 14 | 65 |
| VII | ചതുപ്പ് | 16 | 82 |
| VII | കോട്ടമൺപാറ അംബേദ്കർ | 18 | 71 |
| VII | ശിവവിലാസം | 13 | 48 |

| പട്ടികവർഗ്ഗ കോളനി | | | |
|---|---|---|---|
| I | അടിയാൻകാലാ | 12 | 50 |
| V | ഭയങ്കരാമുടി | 24 | 78 |
| II | ചിപ്പൻ കുഴി | 13 | 82 |
| അവലംബം ഹാബിറ്റാറ്റ് രജിസ്റ്റർ | | | |

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും ഈ വിഭാഗത്തിന് വിദ്യാഭ്യാസത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുമൂലം എസ്.എസ്.എൽ.സി ക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പലകുട്ടികളും താല്പര്യം കാണിക്കുന്നില്ല. താഴ്ന്ന ക്ലാസ്സുകളിലേ പലകുട്ടികൾക്കും വേണ്ടത്ര നിലവാരം ഇല്ലാത്തത് പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 1996-97 അദ്ധ്യയന വർഷത്തിൽ - പട്ടിക വിഭാഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. പൊതുവേ എസ്.എസ്.എൽ.സി ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണ്. ഈ അവസ്ഥ മാറ്റി എടുക്കേണ്ടതുണ്ട്.

## തൊഴിൽ

കാർഷിക മേഖലയിലാണ് ഭൂരിഭാഗവും പട്ടകജാതി കുടുംബങ്ങളും തൊഴിൽ ചെയ്യുന്നത്. എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്നമാറ്റങ്ങൾ ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തി. ഇവർ നിർമ്മാണരംഗത്തേക്ക് തിരിഞ്ഞു. ഈ മേഖലയിൽ സ്ത്രീക്ക് 75 രൂപയും പുരുഷന് 100 രൂപയും കൂലിലഭിക്കുന്നുണ്ട്. തന്മൂലം പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും അകന്നു മാറിയിരിക്കുന്നു. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപ്പാദന വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് കാർഷിക മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളതേണ്ടതാണ്. കാർഷിക മേഖലയിൽ ഭാഗികമായി ലഭിക്കുന്ന തൊഴിൽ ഇവരുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. മിക്ക പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണുള്ളതെങ്കിലും ചെറ്റക്കുടിലിൽ നിന്നും മോചനമാകുന്നുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾ പലതും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പ എടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടിട്ടുണ്ട്. ഭൂമിക്ക് രേഖ ഇല്ലാത്തതിനാലും അത് ലഭിക്കുന്നതിനുള്ള കാലതാമസം മൂലവും അത് നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. വീടുനിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തതകാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നു. വീടുവയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് വീടുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്. ലക്ഷം വീടുകോളനികളും, കോളനികളിലെ വീടുകളിലും എല്ലാം കക്കൂസ് ഇല്ലാത്ത അവസ്ഥയുണ്ട് ഓരോ വീടിനും കക്കൂസ് അനുവദിച്ചു നല്കണം.

| കോളനിയുടെ പേര് | വീടുകളുടെസ്വഭാവം | | | ആവശ്യമുള്ളവീടുകളുടെഎണ്ണം | കക്കൂസ് ആവശ്യം ഉള്ളവർ |
|---|---|---|---|---|---|
| | ഓട് | ഓല | കോൺക്രീറ്റ് | | |
| 1. മൂന്ന്കല്ല് അംബേദ്കർ | 10 | 2 | - | 2 | 11 |
| 2. മൂന്ന്കല്ല് ലക്ഷം വീട് | 8 | 18 | - | 18 | 20 |
| 3. അടിയാൻകാലാ | 12 | - | - | - | 8 |
| 4. സീതത്തോട് | 12 | 8 | - | 10 | 15 |
| 5. സീതക്കുഴി | 10 | 4 | - | 8 | 14 |
| 6. ചിപ്പൻകുഴി | 8 | 6 | - | 6 | 14 |
| 7. ഭയങ്കരാമുടി | 18 | 6 | - | 6 | 18 |
| 8. ആങ്ങമൂഴി | 5 | 9 | - | 9 | 12 |
| 9. ചതുപ്പ് | 5 | 11 | - | 11 | 15 |
| 10 കോട്ടമൺപാറ അംബേദ്കർ | 14 | 4 | - | 4 | 3 |
| 11 കോട്ടമൺ ശിവവിലാസം | 8 | 5 | - | 5 | 8 |
| 12 മൂന്ന്കല്ല് ലക്ഷം വീട് | 3 | 15 | - | 15 | 18 |

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമസഭ റിപ്പോർട്ടുകൾ പ്രകാരം 134 വീടും 112 കക്കൂസും അനുവദിക്കണം.

## പ്രശ്നങ്ങൾ

1. കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നു. വിദ്യാഭ്യാസ പുരോഗതി ഇല്ല. കുട്ടികൾ വിദ്യാലങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നു.
2. കാർഷികതൊഴിലുകൾ കുറയുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലാകുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻ സ്ഥലമില്ല. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. വീടിനുള്ള ധനസഹായം ദുർവിനിയോഗം ചെയ്യപ്പെടുന്നു.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനു ഇല്ല, വൈദ്യുതി ഇല്ല.
5. പൊതുശ്മശാനം ഇല്ല
6. കൈവശഭൂമിക്കു പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പോഷകാഹാരം ലഭിക്കുന്നതിനും ധനസഹായം ലഭിക്കുന്നില്ല.
9. നിർദ്ധനകുടുംബത്തിലെ പെണ്മക്കളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.
10. ഐ.ആർ.ഡി.പി പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
11. പട്ടികജാതി വികസന കോർപ്പറേഷനും പട്ടികവർഗ്ഗ വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
12. പട്ടികജാതി - വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.
13. കടകെണിയിൽ പെട്ടുപോകുന്നു

## സാദ്ധ്യതകൾ

1. വൈദ്യുതി- പഞ്ചായത്തിലെ സീതകുഴി, അടിയാൻകാലാ, ഭയങ്കരാമുടി, മൂന്നുകല്ല്, സീതത്തോട്, ചിപ്പൻകുഴി, ആങ്ങമൂഴി ചതുപ്പ്, എന്നീ കോളനികൾ വൈദ്യുതികരിക്കാനുണ്ട്. സൗജന്യ പരിധിയിൽ വയറിംഗ് നടത്തിയെങ്കിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ കോളനികളും വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധതികൾക്കു രൂപം നൽകണം.

2. കുടിവെള്ളം- കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനു ഫലപ്രദമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും, കുഴൽ കിണറുകളും സ്ഥാപിക്കേണ്ടിയിരിക്കുന്നു. മറ്റു ജലശ്രോതസുകൾ ഉപയോഗപ്പെടുത്താനും കഴിയണം. പുതിയ ജലപദ്ധതികൾ ആരംഭിക്കാനും കഴിയണം.

ചില സാദ്ധ്യതകൾ ചുവടെ ചേർക്കുന്നു.

പട്ടിക - 3

| വാർഡ് | കുഴൽകിണർ സ്ഥാപിക്കാവുന്ന കോളനി | വാർഡ് | ജനപങ്കാളിത്തത്തോടെ മിനിജലസേചന പദ്ധതികൾ സ്ഥാപിക്കാവുന്ന കോളനികൾ |
|---|---|---|---|
| 1 | സീതത്തോട് | 1 | അടിയാൻ കാലാ |
| 2 | സീതകുഴി | 1 | മൂന്നുകല്ല് |
| 2 | ചിപ്പൻകുഴി (കിണർ) | 6 | ആങ്ങമൂഴി |
| 5 | പൈങ്കാരമുടി (കിണർ) | 7 | ചതുപ്പ് |
| 7 | മൂന്നുകല്ല് | 7 | ശിവവിലാസ് |
| 7 | അംബദ്കർ | | |

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതു കക്കൂസ് എന്നിവയുടെ സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 4

കോളനിയുടെ പേര് റോഡുകൾ വൈദ്യുതി കുടി വെള്ളം

| ക്രമനമ്പർ | | ഗതാഗത യോഗ്യമായ | ഗതാഗത യോഗ്യമല്ലാത്ത | ഇല്ലാത്തവ ഉള്ളത് | കിണർ | കുഴൽകിണർ | പൊതുകക്കൂസ് |
|---|---|---|---|---|---|---|---|
| 1. | മൂന്നുകല്ല് അംബദ്കർ | ഉണ്ട് | | ഇല്ല | ഉണ്ട് | | |
| 2. | മൂന്ന്കല്ല് ലക്ഷംവീട് | ഉണ്ട് | | ഇല്ല | ഉണ്ട് | | ഉണ്ട് |
| 3. | അടിയാൻ കാലാ | ഉണ്ട് | | ഇല്ല | ഇല്ല | | ഇല്ല |
| 4. | സീതത്തോട് | ഉണ്ട് | | ഇല്ല | ഇല്ല | | ഉണ്ട് |
| 5. | സൂതക്കുഴി | ഉണ്ട് | | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | ചിപ്പൻകുഴി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7. | പൈങ്കാരമുടി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8. | ആങ്ങമൂഴി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഇല്ല |
| 9 | ചതുപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10. | കോട്ടമൺപാറ ശിവവിലാസ് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 11. | കോട്ടമൺപാറ അംബദ്കർ | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഇല്ല |
| 12. | " മൂന്നുകല്ല് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | ഇല്ല |

വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്കു വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനും - വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക

പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്തു വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിനു ചന്തകൾക്കു രൂപം കൊടുക്കുകയും ചെയ്യുക കോളനികൾക്കു കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപ്പാദനത്തിനായി വിനിയോഗിച്ചു കൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിനു ഉപയോഗപ്പെടുത്താൻ കഴിയും.

വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീട് വയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്കു അനുവാദം നൽകുക.

എല്ലാ പദ്ധതികൾക്കും ഗുണഭോകതാക്കളെ തെരഞ്ഞെടുക്കുന്നതിനു പഞ്ചായത്തു സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിനു സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

വീടു പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശ ഇല്ലാത്ത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നൽകുക.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

രണ്ടാം വാർഡിലെ ചിപ്പൻകുഴിയിൽ കിണർ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കണം. നിരന്തരമായ ബോധവൽക്കരണ സൗകര്യവും ഉണ്ടാകണം.

കോളനികളിലെ പുരയിടങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനു ആവശ്യമായ നടപടികൾക്കു രൂപം നൽകുക.

നാലു സെൻറു കോളനികളിലും ലക്ഷംവീട് കോളനിയിലും മുഴുവൻ കുടുംബങ്ങൾക്കും വീടുവച്ച് നൽകുന്നതിനും, വീടു പുതുക്കിപ്പണിയുന്നതിനും ഓടു മേയുന്നതിനും ധനസഹായം അനുവദിക്കുക. 5,6,7,8 വാർഡുകൾക്കു ഉപകാരപ്രദമായ ആങ്ങമൂഴി പ്രൈമറി ഹെൽത്ത് സെൻറർ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കിയാൽ മേൽ വാർഡുകളിലെ കോളനി നിവാസികൾക്കു വളരെ ഉപകാരമായിരിക്കും.

കോളനി നിവാസികൾക്കു പ്രയോജനപ്പെടുന്ന വിധം സീതത്തോട് കേന്ദ്രീകരിച്ചും ആങ്ങമുഴി കേന്ദ്രീകരിച്ചും ഓരോ പൊതു ശ്മശാനങ്ങൾ ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിനു ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്കു കൃത്യസമയത്ത് ലഭ്യമാകുന്നതിനു സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന പട്ടികജാതി ക്ഷേമവകുപ്പും - പട്ടികജാതി കോർപ്പറേഷനും ആവിഷ്കരിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയെ കഴിയു. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനു കഴിയും.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻ നിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2. കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക

3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികളെ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിനു എല്ലാവിധ സഹായവും നൽകുക.

4. കുടിവെള്ളപ്രശ്നം പരിഹരിക്കുക

5. സഹകരണമേഖലയിൽ റെഡിമെയ്ഡ് ഗാർമെൻറ്സ്, എംബ്രോയിഡറി, ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് എന്നിവ ആരംഭിക്കുക.

6. സഹകരണമേഖലയിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ, സോപ്പുനിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കുക.

7. അഭ്യസ്ഥവിദ്യർക്ക് ഇന്നു സർക്കാർ ഏജൻസികൾ നൽകിവരുന്ന (പട്ടക ജാതി വികസനവകുപ്പ് / കോർപ്പറേഷൻ) വായ്പകളും സഹായ ധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

8. ശ്മശാനം നിർമ്മിക്കുക

9. പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്കു ബാല വാടികളും നഴ്സറികളും രണ്ടോ മൂന്നോ കോളനികൾക്കു സംയുക്തമായി ഏർപ്പെടുത്തുക

10. 5 മുതൽ 10 വരെ സ്റ്റാൻഡേർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

11. ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക

12. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക

13. വായനശാലകൾ സ്ഥാപിക്കുക

14. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ട വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനു ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

15. അഭ്യസ്ഥവിദ്യരായവരുടെ സേവനം കോളനിയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക

16. എസ് എസ് എൽ സി വരെയും തുടർന്നും പഠനം നടത്തുന്നതിനു പ്രോത്സാഹനം നൽകുന്നതിനു ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

17. കോളനികളിൽ റ്റി.വി.സെറ്റുകൾ സ്ഥാപിക്കുക

18. എല്ലാ കോളനികളിലേക്കുമുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം

19. ചിപ്പൻകുഴിയിലേക്കും ഭയങ്കരാമുടിയിലേക്കും റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

20. ആങ്ങമൂഴി - ചതുപ്പ് റോഡ് ടാർ ചെയ്യണം

21. കോട്ടമൺപാറ അംബദ്കർ കോളനിയിലെ കമ്യൂണിറ്റിഹാളിലേക്കു ആവശ്യമായ ഫർണിച്ചർ നൽകണം

22. ഹൈസ്കൂളിലും കോളജിലും പഠിക്കുന്ന കുട്ടികൾക്കു ഫർണിചർ നൽകണം

23. കോട്ടമൺപാറ ശിവവിലാസ് കോളനി റോഡ് ടാർ ചെയ്യണം

24. സീതക്കുഴി കോളനിയിലെ ശോച്യാവസ്ഥ പരിഹരിക്കണം

25. ഭയങ്കരാമുടി കേന്ദ്രീകരിച്ച് ഒരു ജലവിതരണ പദ്ധതി ആരംഭിക്കുക



# 5.3.m സഹകരണമേഖല

പരസ്പര സഹകരണത്തിൽകൂടി സ്വയം പര്യാപ്തമായ ഒരു ജനതയെ വാർത്തെടുക്കുക എന്നതാണ് 'സഹകരണം' എന്നതിന്റെ ഉദ്ദേശ്യം. ഇന്ത്യയിൽ 1904-ൽ ആണ് സഹകരണനിയമം പ്രാബല്യത്തിൽ വന്നത്. കേരളത്തിൽ 1969 മെയ് 15-ാംതീയതി സഹകരണനിയമം നിലവിൽവന്നു. സഹകരണമേഖല ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ്. സാധാരണ ജനങ്ങളുടെ പ്രതീക്ഷയായി മാറിയിരിക്കുന്ന സഹകരണസംഘങ്ങൾക്ക് ഒരു പുത്തൻ വികസന സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയും. കഴിഞ്ഞ 8 പഞ്ചവൽസരപദ്ധതികളിലായി നിലവിലിരിക്കുന്നത് കേന്ദ്രീകൃത ആസൂത്രണ പ്രക്രിയ ആയിരുന്നിട്ടുകൂടി സഹകരണമേഖല ഇന്ത്യയിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചിട്ടുണ്ട്.

സീതത്തോട് പഞ്ചായത്തിൽ സർവ്വീസ് സഹകരണ സംഘം നിലവിൽവന്നത് 1969-ലാണ്. 1989-ൽ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്ഷീരോൽപാദന സഹകരണസംഘം നിലവിൽവന്നു. ഇവയെ കൂടാതെ മൂന്നുകല്ല് കേന്ദ്രമാക്കി ഗിരിജൻ സഹകരണസംഘവും സീതത്തോട്ടിൽ വനിതാ വ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്.

സീതത്തോട് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന സ്കൂൾ സഹകരണസംഘത്തിൽ കൂടി വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും വിതരണം ചെയ്യുന്നു. ഇതിന്റെ പ്രവർത്തനം എല്ലാ വിദ്യാർത്ഥികളിലേക്കും എത്തിക്കേണ്ടതുണ്ട്.

## സീതത്തോട് സർവ്വീസ് സഹകരണസംഘം

ഈ സഹകരണസ്ഥാപനം 25-11-1969-ലാണ് പ്രവർത്തനമാരംഭിച്ചത്. ആരംഭകാലത്ത് 372 അംഗങ്ങൾ ഉണ്ടായിരുന്നു. ആദ്യ മൂലധനം 37206 രൂപ ആയിരുന്നു. ഈ പഞ്ചായത്തിലെ ആദ്യകാല സഹകാരികളിൽ ഒരാളായിരുന്നു ശ്രീ. ചാണ്ടി തോമസ്. സംഘത്തിന്റെ ആദ്യ പ്രസിഡൻറ് ശ്രീ. എം. ആർ. ഗോപാലപിള്ള ആയിരുന്നു. ഇന്ന് 2,25,168 രൂപ അറ്റാദായമുള്ള ഇവിടുത്തെ ഏറ്റവും വലിയ ധനകാര്യസ്ഥാപനങ്ങളിലൊന്നായി സംഘം വളർന്നിരിക്കുന്നു. 7300 അംഗങ്ങളുള്ള സഹകരണസംഘത്തിന്റെ പിരിഞ്ഞുകിട്ടിയ മൂലധനം 21,02,208 രൂപയാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് ഇന്ന് സ്വന്തമായ കെട്ടിടമുണ്ട്. സീതത്തോട് പഞ്ചായത്തിലെ ഒന്നുമുതൽ ഏഴു വരെ വാർഡുകളാണ് പ്രവർത്തനപരിധി. പൊതുജനങ്ങളിൽനിന്നും 99,75,229 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട് അംഗങ്ങൾക്ക് വായ്പയായി 25,84,9697 രൂപ വിതരണം ചെയ്യുകയും ചെയ്തുകഴിഞ്ഞു.

### സീതത്തോട് സർവ്വീസ് സഹകരണബാങ്ക് നൽകിയിട്ടുള്ള വായ്പകൾ

| 1. കാർഷികവായ്പകൾ ഇനം | | തുക |
|---|---|---|
| എ) | ഹ്രസ്വകാല കാർഷിക വായ്പ | 13,92,086 |
| ബി) | കറവമാട് | 2,90,306 |
| സി) | പ്ലാൻേറഷൻ | 24,28,414 |
| ഡി) | റബ്ബർ റോളർ | 1,24,015 |
| ഇ) | പമ്പുസെറ്റ് | 7220 |
| എഫ്) | മുയൽവളർത്തൽ | 7500 |
| ജി) | ആടുവളർത്തൽ | 9415 |
| എച്ച്) | പുകപ്പുര | 21500 |
| ഐ) | തേനീച്ചവളർത്തൽ | 7150 |
| ജെ) | കയ്യാല കെട്ടുന്നതിന് | 616002. |

| 2. മറ്റു വായ്പകൾ | |
|---|---|
| എ) ഹ്രസ്വകാല കാർഷികേതര വായ്പ | 67,41,460 |
| ബി) മദ്ധ്യകാല കാർഷികേതര വായ്പ | 1,10,79,981 |
| സി) ദീർഘകാല കാർഷികേതര വായ്പ | 50817 |
| ഡി) സ്വർണപ്പണയ വായ്പ | 67,41,460 |
| 3. പ്രത്യേക വായ്പകൾ | |
| എ) ഐ.ആർ.ഡി.പി. | 2,00,243 |
| ബി) കിണർ കുഴിക്കുന്നതിന് | 1,54,796 |

സഹകരണബാങ്കിൻെറ വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ.

1. വായ്പാ വിതരണം
2. വളം വിതരണം
3. കൺസ്യൂമർ സ്റ്റോർ
4. എസ്റ്റേറ്റ് ഉപകരണ വിതരണം
5. റബ്ബർ സംഭരണം
6. ചിട്ടി

ക്ഷീര കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നിലവിൽവന്ന ക്ഷീരോൽപാദന സഹകരണസംഘങ്ങൾ സീതത്തോട്ടിലും ആങ്ങമൂഴിയിലും ഇപ്പോൾ പ്രവർത്തിക്കുന്നു. കർഷകർക്ക് സബ്സിഡിയിനത്തിൽ കാലിത്തീറ്റയും മറ്റും വിതരണം ചെയ്യുന്നതിനുവേണ്ടി ആരംഭിച്ച ഈ സംഘങ്ങൾ പിന്നീട് പല കാരണങ്ങളാലും ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ വിജയിച്ചിട്ടില്ല. സ്വകാര്യ വ്യക്തികൾ നിയന്ത്രിക്കുന്ന സ്ഥിതിയാണുള്ളത്. പശുക്കളെ ധാരാളമായി വളർത്തുന്ന ഒരു കാർഷികമേഖലയാണ് സീതത്തോട്. ഇതിനുള്ള ധനസഹായത്തിന് പ്രാഥമിക സഹകരണസംഘത്തെ മാത്രം ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റം വരണം.

സീതത്തോട് സർവീസ് സഹകരണ ബാങ്ക് നടപ്പു സ്കീമുകൾ.

സഹകരണബാങ്കിൽനിന്നും ഇപ്പോൾ വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്ന വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഹ്രസ്വകാല കാർഷിക വായ്പ: ഒരേക്കറിന് 5000 രൂപ ക്രമത്തിൽ പരമാവധി 10,000 രൂപ. കാലാവധി 11 മാസം. പലിശ 12 ശതമാനം.
2. മദ്ധ്യകാല കാർഷികേതര വായ്പ: രണ്ട് അംഗങ്ങളുടെ ജാമ്യത്തിൽ 2000 രൂപവരെയും മതിയായ വസ്തു ഈടിന്മേൽ 50,000 രൂപവരെയും. കാലാവധി 36 തവണ. പലിശ 18.5 ശതമാനം.
3. റബർകൃഷി: ഹെക്ടറിന് 46,000 രൂപ. കാലാവധി 7 വർഷം. പലിശ 12 ശതമാനം.
4. റബ്ബർ റോളറും ഷെഡ്ഡും: വായ്പ തുക 12,100 രൂപ. കാലാവധി 7 വർഷം. പലിശ 12 ശതമാനം. (ഒരേക്കർ വസ്തു സ്വന്തം പേരിൽ ഉണ്ടാകണം.)
5. ഇറച്ചിക്കോഴി വളർത്തൽ: 250 കോഴികൾ – 19,800 രൂപ. 500 കോഴികൾ – 32,450 രൂപ. കാലാവധി 6 വർഷം. 25,000 രൂപ വരെ. 12 ശതമാനം പലിശ. 25,000–ന് മുകളിൽ 15 ശതമാനം പലിശ
6. ആടുവളർത്തൽ: ഒരു യൂണിറ്റ് 3 ആടുകൾ. 2850 രൂപ മതിയായ വസ്തു ഈടിന്മേൽ ആവശ്യമുള്ളത്ര യൂണിറ്റുകൾ അനുവദിക്കുന്നതാണ്. കാലാവധി 5 വർഷം. പലിശ 12 ശതമാനം.
7. കറവമാടുവളർത്തൽ: രണ്ടു കറവമാടുകൾക്കും തൊഴുത്തിനും. വായ്പ തുക 11,850 രൂപ. കാലാവധി 5 വർഷം. പലിശ 12 ശതമാനം.
8. കൃഷിഭൂമിക്കു ചുറ്റുമുള്ള വേലികെട്ടുന്നതിന്: മീറ്റർ ഒന്നിന് 30 രൂപ. ഒരേക്കറിന് 7000 രൂപ. പലിശ 12 ശതമാനം.

കാർഷിക വികസന ബാങ്ക് വായ്പകൾ

| വർഷം | എത്ര പേർക്ക് | വായ്പയുടെ ഇനം | നൽകിയ തുക |
|---|---|---|---|
| 1995–96 | 41 | പദ്ധതി വായ്പ | 5,68,400/– |
| 1995–96 | 8 | സാധാരണ വായ്പ | 1,95,000/– |
| ഹൗസിംഗ് സഹകരണസംഘ വായ്പകൾ | | | |
| 1990–96 | 18 | ഭവനനിർമ്മാണ വായ്പ | 9,56,000/– |

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. സീതത്തോട് പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക. അതിനോടനുബന്ധിച്ച് സീതത്തോട്ടിൽ ഒരു സൂപ്പർ മാർക്കറ്റും അനുവദിക്കുക.
2. പൊതുജന പങ്കാളിത്തത്തോടെ ക്ഷീരോത്പാദന സഹകരണസംഘത്തിൻെറ പ്രവർത്തനം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വിപുലപ്പെടുത്തുക.
3. ജില്ലാ സഹകരണബാങ്കിൻെറ സഹായത്തോടെ മോട്ടോർ സർവ്വീസ് സഹകരണസംഘത്തനു രൂപം നൽകുക.

4. ബാർസോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, പ്രിൻറിംഗ്, മലഞ്ചരക്ക് സംഭരണം, ഈറ്റ, മുള, ചൂരൽ ഇവയുപയോഗിച്ചുള്ള സാമഗ്രി നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
5. രാസവളങ്ങൾ മിതമായ വിലയ്ക്ക് സഹകരണസംഘം മുഖേന വിറ്റഴിക്കുക.
6. സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ഇൻസെൻറീവ് നൽകുക.
7. കാർഷിക വായ്പാ പലിശയിൽ കുറവുവരുത്തുക.
8. വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക.
9. സഹകരണാടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിന് ഐ.ടി.ഐ. സ്ഥാപിക്കുക.
10. ഗ്രാമവാസികൾക്ക് ചികിൽസയ്ക്കും അത്യാഹിത പ്രശ്നങ്ങൾക്കും മരണാനന്തര നടപടികൾക്കും സാമ്പത്തികസഹായം ചെയ്യുന്നതിനു ജനങ്ങളെ സംഘടിപ്പിച്ചു ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുക.
11. മൂന്നാം വാർഡിൽ സഹകരണസംഘത്തിൻെറ സംഭരണ വിതരണശാല സ്ഥാപിക്കുക.
12. പി 73-ാം നമ്പർ മിൽമാ സഹകരണസംഘത്തിൻെറ പ്രവർത്തനം പുനരാരംഭിക്കുക.
13. കൈവശഭൂമിക്ക് പട്ടയമില്ലാത്തവർക്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
14. തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കുക.
15. ആൾജാമ്യത്തിൽ ലഭിക്കുന്ന വായ്പ 5000 രൂപയായി ഉയർത്തി കാലാവധി 5 വർഷമാക്കുക.
16. റബറധിഷ്ഠിത വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക (ആറ്, ഏഴ്, എട്ട് വാർഡുകളിൽ)
17. കാർഷിക സഹകരണസംഘം അഞ്ചാം വാർഡിൽ സ്ഥാപിക്കുക.
18. കുടിൽ വ്യവസായ പ്രോൽസാഹനത്തിനു സംഘങ്ങൾ മുൻഗണന നൽകുക.
19. സീതത്തോട് സർവ്വീസ് സഹകരണബാങ്കിൻെറ ശാഖ ആങ്ങമൂഴിയിൽ സ്ഥാപിക്കുക.
20. വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് ഒരു സഹകരണസംഘം സ്ഥാപിക്കുക.
21. സഹകരണമേഖലയിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ അനുവദിക്കുക.
22. ഒമ്പതാം വാർഡിൽ കെ.എഫ്.ഡി.സി. മാനേജ്മെൻറ് ഒരു സഹകരണസംഘം സ്ഥാപിക്കുന്നതിനുള്ള അനുവാദം തരുന്നതിനു സമ്മർദ്ദം ചെലുത്തുക.



# 5 - 3.n വനിത

സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവുള്ളൊരു പഞ്ചായത്താണ്. വനിതാ വിമോചന പ്രസ്ഥാനങ്ങൾ ശക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇപ്പോഴും പ്രതികരണ ശേഷിയില്ലാതെ കുടുംബകാര്യങ്ങളിൽമാത്രം ഒതുങ്ങികൂടുകയാണ്. 1995 ലാണ് ആദ്യമായി ഇവിടെയൊരു സ്കൂൾ സ്ഥാപിതമാകുന്നത്. അന്നുതൊട്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ സ്കൂൾതലം വരെ പെൺകുട്ടികൾ ആൺകുട്ടികളോടൊപ്പം തന്നെ നിലനിൽക്കുന്നു. കുടിയേറ്റ മേഖലയായിരുന്നതുകൊണ്ട് സാമൂഹ്യ നീചത്വങ്ങൾക്കു ബലിയാടാകേണ്ടി വന്നിട്ടില്ല. നിരക്ഷരരായ വനിതകളുടെ എണ്ണം 1990 കൾക്ക് മുൻപ് വരെ വളരെ കൂടുതലായിരുന്നു. എന്നാൽ 90 കൾക്കു ശേഷം കേരളക്കരയാകെ തൊട്ടുണർത്തിയ സാക്ഷരതാ പ്രവർത്തനത്തിലൂടെ നിരക്ഷരത കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം ഉണ്ടായിരുന്നത് വനിതകളിലായിരുന്നു. അവരുടെ നിസീമമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. ഈ പ്രസ്ഥാനം ഇവിടെ വിജയിപ്പിക്കുവാൻ കഴിഞ്ഞത്. സ്കൂൾ അദ്ധ്യാപികമാരിൽ നല്ലൊരു പങ്കും മറ്റു പ്രദേശങ്ങളിൽനിന്നും ജോലി തേടിയെത്തിയവരായിരുന്നു. സർക്കാർ മേഖലയിൽ ജോലിനോക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈയടുത്ത കാലത്തായി പെൺകുട്ടികൾ പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള വിവാഹം വർദ്ധിച്ചു വരുന്നു. SSLC പഠനത്തോടുകൂടി നല്ലൊരു ശതമാനം പെൺകുട്ടികളും തുടർവിദ്യാഭ്യാസത്തിനു പോകാൻ തയ്യാറാകുന്നില്ലാ എന്നുള്ളതാണ് വസ്തുത. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലി കളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ. സാമ്പത്തിക പരാധീനത കാരണം അൺഎയ്ഡ്ഡ് പോലുള്ള സ്വകാര്യ സ്കൂളുകളിൽ തുശ്ചമായ ശമ്പളത്തിനു ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നു. വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കുറെ പേർക്ക് സാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ രണ്ടുപേർക്ക് റാങ്ക് നേടുവാൻ കഴിഞ്ഞത് എടുത്തുപറയാവുന്ന നേട്ടമാണ്. LLM ന് ശ്രീമതി ജലജാ എസ്. നായർ, MSC യ്ക്ക് ജയാ മാത്യുവും ആണ് റാങ്ക് ജേതാക്കൾ.

ഈ പഞ്ചായത്തിലെ ആകെയുള്ള ജനസംഖ്യയുടെ 49.13 ശതമാനം സ്ത്രീകളാണ്. പഞ്ചായത്തിലെ തൊഴിൽ മേഖലകളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീ പങ്കാളിത്തം കുറവാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിച്ചാൽ മനസ്സിലാകും.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കൃഷിക്കാർ | 55 | 2310 |
| കർഷക തൊഴിലാളികൾ | 137 | 1046 |
| മൃഗസംരക്ഷണം | 274 | 521 |
| പാറമട | - | 9 |
| കുടിൽ വ്യവസായം | 2 | 32 |
| ;ചെറുകിട വ്യവസായം | 10 | 104 |
| നിർമ്മാണ തൊഴിലാളികൾ | 35 | 70 |
| കച്ചവടം, വാണിജ്യം | 22 | 248 |
| കോൾഡ് സ്റ്റോറേജ്, STD ബൂത്ത് | 4 | 21 |
| മറ്റുള്ളവ | 196 | 376 |

ചെയ്യുന്ന തൊഴിൽ മേഖലയിൽ തന്നെ കൂലി

നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 60 | 80 |
| നിർമ്മാണ തൊഴിലാളി | 75 | 100 |

സ്ത്രീകൾക്ക് സ്വന്തം കാലിൽ നിൽക്കുവാനുള്ള പ്രാപ്തി ഉണ്ടാകാതെ അവർക്ക് സാമൂഹ്യതിന്മകളെ എതിരിടുവാൻ സാദ്ധ്യമല്ല. വിവിധ സന്നദ്ധ സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും ആങ്ങമൂഴി ഗ്രാമോദ്ധാരണ സമിതിയുടെ പ്രസിഡന്റ് കോട്ടമൺപാറ ഗ്രാമസമിതിയുടെ നേതൃത്വം വനിതകൾക്കാണ്. പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടിയിൽ സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും വിഭവ ഭൂപട സർവ്വേ, ചരിത്രപഠനം, ദ്വിതീയ വിവരശേഖരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ വനിതകളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. വനിതകളുടെ മാത്രമായി 5 തൊഴിൽസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മദ്യത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്ന സ്ത്രീകൾ ഇവിടെ കൂടുതലാണ്. വിവാഹകമ്പോള ങ്ങളിൽ സ്രീയേ വിൽപ്പനച്ചരക്കായി കാണുന്നതുമൂലം രക്ഷിതാക്കൾക്ക് പെൺമക്കളുടെ വിവാഹം ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്.

വിദ്യാസമ്പന്നരായ സ്ത്രീകളിൽ നല്ലൊരു പങ്കും വീട്ടമ്മമാരായി ഒതുങ്ങി കൂടേണ്ട സ്ഥിതിയാണുള്ളത്. ഇതെല്ലാം സൂചിപ്പിക്കുന്നത് കലാകായികരംഗത്തും സന്നദ്ധസംഘടനകളിലും വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾ മുന്നോട്ടുവന്നിട്ടില്ലെന്നുള്ളതാണ്.

### പ്രശ്നങ്ങൾ

1. സർക്കാരിൽനിന്നും ഏതൊക്കെ ആവശ്യങ്ങൾക്ക് ധനസഹായം ലഭിക്കുന്നു എന്നുള്ള അറിവില്ലായ്മ വളരെ കൂടുതലാണ്.
2. അൺഎയിഡ്സ് സ്കൂളുകളിലും, അംഗൻ വാടികളിലും. മറ്റു സ്വകാര്യ സ്ഥാപനങ്ങളിലും ജോലിനോക്കുന്നവർക്ക് മതിയായ ശമ്പളം ലഭിക്കുന്നില്ല.
3. സാങ്കേതിക വൈദഗ്ധ്യം വേണ്ട തൊഴിൽ രംഗങ്ങളിൽ ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.
4. സ്ത്രീകൾക്കിടയിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സമായി നിൽക്കുന്നു.
5. മദ്യപാനത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് നമ്മുടെ സ്ത്രീ ജനങ്ങളാണ്. പ്രവർത്തന രംഗത്ത് ഇവരുടെ മനസ്സ് മുരടിച്ചു പോകുന്നതിനു കാരണമാകുന്നു.
6. ആരോഗ്യ രംഗത്ത് ആവശ്യമായ സംരക്ഷണമില്ലായ്മ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.
7. പഴയ തലമുറയിലെ സ്ത്രീകളിൽ നല്ലൊരു പങ്കും അക്ഷരാഭ്യാസമില്ലാത്തവരാണ്.
8 പ്രവർത്തനക്ഷമമായ വനിതാ വ്യവസായയൂണിറ്റുകൾ നിലവിലില്ലാത്തത് തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നു.
9 കലാകായികരംഗത്ത് കഴിവുള്ള പെൺകുട്ടികൾക്ക് ഉയർന്നുവരുവാൻ ആവശ്യമായ പ്രാത്സാഹനം ജനങ്ങൾ നൽകുന്നില്ല.
10 ഒരേ ജോലിക്ക് പുരുഷൻമാർക്ക് ലഭിക്കുന്ന വേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
11 സ്ത്രീകൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും, മാമുകൾ വിട്ട് ചിന്തിക്കാൻ അവർക്ക് കഴിയാതെ വരുന്നു.

### സാധ്യതകളും, നിർദ്ദേശങ്ങളും

1 തൊഴിൽ രഹിതരും, അഭ്യസ്ഥവിദ്യരുമായ വനിതകൾക്ക് പഞ്ചായത്ത് തലത്തിൽ വിവധ തൊഴിലുകളിൽ പരിശീലനവും തൊഴിലവസരങ്ങളും ഉണ്ടാക്കുക.
2 പഞ്ചായത്ത് ഷോപ്പിങ്ങ് കോപ്ലക്സിലും, ആങ്ങമുഴിയിലും, കോട്ടമൺപറയിലും, ഗവിയിലും ഓരോ ക്രഷ് യൂണിറ്റ് സ്ഥാപിച്ച്, വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കുക.
3 വിവധ സാമുഹ്യക്ഷേമ പെൻഷനുകൾ കിട്ടുന്നതിനുള്ള സൗകര്യം പഞ്ചായത്ത് എറ്റെടുത്ത് നടപ്പിലാക്കുക.
4 വിധവകളും, അഗതികളും, വികലാഗരുമായ വനിതകളെ സാമ്പത്തിക സഹായം നൽകി പുനരധിവസിപ്പിക്കുക.
5 സാധു പെൺകുട്ടികളുടെ വിവാഹത്തിനും, വിദ്യാഭ്യാസത്തിനമുള്ള ധനസഹായം നൽക്കുക.
6 സീതത്തോട് ടൗണിൽ മൂത്രപ്പുരയും, കക്കൂസും വെയിറ്റിംഗ് ഷെഡും നിർമ്മിക്കുക.
7 വാർഡുകൾതോറും അംഗൻവാസികളും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ച് വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കുക.
8 സ്ത്രീധനം വാങ്ങിക്കുന്നവർക്കെതിരെ

നിയമനടപടിയെടുക്കുകയും, സ്ത്രീ പീഡനത്തിൽനിന്നും സ്ത്രീകൾക്ക് സംരഷണം നൽക്കുകയും ചെയ്യുക.

9 വനിതാ വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ ധനസഹായം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുക.

10 രണ്ടും, മൂന്നും, ആറും, എഴും വാർഡുകളിൽ വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

11 മഹിളാസമാജങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽക്കുക.

12 സ്ത്രീകളുടെ മേലുള്ള ആക്രമ പ്രവർത്തനം കുറയ്ക്കാൻ സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തിൽ നടപ്പിലാക്കുക

13 ഇന്നും നിരക്ഷരത അനുഭവിക്കുന്ന സ്ത്രീക്കൾക്കുവേണ്ടി വനിതാ സാക്ഷരതാ ക്ലാസുകൾ ആരംഭിക്കുക.

14 അശ്ലില പോസ്റ്ററുകളും, പ്രസിദ്ധീകരണങ്ങളും പ്രസിദ്ധീകരീക്കുന്ന പ്രസുകൾക്കെതിരെ നകീ നടപടിയെടുക്കുക.

15 DW CRA യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിക്കുക.

16 സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യപരിപാലനത്തിന് ഹെൽത്ത് വർക്കേഴ്സിന്റെ സേവനം ഉറപ്പാക്കുക.

17 സീതത്തോടും ആങ്ങമുഴിയും ആസ്ഥാനമായുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യരക്ഷയ്ക്കും, സംരക്ഷണയ്ക്കും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

18 എല്ലാ വാർഡുകളിലും, സോപ്പുനിർമ്മാണം, മെഴുകുതിരി, തയ്യൽ, ഈറ്റകൊണ്ടുള്ള സാമഗ്രഹികൾ, കോഴിവളർത്തൽ എന്നിവയിൽവേണ്ട പരിശീലനം നൽകി വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

19 കലാകായിക രംഗങ്ങളിൽ പെൺകുട്ടികൾക്ക് പ്രോത്സാഹനവും, പരിശീലനവും, നൽക്കുക.

20 വനിതകൾക്ക് ആങ്ങമുഴി ജംഗ്ഷനിൽ ഒരു മൂത്രപ്പുര നിർമ്മിക്കുക.

21 അഗതികളേയും നിരാലമ്പരായ വൃദ്ധൻമാരെയും, പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പുനരധിവസിക്കുക.

22 V.E.O. ഓഫീസ് ആങ്ങമുഴിയിൽ ആരംഭിക്കുകയും, മുഴിയാറിൽ പ്രവർത്തിക്കുന്ന വനിതാ ക്ലബ് പുനരാരഭിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

23 വനിതകൾക്ക് നേരേയുണ്ടാക്കുന്ന അക്രമങ്ങളും, അനീതികളും തടയുന്നതിന് വനിതാ സെൽരൂപികരത്തി അവരുടെ പ്രശ്നങ്ങൾ തുറന്നുപറയുന്നതിനുള്ള അവസരം ഈ സെല്ലിലൂടെ ഉണ്ടാക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക.



# 5 - 3.N സംസ്കാരം

ഉത്കൃഷ്ടമായ സാംസ്കാരിക ചരിത്ര സ്മരണകൾ അയവിറക്കാൻ ഇല്ലാത്ത പഞ്ചായത്താണ് സീതത്തോട്. രാജഭരണത്തിന്റേയോ, മറ്റു സവർണ്ണ വർഗത്തിന്റേയോ ചെയ്തികൾ ഒന്നും തന്നെ അനുഭവിച്ചറിയേണ്ടി വന്നിട്ടില്ല. കാരണം 1940 കളുടെ കാലഘട്ടത്തിലാണ് തികച്ചും വനപ്രദേശമായിരുന്നു ഇവിടേക്ക് ഉപജീവനത്തിനായി ആളുകൾ കുടിയേറിതുടങ്ങിയത്. മറ്റ് ഗ്രാമങ്ങളിൽ നിന്നും നാനാജാതിയിൽപ്പെട്ടവർ ഇവിടെ എത്തിച്ചേർന്നു. ബാഹ്യ ലോകവുമായി ബന്ധമില്ലാതെ ജീവിച്ചിരുന്ന ഇവർ ഒത്തൊരുമയോടുകൂടി ജീവിച്ചു പോന്നതാണ് എടുത്തു പറയേണ്ട സിവിശേഷത. വിവിധസംസ്ക്കാരത്തിലും വിവിധ ജാതിയിലും ജനിച്ചുവളർന്ന ഇവർ ഇവിടെ കാണിച്ച ഐക്യത ഈ നാടിന്റെ പുരോഗമനപ്രവർത്തനങ്ങൾക്കു വഴിതെളിച്ചു.

1970കളുടെ കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ മൂന്നു കല്ലുകേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഫ്രണ്ട്സ് വായനശാല ഇവിടുത്തെ ആദ്യ സാംസ്കാരികസ്ഥാപനം ജനങ്ങളിൽ കുറെയൊക്കെ വായനാശീലം ഉണ്ടാക്കിയെടുക്കാൻ ഈ പ്രസ്ഥാനത്തിനു സാധിച്ചു. 1955ൽ കൊച്ചു കോയിക്കൽ കേന്ദ്രമായി SNDP UP സ്കൂൾ സ്ഥാപിച്ചു. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെയില്ലായിരുന്ന ഇവിടെ ഈ സ്കൂൾ വിദ്യാർത്ഥികളിൽ പുതിയൊരു മാറ്റത്തിനു വഴിതെളിച്ചു. അതുപോലെതന്നെ ഈ നാടിന്റെ സാംസ്കാരിക മാറ്റത്തിന് കുറെയെങ്കിലും സംഭാവന ചെയ്യുവാൻ കഴിഞ്ഞ വ്യക്തിയാണ് വലിയ തുരുത്തിയിൽ ശ്രീ.രാമപണിക്കർ. വനമേഖലയായിരുന്ന ഇവിടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം സാധ്യമാക്കിയത് യശഃശരീരനായ ഇദ്ദേഹമാണ്.

ഇവിടെ ഇപ്പോൾ നിലവിൽ പഞ്ചായത്ത് സാംസ്കാരിക നിലയം ഉണ്ട്. അതിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു. പഞ്ചായത്താഫീസിൽ തന്നെ നിലവിലൊരു വായനാശാലയും പ്രവർത്തിക്കുന്നു. 900ത്തോളം പുസ്തകങ്ങളും 500 മെമ്പർഷിപ്പും ഉണ്ട്.

1980 നുശേഷം നിരവധി സാംസ്കാരിക സംഘടനകൾ ജന്മമെടുത്തിട്ടുണ്ടെങ്കിലും ഇവയെല്ലാം വലറേപെട്ടെന്ന് തന്നെ അകാല മൃത്യുയടയുകയും ചെയ്തു. സാമ്പത്തിക പരാധീനതകളും പൊതുജനങ്ങൾക്ക് സാംസ്ക്കാരിക പ്രവർത്തനങ്ങളോടുള്ള താൽപര്യമില്ലായ്മയുമാണ് ഇതിനു കാരണം.

ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ക്രിസ്ത്യൻ, ഇസ്ളാംമത വിഭാഗങ്ങളും ജനസംഖ്യയുടെ നല്ലൊരു ഭാഗം വരുന്നു. കുടിയേറ്റത്തിന്റെ ആദ്യനാളുകൾ മുതൽ തന്നെ ജനങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നു. പ്രധാനമായും. CPI(M), ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നിവയാണ് ഉണ്ടായിരുന്നത്. ഇന്ന് ഈ പാർട്ടികളെ കൂടാതെ CPI, BJP, RSP, CON(S), JSS, ജനതാദൾ, CON(m), മുസ്ലീംലീഗ് തുടങ്ങിയവയും പ്രവർത്തന പഥത്തിലുണ്ട്. 1986ൽ ഹവജ്യോതി ആർട്സ് & സ്പോർട്സ് ക്ലബ് എന്ന പേരിൽ വെട്ടോലിപ്പടി കേന്ദ്രമായി ഒരു സാംസ്കാരിക സംഘടന നിലവിൽ വന്നു. പക്ഷെ അതിന്റെ പ്രവർത്തനങ്ങളും ജനങ്ങളുടെ നിസഹകരണത്താൽ നിലച്ചുപോയി. പഞ്ചായത്തിൽ ആകെയുള്ളത് പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു വായനശാലയാണ്. സാംസ്കാരിക നവോത്ഥാനത്തിനു വീഥിയൊരുക്കുന്ന നല്ലൊരു പ്രസ്ഥാനം ഇന്നിതുവരെ ഈ നാട്ടിൽ ഉണ്ടായിട്ടില്ലെയെന്നു ഇത് ദുഃഖകരമായ ഒരു വസ്തുതയാണ്. എങ്കിലും വർഷംതോറും പഞ്ചായത്ത് തലത്തിൽ നടത്തുന്ന കേരളോത്സവം മാത്രമേ കലാകായികരംഗത്തെ പ്രവർത്തി

ക്കുന്നതിനു കുറെയെങ്കിലും പ്രേരണയാകുന്നുള്ളൂ.

### കായികരംഗം

കായികരംഗത്തെ നിർണായകമായ വളർച്ചയൊന്നും അവകാശപ്പെടാനില്ല. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങളൊന്നും തന്നെ സ്കൂൾ തലത്തിൽ നടപ്പിലാകുന്നില്ല എന്നതിനാലാണ്. എങ്കിലും കുറെയൊക്കെ വളർച്ച കാണുവാൻ കഴിയുന്നത് വോളിബോൾ രംഗത്താണ്. ഏതാണ്ട് അരഡസനോളം വോളിബോൾ ക്ലബുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ജില്ലാതല വോളിബോൾ കോച്ച് ശ്രീ. എബ്രാഹം ഈ നാട്ടുകാരനാണ്. പഞ്ചായത്തിലെ സ്കൂളുകളിൽ കായിക അധ്യാപകരുണ്ടെങ്കിലും വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ല. ഇതുമൂലം പുതിയ തലമുറയെ കായികരംഗത്ത് ആകർഷിക്കുവാൻ സാധിക്കുന്നില്ല. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളൊന്നും പഞ്ചായത്ത് തലത്തിലേക്ക് വേണ്ട വിധത്തിൽ എത്തിച്ചേരാതിരിക്കുന്നത് ഈ രംഗം മുരടിക്കുന്നതിനു കാരണമാകുന്നു. പെൺകുട്ടികളുടെ പങ്കാളിത്തം കായികരംഗത്ത് തീരെയില്ല. ഊതിക്കാച്ചിയെടുത്താൽ പൊന്നു പോലെ തിളങ്ങാൻ കഴിയുന്ന പല പ്രതിഭകളും ഈ നാട്ടിൽ ഉണ്ടെങ്കിലും അവർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകിയില്ലെങ്കിൽ ഈ രംഗം പൂർണമായും മുരടിച്ചു പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല....

**നിലവിലുള്ള കലാകായികപ്രസ്ഥാനങ്ങൾ**

ബ്രദേഴ്സ് സ്പോർട്സ് ക്ലബ് - സീതത്തോട്
നിവ്യാ ആർട്സ് & സ്പോർട്സ് ക്ലബ് - കൊച്ചു കോയിക്കൽ
ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ് - അള്ളുങ്കൽ
നവജ്യോതി സ്പോർട്സ് ക്ലബ് - കോട്ടമൺപാറ
വേദി ആർട്സ് & സ്പോർട്സ് ക്ലബ് - ആങ്ങമൂഴി
അർപ്പണ മഹിളാസമാജം - ആങ്ങമൂഴി
ലോട്ടസ് മഹിളാസമാജം - ആങ്ങമൂഴി
നവോദയാ ആർട്സ് & സ്പോർട്സ് ക്ലബ് - ആങ്ങമൂഴി

### പ്രശ്നങ്ങൾ

1. ഒരു വാർഡിലും വായനസാലയോ, ഗ്രന്ഥശാലയോ ഇല്ലാത്തത് സാംസ്കാരിക പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു.
2. സാക്ഷരത തുടർ വിദ്യാഭ്യാസത്തിന്റെയും ജനവിദ്യാകേന്ദ്രത്തിന്റെയും അപര്യാപ്തത
3. പഞ്ചായത്ത് യുവജന മേളകൾ ബഹുജനപങ്കാളിത്തമില്ലാതെ നടത്തുന്നത് ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കാൻ സാധ്യമല്ലാതാകുന്നു.
4. കലാകായികപരമായി കഴിവുള്ള പല വിദ്യാർത്ഥികളുടേയും സാമ്പത്തിക പിന്നോക്കാവസ്ഥ ഈ മേഖലയിലുള്ള പ്രധാന പ്രശ്നമാണ്.
5. നിലവിലുള്ള ക്ലബുകൾക്ക് കായിക വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ കിട്ടാത്തത് ആ മേഖലയിലുള്ള വളർച്ച മുരടിക്കാൻ കാരണമാകുന്നു.
6. വിദ്യാലയങ്ങളിൽ നല്ല ഗ്രന്ഥശാലകളില്ലാത്തത് വിദ്യാർത്ഥികൾക്ക് പാഠ്യേതര വിഷയങ്ങളിൽ അറിവു ലഭിക്കുന്നതിനു തടസമാകുന്നു.

### നിർദ്ദേശങ്ങളും സാധ്യതകളും

1. നിലവിലുള്ള പഞ്ചായത്ത് വായനശാല പ്രവർത്തനക്ഷമമാക്കുക.
2. പഞ്ചായത്തിന്റെ എല്ലാ വാർഡിലും വായനശാല സ്ഥാപിക്കുക.
3. എല്ലാ വാർഡുകളിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുകയും, സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതികൾ ഇതിന്റെ ഭാഗമായി ഏറ്റെടുത്തു നടപ്പാക്കുക.
4. 4-ാം വാർഡിൽ ജനപങ്കാളിത്തത്തോട് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
5. ആർട്സ് & സ്പോർട്സ് ക്ലബുകൾക്കും, മഹിളാസമാജങ്ങൾക്കും സാമ്പത്തിക സഹായം നൽകുക.
6. നമ്മുടെ സാംസ്ക്കാരത്തിന്റെ ഭാഗമായ പുരാതന കലകൾ അന്യം നിന്നു പോകാതെ പ്രോത്സാഹിപ്പിക്കുക.
7. സാംസ്കാരിക നിലയങ്ങളിലെല്ലാം TV സെറ്റുകളും റേഡിയോയും അനുവദിക്കുക.
8. നിലവിലുള്ള വോളിബോൾ ടീമുകളെ പ്രോത്സാഹിപ്പിച്ച് പരിശീലനം കൊടുക്കുക.
9. പാശ്ചാത്യസംസ്ക്കാരത്തിന്റെ കടന്നു കയറ്റത്തിൽ നിന്നും കുട്ടികളെ രക്ഷിക്കാൻ ബോധവൽക്ക

രണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

10. സാംസ്കാരിക അധഃപതനത്തിനു കാരണമാകുന്ന വ്യാജമദ്യത്തെ നിർമാർജ്ജനം ചെയ്യുക.
11. ഓണാഘോഷത്തിന്റെ ഭാഗമായി പരമ്പരാഗതകലാരൂപങ്ങൾ പഞ്ചായത്തതലത്തിൽ മത്സരങ്ങൾ ഏർപ്പെടുത്തുക.
12. ആങ്ങമുഴിയിൽ ഫോറസ്റ്റ് റേഞ്ചാഫീസിനു സമീപമുള്ള സ്ഥലം ഏറ്റെടുത്ത് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മിക്കുക.
13. കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.
14. വയോജന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
15. എല്ലാ വാർഡുകളിലേയും കലാകാരൻമാരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല കലാപ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കുക.
16. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

"ഒരു പ്രദേശത്തെ ജനങ്ങളുടെ സാംസ്കാരിക നിലവാരത്തെ ഉയർത്തുന്നത് ആ പ്രദേശത്തെ കലാകായിക സംഘടനകൾ ആണെന്നുള്ളതിനാൽ അവരെ പരിപോഷിപ്പിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹത്തിന്റെ മൂല്യച്യുതിയ്ക്കും അപചയത്തിനും എതിരെ നാം ജാഗരൂഗരാകണം."



# 5 - 3.P വിഭവസമാഹരണം

ഓരോ പ്രദേശത്തിന്റെയും വികസനത്തിന് അധികമായി വേണ്ടുന്ന ഭൗതികസാഹചര്യങ്ങൾ കണ്ടെത്തുക എന്നതാണ് വിഭവസമാഹരണം കൊണ്ടുദ്ദേശിക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെ വിഭവങ്ങൾ പ്രധാനമായും മനുഷ്യാദ്ധ്വാനം, നികുതിവരുമാനം, വാടക, സമ്പാദ്യങ്ങൾ, പ്രകൃതിവിഭവങ്ങൾ തുടങ്ങിയവയാണ്. ഈ പ്രാദേശികവിഭവങ്ങളെ പരമാവധി ചൂഷണം ചെയ്തെങ്കിൽ മാത്രമെ സാമൂഹ്യവും, സാമ്പത്തികവും, വ്യവസായികവുമായ വളർച്ച കൈവരിച്ച് ഗ്രാമവികസനം സഫലമാകുകയുള്ളു. എന്നാൽ നാം സമൂഹത്തിനു പ്രത്യക്ഷസുഖസൗകര്യങ്ങൾ നൽകുന്ന റോഡുകൾ, കെട്ടിടങ്ങൾ മുതലായവയുമായി ബന്ധപ്പെടുത്തിയാണ് ഗ്രാമവികസനത്തെകാണുന്നത്. അതുകൊണ്ട് പ്രാദേശിക വിഭവങ്ങൾക്ക് ഇന്ന് ഗ്രാമവികസനത്തിൽ ഏറെ പ്രസക്തിയാണുള്ളതും. അരശതാബ്ദം മുമ്പ് ഭക്ഷ്യോല്പാദന മേഖലയായി പ്രഖ്യാപിച്ച ഈ പ്രദേശം അതിനാവശ്യമായ വിഭവങ്ങളാൽ സമ്പന്നമാണെങ്കിലും ഈ മേഖല ഇന്ന് മുരടിച്ചിരിക്കുന്നു. നാണ്യവിളകളിലേക്ക് തിരിഞ്ഞ കർഷകർ പ്രധാനമായും റബ്ബർ കൃഷി ചെയ്യുന്നു. ഇരുണ്ടു വെളുക്കുമ്പോൾ പണം കായ്ക്കുന്ന റബ്ബർ ഇന്ന് കർഷകരുടെ കല്പവൃക്ഷമാണ്. റബ്ബർഉപയോഗിച്ചുള്ള വ്യവസായിക ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും കർഷിക പുരോഗതിയ്ക്കും വൻതോതിൽ വിഭവസമാഹരണം നടത്തേണ്ടിയിരിക്കുന്നു.

വ്യാവസായികരംഗം നേരിടുന്ന പ്രധാന പ്രശ്നം വൈദ്യുതി ദൗർലഭ്യമാണ്. വൈദ്യുതി പദ്ധതികളുടെ നാടാണെങ്കിൽ പോലും വോൾട്ടേജ് ക്ഷാമവും വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസവും വ്യവസായികരംഗം മുരടിച്ചുപോകുവാൻ കാരണമാകുന്നു. വ്യവസായികരംഗത്ത് വളർച്ചയുണ്ടാകാതെ പുതിയ വിഭവസമാഹരണത്തിനുള്ള സാധ്യതകുറഞ്ഞു പോകുന്നു.

സാമാന്യം ഭേദപ്പെട്ടവരുമാനമുള്ള ഒരു പഞ്ചായത്താണ് സീതത്തോട്. നികുതിപിരിവുകൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് വികസനപ്രവർത്തനങ്ങൾക്കു വേണ്ട ധനം ഉണ്ടാക്കുവാൻ സാധിക്കുന്നില്ല. മൂഴിയാർ, പമ്പ, ഗവി എന്നീ പ്രദേശങ്ങളിലുള്ള വൈദ്യുതി ബോർഡ് ജീവനക്കാരിൽ നിന്നും ഒരുലക്ഷം രൂപയോളം തൊഴിൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. കൂടെകൂടെയുള്ള സ്ഥലം മാറ്റവും, ഉദാസീനതയും ഇതിനു കാരണമാകുന്നു. ഭരണം, പൊതുമരാമത്ത്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം മുതലായവയ്ക്കാണ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ നല്ലൊരു പങ്കും ചെലവഴിക്കുന്നത്. കെട്ടിടനികുതി, തൊഴിൽനികുതി, വി. റ്റി. സി., ഭൂമിയുടേയും കെട്ടിടങ്ങളുടെയും വാടക എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ.

ഇവിടെനിന്നും ഗൾഫ് നാടുകളിൽ ജോലി നോക്കുന്നവർക്ക് നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിയ്ക്കാൻ സാധിക്കും. എക ഷെഡ്യൂൾസ് കൊമേഴ്സ്യൽ ബാങ്കായി ഫെഡറൽ ബാങ്കിൽ ആകെയുള്ള ഡിപ്പോസിറ്റിന്റെ 45.6% NRE ഡിപ്പോസിറ്റാണ്. കാർഷിക വായ്പ 6.18 ശതമാനും, വ്യവാസായിക വായ്പ 0.17 ശതമാനവുമാണ്. ഇതിൽ നിന്നു് വ്യാവസായിക വളർച്ചയുടെ മുരടിപ്പ് മനസിലാക്കാവുന്നതാണ്.

## പഞ്ചായത്തിൻെറ ചെലവ് സംബന്ധിച്ച വിവരങ്ങൾ

(5 വർഷം)

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 2988682.80 | 297122.95 | 363848.00 | 366897.00 | 4553536.00 |
| പൊതുമരാമത്ത് | 775370.60 | 212070.00 | 452151.00 | 372561.00 | 287815.00 |
| വിദ്യാഭ്യാസം | 28119.20 | 30122.10 | 19183.00 | 45573.00 | 34429.00 |
| തെരുവുവിളക്കുകൾ | 13544.25 | 47774.00 | 25571.00 | 31568.00 | 186690.00 |
| സാമൂഹ്യക്ഷേമം | 18453.00 | 12883.00 | 2362.00 | 22973.00 | 33633.00 |
| ജലവിതരണം ഓടകൾ | | | | | |
| പൊതുജനാരോഗ്യം | 14367.00 | 15192.00 | 9688.00 | 34169.00 | 19147.00 |
| മറ്റുള്ളവ | 286439.90 | 238841.60 | 29217.00 | 137949.00 | 102054.00 |
| ആകെ | 1434976.75 | 2762635.65 | 902020.00 | 1011690.00 | 1117304.00 |

## പഞ്ചായത്തിൻെറ വരുമാനം

| ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 105461.80 | 107530.15 | 2530.65 | 127679.00 | 188886.00 |
| തൊഴിൽ നികുതി | 177114.00 | 231377.00 | 26581.00 | 155310.00 | 278485.00 |
| വിനോദ നികുതി | 16869.80 | 13535.00 | 14660.00 | 19256.50 | 17875.00 |
| അധിക വിനോദ നികുതി | 10481.90 | 8110.00 | 8785.00 | 12190.50 | 12425.00 |
| പ്രദർശന നികുതി | 654.00 | 641.00 | 752.00 | 1230.00 | 1222.00 |
| ചന്തവരവ് | 52756.00 | 81531.00 | 58756.00 | 113307.50 | 42585.00 |
| ലൈസൻസ് ഫീസ് | 3680.00 | 4091.00 | 4153.00 | 4105.00 | 4379.00 |
| വസ്തുകൈമാറ്റ നികുതി 75% | 127662.00 | 246846.00 | 247695.00 | 314805.00 | 167440.00 |
| വസ്തു കൈമാറ്റ നികുതി 25% | | | | 50000.00 | 50000.00 |
| സർക്കാർ ഗ്രാൻറുകൾ | 251814.00 | 447698.00 | 722546.00 | 319500.00 | 520494.00 |
| ഡെപ്പോസിറ്റ് | 185747.00 | 81555.00 | 67332.00 | 29956.00 | 150448.00 |
| മറ്റുള്ളവ | 89749.70 | 80911.50 | 84829.78 | 157484.80 | 167796/85.00 |
| ഭൂമിയുടെയും കെട്ടിടങ്ങളുടെയും വാടക | 42384.40 | 118440.30 | 42958.65 | 79403.80 | 70030/40.00 |
| അടിസ്ഥാന നികുതി | 450470.00 | 446253.00 | | 614890.00 | 680507.00 |
| ആകെ | 1514844.60 | 1868510.95 | 1381519.08 | 1999118.10 | 2352575.25 |

## പഞ്ചായത്തിൻെറ ചെലവ് ശതമാന കണക്കിൽ

| ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| ഭരണം | 19.71 | 15.90 | 26.34 | 18.35 | 19.28 |
| പൊതുമരാമത്ത് | 51.18 | 11.30 | 32.72 | 18.63 | 12.23 |
| വിദ്യാഭ്യാസം | 1.80 | 1.60 | 1.39 | 2.28 | 1.46 |
| തെരുവ്‌വിളക്ക് | 0.89 | 2.50 | 1.85 | 1.58 | 7.93 |
| സാമൂഹ്യക്ഷേമം | 1.20 | 0.69 | 0.17 | 1.15 | 1.43 |
| ജലവിതരണം, പൊതുജനാരോഗ്യം | 0.94 | 0.81 | 0.70 | 1.70 | 0.81 |
| മറ്റുള്ളവ | 18.90- | 12.78 | 2.10 | 6.90 | 4.34 |
| ആകെ | 94.08 | 45.58 | 65.27 | 50.59 | 47.48 |

ഈ പട്ടികയിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നത് 1991-92 വർഷത്തെ അപേക്ഷച്ച് 1995-96 ൽ പൊതുമരാമത്ത് ചെലവുകൾ 38.95 ശതമാനം കണ്ടു കുറഞ്ഞു. വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം പൊതുജനാരോഗ്യം മുതലായവയ്ക്ക് വളരെ കുറച്ചു തുകമാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആകെ വരവിൻെറ നല്ലൊരുഭാഗം ഭരണത്തിനായി ചെലവിടുന്നു. ബഹുജനപങ്കാളിത്തമുണ്ടെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വിനിയോഗിക്കാൻ സാധിക്കും.

## ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം

MARCH - 96

| BANK | DEPOSITE (Lakhs) | | | ADVANCE (Lakhs) | | | |
|---|---|---|---|---|---|---|---|
| | NRE | DOMESTIC | TOTAL | PRIORITY SECTOR | OTHER ADVANCES | TOTAL | C.D. RATIO |
| FEDERAL BANK SEETHATHODU | 170 | 202 | 372 | 62 | 101 | 163 | 44% |
| SEETHATHODU SERVICE CO-OPERATIVE BANK | | 116 | 116 | 48 | 212 | 260 | 224% |

## ധനകാര്യസ്ഥാപനങ്ങളിലെ വായ്പയുടെ വിശദാംശങ്ങൾ

(ലക്ഷം രൂപാ) MARCH - 96

| ബാങ്ക് വായ്പ | കാർഷിക വായ്പ | വ്യവസായിക വായ്പ | ബിസിനസ്സ് | വാഹന | കൺസ്യൂമർ | മറ്റിനം |
|---|---|---|---|---|---|---|
| ഫെഡറൽ ബാങ്ക് | 23 | 0.62 | 23 | 18.61 | | 98.22 |
| സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക് | 46 | | 111 | | 100 | 2 |

സീതത്തോട് പഞ്ചായത്തിൽ ഒരു ഫെഡറൽ ബാങ്കും, ഒരു സർവ്വീസ് സഹകരമബാങ്കും മാത്രമേ ധനികരായസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുള്ളൂ. എട്ടും, ഏഴും വാർഡൊഴികയുള്ള വാർഡുകളിലെ ജന ങ്ങളുടെ പണമിടപാടുകൾ നടക്കുന്നത് മേൽപറഞ്ഞ ബാങ്കുകളിൽ കൂടിയാണ്. വ്യവസായിക ആവശ്യത്തി നുനൽകിയിട്ടുള്ള വായ്പ തുലോം കുറവാണ്. അതിൽ സീതത്തോട് സർവ്വീസ് സഹകരണബാങ്ക് വ്യവസാ യികവായ്പകൾ ഒന്നും തന്നെ നൽകിയിട്ടില്ല.

മൊത്തം നിക്ഷേപത്തിൻെറ 44% മാത്രമാണ് ഫെഡറൽ ബാങ്ക് വായ്പയായി നൽകിയിട്ടുള്ളത്. കാർഷികവായ്പയായി നൽകിയിട്ടുള്ളത്. കാർഷിക വായ്പ 14% ത്തോളം വരും. 69 ലക്ഷത്തോളം രൂപ കാർഷികവായ്പയായി നൽകിയിട്ടുണ്ടെങ്കിലും മറ്റ് ആവ ശ്യങ്ങർക്കുവേണ്ടിയാണ് ഈ തുക കൂടുതലും ഉപ യോഗിക്കുന്നത്. 170 ലക്ഷത്തോളം രൂപ വിദേശമല യാളികളിൽ നിന്നും ലഭിച്ചതാണ്. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇവർക്ക് ഗ്രാമവികസ നത്തിൽ നല്ലൊരുപങ്ക് വഹിക്കാൻ കഴിയുമെന്നുള്ള താണ്.

## പ്രശ്നങ്ങൾ

1. കാലാകാലങ്ങളിൽ നികുതിദായകർ വിവിധയിനം നികുതികൾ നൽകാത്തതിനാൽ വികസനപ്രവർത്ത നങ്ങളിൽ തടസ്സമുണ്ടാക്കുന്നു.
2. പൊതുജനപങ്കാളിത്തവും, സാമ്പത്തികബുദ്ധിമുട്ടും കാരണം കൂടുതൽ തുക വികസനപ്രവർത്തനങ്ങൾ ഉപയോഗിക്കാൻ സാധിക്കാതെ വരുന്നു.
3. മൂന്നും, നാലും, എട്ടും, ഒൻപതും വാർഡിലുള്ള KSEB യുടെ അധീനതയിലുള്ള സീതത്തോട്, മൂഴി യൂർ, പമ്പ, ഗവി തുടങ്ങിയ സ്ഥലങ്ങളിലെ കെട്ടി ടങ്ങളുടെ നികുതി നാലുവർഷമായി അടയ്ക്കാ ഞ്ഞാൽ നല്ലൊരു തുക പഞ്ചായത്തിൻെറ വരിമാ നത്തിൽ ലഭിക്കേണ്ടതാണ്.
4. വിവിധവായ്പകൾ ധനകാര്യസ്ഥാപനങ്ങളിൽ ലഭി ക്കാനുള്ള നിയമതടസങ്ങളും, കാലവിളംബവും ചെറുകിട വ്യവസായസംരംഭങ്ങളിൽ നിന്നു പോലും ചെറുപ്പക്കാർ അകന്നു നിൽക്കുന്നു.
5. സ്വർണ്ണപണയത്തിൽമേലുള്ള വായ്പതുക ബ്ലേഡ് സ്ഥാപനങ്ങളെ അപേക്ഷിച്ച് കുറവായതിനാൽ ഇങ്ങനെയുള്ള സ്ഥാപനങ്ങൾ രംഗത്തുവരുകയും കൂടിയപലിശ വായ്പകരിൽ നിന്നും ഈടാക്കുക യും ചെയ്യുന്നു.
6. മലയോരപ്രദേശമായതിനാൽ കിലോമീറ്ററുകളോളം നടന്നുവേണം ധനകാര്യസ്ഥാപനങ്ങളിൽ എത്തി ച്ചേരുവാൻ.
7. ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകളെകു റിച്ച് ജനങ്ങൾക്ക് വ്യക്തമായ ധാരണയില്ലാത്തത് ഉല്പന്നപരമായ കാര്യങ്ങളിൽ ഇടപെടുവാൻ കഴി യാതെ വരുന്നു.

## നിർദ്ദേശങ്ങളും, സാധ്യതകളും

1. റോഡുനിർമ്മാണത്തിന് സന്നദ്ധസംഘടനകൾ വഴി കായികാദ്ധ്വാനവും പണവും സമാഹരിക്കുക.
2. പൊതുമരാമത്ത് പണികൾക്ക് ആവശ്യമായ കല്ല്, മെറ്റൽ, മണൽ എന്നിവ പ്രാദേശികമായി സമാഹ രിക്കുക.
3. സാങ്കേതികവിദഗ്ധർ, ഡോക്ടർന്മാർ, സാമൂഹ്യപ്ര വർത്തകർ എന്നിവരുടെ സേവനം വികസന തുറ കളിൽ പ്രയോജനപ്പെടുത്തുക.
4. പട്ടയം നൽകിയിട്ടില്ലാത്ത ഭൂമിയ്ക്ക് പട്ടയം നൽകു ക. ഇതിൽക്കൂടി, തറവിലയിനത്തിലും, തടിവില യിനത്തിലും ലക്ഷകണക്കിനു രൂപ സമാഹരിക്കുക.
5. വനങ്ങളിൽ ഉണങ്ങി നിൽക്കുന്നതും, വീണുനശി ച്ചുകൊണ്ടിരിക്കുന്നതുമായ തടികൾ ശേഖരിച്ച് വിപ ണനം നടത്തിയാൽ വിവിധ പദ്ധതികൾക്കാവശ്യ മായ പണം സ്വരൂപിക്കാൻ സാധിക്കും.
6. തരിശായി കിടക്കുന്ന ഭൂമിപഞ്ചായത്ത് ഏറ്റെടുത്ത് വിവിധ കോർപ്പറേഷനുകളുടെ വകയായി റബ്ബർ, എണ്ണപ്പന, യൂക്കാലി തുടങ്ങിയ കൃഷികൾ നട ത്തി ലഭിക്കുന്ന തുക നമ്മുടെ പഞ്ചായത്തിന് വരു മാനമാർഗ്ഗമാകും.
7. പഞ്ചായത്തിലെ വൈദ്യുതനിലയങ്ങളിൽ ഉത്പാദി പ്പിക്കുന്ന കറണ്ടിൻെറ നിശ്ചിതശതമാനം ഇവിടെ യുള്ള വ്യവസായ ആവശ്യങ്ങൾക്കും, പഞ്ചായ ത്തിൻെറ ഗാർഹികാവശ്യത്തിനും ഉപയോഗിക്കുക.
8. പഞ്ചായത്ത് തലത്തിൽ ക്രെഷർയൂണിറ്റുകൾ സ്ഥാപിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റൽ നിർമ്മിക്കുക.
9. നിർമ്മാണപ്രവർത്തനങ്ങൾക്കും, വ്യവസായിക ആവശ്യങ്ങൾക്കും പഞ്ചായത്ത് തലത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിക്കുക.

10. സ്വകാര്യ ആശുപത്രികൾക്ക് കിടക്കകളുടെ എണ്ണത്തിൻറടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.
11. വിവിധനികുതികൾ കൃത്യമായും, നീതിപൂർവ്വമായും പിരിച്ചെടുക്കുക.
12. പഞ്ചായത്തതിർത്തിയിലുള്ള ക്വാറികളിൽ ലോഡടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.
13. കുടിശിക വരുത്തുന്ന നികുതിദായകരിൽ നിന്നും നികുതി ലഭിക്കുന്നതിന് സത്വം നടിപടികൾ സ്വീകരിക്കുക.
14. വികസനപ്രവർത്തനങ്ങൾക്ക് വിദേശമലയാളികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുക.
15. പഞ്ചായത്തിൻെറ വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ആങ്ങമൂഴിയിലും, സീതത്തോടിലും മാർക്കറ്റ് സ്റ്റാളുകൾ ഇവ നിർമ്മിച്ച് വാടകയിനത്തിൽ വരുമാനം വർദ്ധിപ്പിക്കുക.
16. കക്കിഡാമിലും, മറ്റ് അനുബന്ധ ഡാമുകളിലും മത്സ്യകൃഷിയും, മറ്റ് മേഖലകളിൽ പുഷ്പകൃഷി നടത്തിയും വിഭവസമാഹരണം നടത്തുക.
17. പ്രധാനകർഷികവിളയായ റബ്ബർ ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങുവാൻ സ്വകാര്യമേഖലയെ ക്ഷണിക്കുക.
18. അമൂല്യമായ പലതരം പച്ചമരുന്നുകൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. അവ സംഭരിച്ച് ഔഷധ നിർമ്മാണം ആരംഭിക്കുക.
19. കാർഷിക മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാഴികളുടെ അനിയന്ത്രിതമായ വേതനവർദ്ധനവ് നിയന്ത്രിച്ച് കർഷകരെ സഹായിക്കുക.
20. ഒരേക്കറിൽ കൂടുതൽ റബ്ബർകൃഷി ചെയ്യുന്ന കർഷകരിൽ നിന്ന് നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുക.
21. പഞ്ചായത്ത്വക സ്ഥലത്ത് ബ്സ്സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ് തുടങ്ങിയവ നിർമ്മിച്ച് നൽകിയാൽ വാഹന ഉടമകളിൽ നിന്നും നികുതി ഈടാക്കൻ സാധിക്കും.
22. റബ്ബർഷീറ്റ് റോളർ ഉള്ളവരിൽ നിന്നും നികുതിപിരിച്ചാൽ അത് പഞ്ചായത്തിന് വരുമാനമാർഗ്ഗമാകും.
23. നിലവിൽ നമ്മുടെ പ്രദേശത്ത് ആഡിറ്റോറിയങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ എല്ലാ പരിപാടികൾക്കും വലിയ തുക വാടകകൊടുത്ത് സ്ക്കൂൾകെട്ടിടം വാടകയ്ക്കെടുക്കേണ്ട സാഹചര്യമുണ്ടാകുന്നു. ആയതിനാൽ പഞ്ചായത്ത് വക സ്ഥലത്ത് ആഡിറ്റോറിയം നിർമ്മിച്ചാൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.
24. ടൂറിസത്തിന് ഏറെസാധ്യതയുള്ള പ്രദേശമാണ് സീതത്തോട് പഞ്ചായത്ത്. സീതത്തോടിനേയും തേക്കടിയേയും ബന്ധിപ്പിച്ച് ഇപ്പോൾ തന്നെ റോഡ് നിലവിലുണ്ട്. കക്കിഡാമും അതിൻെറ പരിസരങ്ങളും ഉൾക്കൊള്ളിച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കിയാൽ തേക്കടികണ്ടുമടങ്ങുന്ന വിദേശികളും സ്വദേശികളുമായ വിനോദയാത്രക്കാർക്ക് കക്കിവഴി വരാനും അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും സാധിക്കും. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.



# 5 - 3.Q ടൂറിസം

ഈ പഞ്ചായത്തിൻെറ ഭൂരിഭാഗവും വനഭൂമിയാണ്. പ്രകൃതിസൗന്ദര്യം കൊണ്ട് അനുഗ്രഹീതമാണ് ഇവിടുത്തെ വനപ്രദേശം. 8ഉം 9ഉം വാർഡുകൾ പൂർണ്ണമായും വനത്തിനുള്ളിലാണ്. കേരളത്തിലെ വൈദ്യുതിഉത്പാദനത്തിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന ഇവിടെയാണ് ശബരിഗിരി പ്രോജക്ട്. കക്കാട് ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്. 1,66,000 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന കക്കി ഡാം, ഇതിൻെറ അനുബന്ധഡാമുകളായ ആനത്തോട്, പമ്പ തുടങ്ങിയ ഡാമുകളും വനങ്ങളും അവിടുത്തെ പ്രകൃതി രമണീയതകൊണ്ട് ഇതിനോടകം തന്നെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. പുൽമേടുകളും, യൂക്കാലിമരങ്ങളും ഏലം പ്ലാൻറേഷനുകളും നിറഞ്ഞ ഈ പ്രദേശം തീർച്ചയായും ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിക്കേണ്ടതാണ്. ലോകശ്രദ്ധ ആകർഷിച്ച തേക്കടി വന്യമൃഗകേന്ദ്രത്തിലേക്ക് ഇവിടെനിന്നും 40 കിലോമീറ്റർ താഴെ മാത്രമേ ദൂരമുള്ളൂ. തേക്കടി കണ്ടുമടങ്ങുന്ന വിനോദസഞ്ചാരികൾക്ക് പമ്പ, കക്കി, ആനത്തോട് തുടങ്ങിയ പത്തോളം ചെറുതും വലുതുമായ ഡാമുകളും പുൽമേടുകളും കടന്ന് ശബരിഗിരി പ്രോജക്ട് കക്കാട് വൈദ്യുതി നിലയവും കാണാൻ സാധിക്കുന്നു. കാനനഭംഗി ആസ്വദിച്ചുകൊണ്ടുള്ള യാത്രക്കിടയിൽ നിരവധി വന്യമൃഗങ്ങളെയും കാണുവാൻ സാധിക്കുന്നു. വിനോദസഞ്ചാരകേന്ദ്രം ആകുന്നതോടുകൂടി സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക രംഗങ്ങളിൽ വളരെയധികം മാറ്റങ്ങൾ വരുത്തുവാൻ കഴിയുകയും ചെയ്യുന്നു.

### നിർദ്ദേശങ്ങൾ

1. കക്കി, ആനത്തോട്, പമ്പഡാമുകളുടെ സമീപപ്രദേശങ്ങളിൽ പൂന്തോട്ടങ്ങളും, മറ്റ് വിനോദോപാധികളും ഉണ്ടാക്കുക.
2. കക്കിഡാമിൽ സഞ്ചാരികൾക്കുവേണ്ടി ലക്ഷറി ബോട്ട് സർവ്വീസുകൾ നടത്തുക (ടാക്സി ബോട്ടുകൾ)
3. ഡാമുകളുടെ പ്രദേശത്ത് സൗകര്യപ്രദമായ സ്ഥലത്ത് താമസസൗകര്യമുൾപ്പെടെയുള്ള ഹോട്ടലുകൾ നിർമ്മിക്കുക.
4. സീതത്തോട് പഞ്ചായത്തിനേയും, തേക്കടിയേയും ബന്ധിപ്പിക്കുന്ന പി. ഡബ്ല്യൂ. ഡി റോഡിൻെറ വീതി കൂട്ടി സ്ഥിരം ബസ്സർവ്വീസ് ആരംഭിക്കുക.
5. ജില്ലാ ആസ്ഥാനത്തുനിന്നും, തിരുവനന്തപുരത്തുനിന്നും തേക്കടിയിലേക്ക് സീതത്തോട് വഴി ബസ് സർവ്വീസ് ആരംഭിച്ചാൽ തേക്കടിയിലെത്തുന്ന സഞ്ചാരികൾക്ക് തിരിച്ച് ഇവിടുത്തെ കാനനഭംഗി ആസ്വദിച്ച് യാത്ര ചെയ്ത് പത്തനംതിട്ടയിൽ എത്തിച്ചേരാൻ സാധിക്കും.
6. ശബരിസീസണിൽ കുമളി-ചാലക്കയം റൂട്ടിൽ ഗവി, മൂഴിയാർ, പ്ലാപ്പള്ളി വഴി സ്പെഷ്യൽ ബസ്സർവ്വീസുകൾ ആരംഭിക്കുക. ഇതുമൂലം പമ്പയിലേക്കുള്ള ദൂരം കുറയുന്നതിനോടൊപ്പം അന്യസംസ്ഥാനക്കാർക്ക് നമ്മുടെ പഞ്ചായത്തിലെ പ്രകൃതി ഭംഗി ആസ്വദിക്കുവാനും സാധിക്കും.
7. സർക്കാർ ഈ പ്രദേശത്തെ ടൂറിസ്റ്റ് മേഖലയായി പ്രഖ്യാപിക്കുകയും കെ. റ്റി. ഡി. സി. യുടെ തിരുവനന്തപുരം ഓഫീസിൽ ഇൻഫർമേഷൻ സൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

ഇന്ന് കേരളം വിനോദസഞ്ചാരികളുടെ പറുദീസയായി മാറിയിരിക്കുകയാണ്. ലക്ഷക്കണക്കിന് വിദേ



ശികൾ ഈ കൊച്ചുനാടിൻെറ പ്രകൃതിഭംഗി ആസ്വാദിക്കുവാൻ എത്തിച്ചേരുന്നു. കേരളത്തെ ആഗോളപ്രശസ്തമാക്കിയ കലാരൂപമായ കഥകളി പഠിക്കാൻ അനേകം ആൾക്കാർ കലാമണ്ഡലത്തിൽ എത്തുന്നുണ്ട്. വിവിധകലയും, സംസ്ക്കാരവും ഭാഷയ്ക്കുപരിയായി പഠിക്കുന്ന ഇവർ വരും നാളുകളിൽ. നമ്മുടെ പഞ്ചായത്തിൻെറയും ഇവിടുത്തെ പ്രകൃതിദൃശ്യങ്ങളേയും ഐതിഹ്യകഥകളുമായി ബന്ധപ്പെട്ട സ്ഥലങ്ങളെയും ആസ്വാദനത്തിലൂടെ ഈ നാടിനെ സമ്പുഷ്ടമാക്കി തീർക്കുമെന്ന് പ്രത്യാശിക്കാം.



# 6 ജനകീയ ആസൂത്രണ പരിപാടി

| | |
|---|---|
| 1996 സെപ്റ്റംബർ 18 | : ജനകീയ ആസൂത്രണ പരിപാടികൾ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചു. |
| സെപ്റ്റംബർ 28 | : ഒന്നാംഘട്ട പരിശീലന ക്യാമ്പ് നടത്തി |
| സെപ്റ്റംബർ 30, ഒക്. 1, 2 | : ജില്ലാതല പരിശീലനം – റാന്നി |
| ഒക്ടോബർ 3 | : ഗ്രാമസഭകളുടെ തീയതി പഞ്ചായത്ത് നിശ്ചയിച്ചു |
| ഒക്ടോബർ 5 മുതൽ 13 വരെ | : ഗ്രാമസഭകൾ 9 എണ്ണം നടത്തി |
| ഒക്ടോബർ 28 | : വിദഗ്ദ്ധസമിതി രൂപീകരിച്ചു |
| നവംബർ 1 | : രണ്ടാംഘട്ടം തുടക്കം |
| നവംബർ 1 | : പുനരർപ്പണദിനാചരണം – ആങ്ങമൂഴി കോട്ടമൺപാറ റോഡിൻെറ പുനരുദ്ധാരണ ജോലി |
| നവംബർ 1 | : ജനാധികാര കലാജാഥയ്ക്കു സ്വീകരണം |
| നവംബർ 2 | : രണ്ടാംഘട്ട പരിശീലനം |
| നവംബർ 8 | : പഠന പര്യടനം |
| നവംബർ 18 | : ജില്ലാതല പരിശീലനം – റാന്നി |
| നവംബർ 22 | : സർക്കാർ ഉദ്യോഗസ്ഥന്മാരുടെ യോഗം |
| നവംബർ 22 | : വിദഗ്ദ്ധസമിതിയുടെ യോഗം |
| നവംബർ 25, 26, 27 | : വികസന റിപ്പോർട്ട് തയ്യാറാക്കൽ |
| ഡിസംബർ 5 | : വികസന സെമിനാർ പ്ലാൻ ചെയ്തു |
| ഡിസംബർ 12 | : സ്വാഗതസംഘം രൂപീകരിച്ചു |
| ഡിസംബർ 31 | : പഞ്ചായത്ത് വികസന സെമിനാർ |

## ജില്ലാതല റിസോഴ്സ് പേഴ്സൺസ്

| | |
|---|---|
| പി. എൻ. രവീന്ദ്രൻ | ശാലിനി ബാലൻ |
| എ. ആർ. രഘു | മാത്യു കല്ലേത്ത് |
| മാത്യു എം. അലക്സ് | കെ.ജി. ഏബ്രഹാം |
| പി.വി. ശിവാനന്ദൻ | കെ. എൻ. മോഹനൻ |
| വി.റ്റി. ഗ്രേസിക്കുട്ടി | എം. പരമേശ്വരക്കുറുപ്പ് |

## പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസ്

കെ.എൻ. സുഭാഷ്
ഇ.പി. സോമൻ
ജേക്കബ് വളയംപള്ളിൽ
അന്നമ്മ ബേബിക്കുട്ടി
കെ.എ. ഏബ്രഹാം
എൻ.ടി. ബാബു
ഫാ. തോമസ് ഏബ്രഹാം
അഡ്വ. വി.ആർ. രാധകൃഷ്ണൻ
എം.ഐ. ജോർജ്
സി.ജെ. ശമുവേൽ
പി.എൻ. ഗോപാലൻ
സി.കെ. പുരുഷോത്തമൻ

എം.കെ. സുകുമാരൻ
അന്നമ്മ ജോൺ
ഉമ്മർകുട്ടി കെ.വി.
തങ്കമ്മ ജോർജ്
പി.ആർ. പുരുഷോത്തമൻ
മാത്യു കല്ലേത്ത്
കമലമ്മ ദാസ്
സജി തോമസ്
ഷിബു കെ.ഡി.
ടി.കെ. ഏബ്രഹാം
ലളിതമ്മ എൻ.ആർ.
രാധാമണി പി.എൻ.

കെ.കെ. ദാമോദരൻ
പി. എ. ഏബ്രഹാം
ഡോ. പി.കെ. പാപ്പച്ചൻ
ടി.വി. വാസു
അന്നമ്മ മാത്യു
എം.എസ്. തങ്കപ്പൻ
വർഗീസ് തോമസ്
പി.കെ. ഗോപാലൻനായർ
വി. കുട്ടപ്പൻനായർ
പി. എൻ. വിജയൻ
മാത്യു കോയിക്കമണ്ണിൽ
ജോൺ മാത്യു
സി.എ. സോമരാജൻ
ജോസഫ് അഗസ്റ്റിൻ
ജോയി കോയിക്കമണ്ണിൽ

ശാന്തമ്മ പി.കെ.
ഡോ. ഫിലിപ്പോസ് മത്തായി
കെ. പുരുഷോത്തമൻ
തോമസ് വളയംപള്ളിൽ
ജനാർദ്ദനൻ ടി.കെ.
കെ. കെ. ദിവാകരൻ
ഗോപിനാഥപിള്ള ജി.
പി.ടി. സഖറിയ
എം. എസ്. പവിത്രൻ
പി. ശശി
പി. ആർ. പ്രമോദ്
എൻ. ഹരിദാസ്
കെ. വി. സോമൻ
എം. എൻ. രാജു
ഇ. എസ്. ശ്രീധരൻ





# 7 പഠനപര്യടനം



ട്രാൻസെക്ട് - 1



1. അള്ളുങ്കൽ, 2. സീതത്തോട്, 3. സീതക്കുഴി,
4. മുണ്ടൻ പാറ, 5. ഗുരുനാഥൻ മണ്ണ്, 6. കുന്നം

ട്രാൻസെക്ട് - 2



1. മണികൺഠൻ കാലാ, 2. സീതത്തോട്, 3. കക്കാട് പവ്വർ ഹൗസ്,
4. കൊച്ചു കോയിക്കൽ, 5. ഭയങ്കരാമുടി, 6. ആങ്ങമുഴിമല (പൂവേലിക്കുന്ന്),
7. ആങ്ങമൂഴി ജംഗ്ഷൻ, 8. തേവർമല

# ഉപസംഹാരം

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ രണ്ടാംഘട്ടം പ്രവർത്തനം പഞ്ചായത്ത് വികസനസെമിനാർ നടക്കുന്നതോടുകൂടി സമാപിക്കുകയാണ്. കഴിഞ്ഞ നാലുമാനക്കാലമായി നടന്നുവരുന്ന ആസൂത്രണ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൻെറ സാമൂഹ്യരംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃത ആസൂത്രണം എന്നിവ സംബന്ധിച്ച് സാധാരണ ജനങ്ങളിൽ പുതിയ അവബോധം ജനിപ്പിക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് 1995 ഒക്ടോബർ 4ന് പഞ്ചായത്ത് ഭരണസമിഭ നിലവിൽ വന്നു. പുതിയ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കു വമ്പിച്ച പ്രതീക്ഷയാണുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണസംവിധാനത്തിനുതന്നെ പല മാറ്റങ്ങളുമുണ്ടായി. ഭരണസമിതിയിൽ മൂന്നിൽ ഒരു ഭാഗം വനിതകൾ വന്നത് സ്ത്രീകൾക്കു ലഭിച്ച അംഗീകാരത്തിൻെറ പ്രതീകമായിരുന്നു. സ്റ്റാൻഡിങ്ങ് കമ്മറ്റിയേയും അതിൻെറ ചെയർമാനേയും തെരഞ്ഞെടുത്തത് പുതിയ ഒരു അനുഭവമായിരുന്നു. എക്സിക്യൂട്ടീവ് ആഫീസർ സെക്രട്ടറി ആയതും പ്രസിഡൻറിനു പരിമിതമായ തോതിലാണെങ്കിലും എക്സിക്യൂട്ടീവ് അധികാരം ലഭിച്ചതും നിയമത്തിൻെറ സവിശേഷതകളാണ്. വിദ്യാലയങ്ങൾ, ആശുപത്രികൾ കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്തിനു ചില നിയന്ത്രണാധികാരങ്ങൾ ലഭ്യമായി. ആകെകൂടി പരിശോധിക്കുമ്പോൾ എന്തോ ചില മാറ്റങ്ങളുടെ പ്രതീതി ജനിപ്പിക്കാൻ പഞ്ചായത്ത് രാജ് സംവിധാനത്തിനു കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ തുടർന്നുള്ള നാളുകളിൽ പഞ്ചായത്തുകൾക്കു കഴിഞ്ഞു എന്നവകാശപ്പെടാനാവില്ല. പ്രധാനമായും രണ്ട് പ്രശ്നങ്ങളാണു ഇതിനു വിഘാതമായി നിൽക്കുന്നതെന്നു പിന്നീട് ബോദ്ധ്യപ്പെട്ടു. ഒന്നമതായി അധികാരങ്ങൾ താഴേക്ക് പങ്കിട്ടുകൊടുക്കാനും വികസനപ്രവർത്തനങ്ങൾ വേഗതയിൽ നടത്താനും തടസ്സമായി നിൽക്കുന്ന നിയമത്തിലെ ചില വ്യവസ്ഥകളും ചട്ടങ്ങളും, ഇതിൻെറ ഭാഗമായുള്ള ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ സമീപനവും രണ്ടാമതായി വികസനപ്രവർത്തനങ്ങൾ നടത്തിക്കാനാവശ്യമായ സമ്പത്ത് പഞ്ചായത്തുകൾക്ക് വീതിച്ചുനൽകാൻ സർക്കാരിനു കഴിയാതെ വന്നത്, ഗ്രാൻറുകളും മറ്റും ലഭിക്കാത്തതുമൂലം പഞ്ചായത്തുകളുടെ സാമ്പത്തിക നില താറുമാറായത്, ഇക്കാരണങ്ങളാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പ്രവർത്തിച്ചു മുന്നേറാൻ കഴിയാതെ വന്നു.

ഈ സാഹചര്യത്തിലാണു ജനകീയ ആസൂത്രണപരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കേരളസർക്കാർ തീരുമാനിച്ചത്. ഒൻപതാം പഞ്ചവത്സരപദ്ധതിയെ ജനകീയ പദ്ധതിയാക്കി മാറ്റാനും അതിനു മുന്നോടിയായി നടക്കേണ്ട ആസൂത്രണം ജനകീയ ആസൂത്രണമാക്കി മാറ്റാനും തീരുമാനിച്ചു. സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ആകെ തുകയുടെ 40 ശതമാനം വരെ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു വിഭജിച്ചുനൽകാൻ സർക്കാർ തീരുമാനിച്ചത് ഈ രംഗത്ത് സുപ്രധാനമായ കാൽവയ്പാണ്. അധികാരം ജില്ല, ബ്ലോക്ക്, ഗ്രാമനിലവാരത്തിലേക്ക് പങ്കിടുന്നതിൻെറ ഭാഗമായി പുതിയ മന്ത്രിസഭയിൽ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിനൻെറയും എണ്ണം വെട്ടികുറച്ചു.പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്ക്കരിക്കാൻ വേണ്ടി പശ്ചിമബംഗാളിലെ ധനകാര്യവിദഗ്ദ്ധനായ എസ്. ബി. സെൻ അദ്ധ്യക്ഷനായി ഒരു കമ്മറ്റി നിയോഗിച്ചു. ഈ കമ്മറ്റി വിശദമായി തെളിവെടുപ്പും പഠനവും നടത്തിയശേഷം ഇടകാലറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.സീതത്തോട് പഞ്ചായത്തിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തെ നല്ലനിലയിൽ ജനങ്ങൾ സ്വാഗകം ചെയ്യാൻ തയ്യാറായിട്ടുണ്ട്. ഗ്രാമസഭായോഗങ്ങളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും ഇത് പ്രതിഫലിച്ചു കാണാം.

സംസ്ഥാന ആസൂത്രണബോർഡ് നിർദ്ദേശിച്ച രീതിയിലും ഗൗരവത്തിലും പരിപാടികൾ ഏറ്റെടുക്കാൻ ഈ പഞ്ചായത്തിലെ ഭരണസമിതി തയ്യാറായിട്ടുണ്ട്. ജില്ലാതലത്തിൽ പരിശീലനപരിപാടികൾ നടത്താൻ കാലതാമസമുണ്ടായത് ഗ്രാമപഞ്ചായത്തുകളെയും ബാധിച്ചു. എന്നാൽ അതിനു മുമ്പുതന്നെ ഈ പഞ്ചായത്തിൽ ഒന്നാംഘട്ടം പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. പിന്നീട് രണ്ടാംഘട്ടപരിശീലനവും ജില്ലാതല പരിശീലനത്തിനു മുമ്പുതന്നെ സീതത്തോടിൽ നടത്താൻ കഴിഞ്ഞു. ഈ പരിശീലനപരിപാടികളെല്ലാം നടത്തിയത് സംസ്ഥാന റിസോഴ്സ് പേഴ്സൻമാരായ ശ്രീ. എൻ. കെ. ശശിധരൻ പിള്ള ശ്രീ. പി. കെ. സോമൻ പിള്ള എന്നിവയുടെ നേതൃത്വത്തിലും സഹകരണത്തോടും കൂടിയായിരുന്നു. രണ്ടാംഘട്ടപ്രവർത്തനത്തിൻെറ തുടക്കത്തിൽ തന്നെ ഈ പഞ്ചായത്തിൽ താമസക്കാരനായ 40 പേരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധസമിതി രൂപീകരിക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. ഈ സമിതിയിലെ അംഗങ്ങൾ പിന്നീട് കാര്യക്ഷമമാല പ്രവർത്തിച്ചിട്ടുണ്ട്.

പഠനപര്യടനം വിജയകരമായി നടത്താൻ നമുക്കു കഴിഞ്ഞു. ഇതേ തുടർന്നു ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തി. ഇവയുടെയെല്ലാം ആകെ തുകയായ വികസനറിപ്പോർട്ടു തയ്യാറാക്കുന്ന ഭാരച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിയോഗിക്കപ്പെട്ട വിവിധഗ്രൂപ്പുകൾ അത് പൂർണ്ണമായി നിർവ്വഹിച്ചു എന്നു പറയാൻ കഴിയുകയില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധസർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗം ചേർന്നത് ഈ പ്രവർത്തനങ്ങൾക്കു സഹായകമായി. നവംബർ ഒന്നിനു പുനരർപ്പണ ദിനാചരണത്തിൻെറ ഭാഗമായി ആങ്ങമൂഴി-കോട്ടമൺപാറ റോഡിൻെറ പുനരുദ്ധാരണജോലികൾ ചെയ്യുവാൻ ധാരാളം നാട്ടുകാർ സന്നദ്ധപ്രവർത്തനത്തിനു രംഗത്തിറങ്ങി.

വിവിധ ഗ്രൂപ്പുകൾ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വികസനരേഖ തയ്യാറാക്കാൻ വേണ്ടി ഒരു എഡിറ്റോറിയൽ ബോർഡിനെ തെരഞ്ഞെടുത്തിരുന്നു. ബോർഡിലെ അംഗങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനത്തിൻെറ ഫലമായിട്ടാണു ഈ വികസനരേഖ തയ്യാറാക്കാൻ നമുക്കു കഴിഞ്ഞത്. പഞ്ചായത്തിൻെറ സാമൂഹ്യചരിത്രം തയ്യാറാക്കാൻ വേണ്ടി പഴമക്കാരായ പല മാന്യസുഹൃത്തുക്കളെയും ഞങ്ങൾ സമീപിച്ച് അഭിമുഖസംഭാഷണം നടത്തി. പൂർവ്വകാലസംഭവങ്ങൾ അറിയാൻ വേണ്ടി പലരേഖകളും പരിശോധിച്ചു. ഈ റിപ്പോർട്ടിൽ ചേർന്നിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ, സെൻസസ് റിപ്പോർട്ട്, സർക്കാരിൻെറ വിവിധ ആഫീസ് രേഖകൾ എന്നിവ കൂടാതെ ആസൂത്രണ പ്രവർത്തകർ നടത്തിയ വിവരശേഖരണം തുടങ്ങിയവയിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പലതും പരിഹരിക്കാൻ കഴിയുമെന്നാണു ഞങ്ങൾ കരുതുന്നത്. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള ആവലാതികൾ മുഴുവൻ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞുവെന്നു വരില്ല. എന്നാൽ വിവിധമേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിത്തീർക്കാൻ നമുക്കു സാധിക്കും. വികസനപ്രവർത്തനങ്ങളിൽ വൻതോതിൽ ബഹുജനപങ്കാളിത്തം ഉണ്ടായാൽ മാത്രമെ ഇത് സാദ്ധ്യമാവുകയുള്ളു. വരുംനാളുകളിൽ ജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തിനു പ്രസക്തി വർദ്ധിക്കാൻ പോകുകയാണ്.

പദ്ധതിരൂപീകരണം മൂന്നാംഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കും. ഇതിനുവേണ്ടി വികസനസെമിനാറിൽ വച്ചുതന്നെ വിവിധകർമ്മസമിതകളെ നിശ്ചയിക്കുന്നതാണ്. ഒന്നും രണ്ടുഘട്ടങ്ങൾ വിജയകരമായി നടപ്പാക്കാൻ തയ്യാറായ ഈ പഞ്ചായത്തിലെ ആസൂത്രണപ്രവർത്തകർ തുടർന്നു നടക്കുന്ന എല്ലാ പരിപാടികളും വിജയിപ്പിക്കാൻ രംഗത്തിറങ്ങുമെന്ന കാര്യത്തിൽ സംശയമില്ല.

ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ നാട്ടുകാരോടും ഞങ്ങൾക്കുള്ള സ്നേഹാദരങ്ങൾ അറിയിക്കുകയാണ്. മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിൽ ഭാഗമാക്കായ ഓരോരുത്തരും സാമൂഹ്യനന്മയ്ക്കുവേണ്ടി തങ്ങളുടെ എളിയ പങ്ക് നിർവഹിച്ചതായി അഭിമാനിക്കാം. സ്വാർത്ഥതയും അഴിമിതിയും നിറഞ്ഞ ഈ ലോകത്ത് പരസ്പരസഹായത്തിൻെറയും സേവനസന്നദ്ധതയുടെയും പുതിയ പന്ഥാവ് വെട്ടിത്തുറക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല നാളിതുവരെ ഉണ്ടായ ജനങ്ങളുടെ സഹകരണം മേലിലും ഉണ്ടാവുമെന്നു പ്രതീക്ഷിക്കുകയാണ്. ഒരു നല്ല നാളെയ്ക്കുവേണ്ടി എല്ലാം മറന്നു നമുക്കു ഒത്തൊരുമയോടെ പ്രവർത്തിക്കാം.

എല്ലാവിധസഹായസഹകരണങ്ങൾക്ക് ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം
പി. എൻ. രവീന്ദ്രൻ
പ്രസിഡൻറ്

# ഭൂപ്രകൃതി








"ബ്രിട്ടീഷുകാരുടെ നുകത്തിൻകീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജ ഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെ ടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യ ത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്ര നാവുക എന്നതാണ് എന്നെ സംബന്ധിച്ചിട ത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടു ന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിത മാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാതാർത്ഥ്യമാകുന്നത്, അധികാരം ദുർവിനി യോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസര ത്തിൽ മാത്രമായിരിക്കും."

- ഗാന്ധിജി